# സുന്നി അഫ്കാർ

2011 ജൂൺ 15 | 12 റജബ് 1432 | പുസ്തകം 01 ലക്കം 39

22/നസീൽ ഇബ്റാഹീം കോടമ്പുഴ
അജ്മീർ ഖാജ
ആത്മനിർവൃതിയിലെ
നിത്യജ്യോതിസ്

25/ഹനീഫ് റഹ്മാനി പനങ്ങാങ്ങര
ഒരു വിശ്വസാഹിത്യകാരിയുടെ
ഇലാഹീബോധ്യങ്ങൾ/മൂന്ന്

29/എംഎ ജലീൽ സഖാഫി പുല്ലാര
അന്ത്യനാളിലുള്ള വിശ്വാസം

ഭൂട്ടാൻ
ചെറുതാണ് മനോഹരം

08



സികെ ഫൈസൽ പുത്തനഴി

തറവാട്ടുമുറ്റത്തെ
രണ്ടു സമുദായനോവുകൾ



11

വേങ്ങൂർ സ്വലാഹുദ്ദീൻ റഹ്മാനി

അരീക്കൽ ഇബ്റാഹീം മുസ്‌ലിയാർ
അറബി കാവ്യലോകത്തെ രണ്ടാം അരീക്കൽ

16



സലാം എം കൂട്ടാലുങ്ങൽ

വായനക്കാരുടെ എഴുത്തുകൾ
ഒറ്റനോട്ടം
സ്മരണ
വാർത്ത
വിചാരപഥം

വില 5 രൂപ
സമസ്താലയം, ചേളാരി
തേഞ്ഞിപ്പലം - 673 636
മലപ്പുറം ജില്ല, കേരള
ഫോൺ: 0494 2400938
sunniafkar@gmail.com

മാനേജിങ് ഡയറക്ടർ : പാണക്കാട് സയ്യിദ് ഹൈദറലി ശിഹാബ് തങ്ങൾ

**ചീഫ് എഡിറ്റർ**
പ്രൊഫ. കെ ആലിക്കുട്ടി മുസ്‌ലിയാർ
**എക്സിക്യൂട്ടീവ് എഡിറ്റർ**
പിപി മുഹമ്മദ് ഫൈസി
**എഡിറ്റർ**
വേങ്ങൂർ സ്വലാഹുദ്ദീൻ റഹ്മാനി

**എക്സിക്യൂട്ടീവ് ഡയറക്ടർ**
ഹാജി കെ മമ്മദ് ഫൈസി
**ജനറൽ മാനേജർ**
അബ്ദുസ്സമദ് പൂക്കോട്ടൂർ
**പബ്ലിഷർ**
എംപിഎം അസ്സൻ ശരീഫ് കുരിക്കൾ

**സർക്കുലേഷൻ**
സിപി ഇഖ്ബാൽ
**കവർ**
ശംസീർ
**ലേ-ഔട്ട്**
ഹമീദ് മേൽമുറി

## വായനക്കാരുടെ എഴുത്തുകൾ

കത്തുകൾ ഇ–മെയിലും ചെയ്യാം: editorsunniafkar@gmail.com



# നെറികേടുകൾ മാത്രം വായിക്കേണ്ടിവരുമ്പോൾ എവിടെയാണ് നന്മയുടെ നാമ്പുകൾ വളരുക?

**അബ്ദുല്ല**
മലപ്പുറം

**മാ**ലോകരുടെ പേടിസ്വപ്നമായി പത്രമാധ്യമങ്ങൾ അരങ്ങുതകർക്കുന്ന ഒരു പ്ലേ ഗ്രൗണ്ടിലാണ് നമ്മുടെ ജീവിതം. ഇന്നോ നാളെയോ നമ്മളും ഈ കളിക്കളത്തിലെ പന്തായി മാറേണ്ടിവരുമോ എന്ന ഭയചകിതമായ മനസ്സ് ഒരോരുത്തരെയും അലട്ടുന്നുണ്ട്. ഇന്ന് അവർ തട്ടിക്കളിക്കുന്നത് രാഷ്ട്രീയമെന്ന പന്താണെങ്കിൽ നാളെ യത് മതകീയവും മറ്റെന്നാൾ സാംസ്കാരികവുമൊക്കെയായി മാറാം. ഏതുതന്നെയായാലും അതിൽ തിമിർത്താടുകയാണ് മാധ്യമ പ്രവർത്തകരുടെ ലക്ഷ്യം. ഇത്തരം കിടമത്സരങ്ങളിൽ വിയർപ്പൊഴുക്കാൻ സമയം കണ്ടെത്തുകയാണ് അവർ. പക്ഷേ, ഇത്തരം ചിന്തകളുടെ ആവിർഭാവത്തോടെ നഷ്ടമാവുന്നത് ഇതിനിരകളാവുന്ന അന്തസുറ്റ ചില ജീവിതങ്ങളാണ്. എന്നാൽ മാധ്യമപ്രവർത്തനത്തിലൂടെ ഒരു നല്ല നാടിനെ, ഒരു നല്ല ദേശത്തെ, ഒരു നല്ല രാഷ്ട്രത്തെ വളർത്തിയെടുക്കാൻ കഴിയുമെന്ന് ചിലരെങ്കിലും ഓർക്കുന്നത് നന്ന്. അതിനു തെളിവാണ് ഈയടുത്ത് ചില മാധ്യമ പ്രവർത്തകർ ഒരു സെക്സ് റാക്കറ്റിനെ വലയിലാക്കുകയും നിയമപാലകരെ ഏൽപ്പിക്കുകയും ചെയ്തത്.

ആധുനികതയിൽ മാധ്യമങ്ങളുടെ സ്ഥാനം വളരെ വലുതാണ്. മനുഷ്യമനസ്സുകളുടെ അകത്തളങ്ങളിലേക്ക് ടെലിവിഷനിലൂടെ, പത്രമാധ്യമങ്ങളിലൂടെ എത്തുന്ന കാര്യങ്ങൾ ആഴത്തിൽ പതിയുന്നു. പത്രമാധ്യമങ്ങളിൽ ലേഖനങ്ങളെഴുതുന്നവരും എഡിറ്റ് ചെയ്യുന്നവരുമൊക്കെ ഇന്ന് പറയുന്നതിന് നേരെ എതിരാണ് നാളെ പറയുക. അതിന് അവർക്ക് യാതൊരു ലജ്ജയുമില്ല. കാരണം അവരുടെ ലക്ഷ്യം ലോകത്ത് നന്മയുണ്ടാക്കലല്ല, മറിച്ച് അവരുടെ പോക്കറ്റ് നിറക്കലാണ്. ലോകത്ത് പണത്തിന് മേൽക്കോയ്മയുള്ള കാര്യങ്ങൾക്കേ മുൻഗണനയുള്ളൂ. അതിന്റെ പ്രത്യാഘാതങ്ങളാണ് മാനവനെ ഇന്ന് അധഃപതനത്തിന്റെ മതിൽക്കെട്ടുകളിൽ തളച്ചിടാൻ കാരണം. സ്വപ്ന

സങ്കൽപ്പങ്ങളിൽ വിരാജിക്കാൻ കൊതിക്കുന്ന പത്രപ്രവർത്തകർ അന്യന്റെ ന്യൂനതകളെയും രഹസ്യങ്ങളെയും കൊട്ടിഘോഷിച്ച് നോട്ടുകെട്ടുകൾ കീശയിലാക്കുന്ന തിരക്കിലാണ്. കണ്ണിൽ ചോരയില്ലാത്ത ഇത്തരം നടപടികളെ നാം അവജ്ഞയോടെ തള്ളിയാൽ പോരാ, മറിച്ച് അതിനെതിരിൽ നീതിയുടെയും നന്മയിലൂടെയും മാർഗത്തിലൂടെ പൊരുതണം. ഇന്ന് പത്രത്തിന്റെ ഫ്രണ്ട് പേജിലേക്ക് സൂര്യനെത്തി നോക്കുമ്പോൾ കാണുന്നത്. ഒരു പീഡനത്തിന്റെ ചിത്രമാകാം. അല്ലെങ്കിൽ സ്ഫോടനത്തിന്റെ ചിത്രമാകാം. അതുമല്ലെങ്കിൽ അഴിമതിയാരോപണത്തിന്റെ ക്രൂരമ്പുകൾ തറച്ച രാഷ്ട്രീയക്കാരന്റെ കളർഫുൾ ഫോട്ടോയാകാം. ഒരു മനുഷ്യന്റെ ചിന്താമണ്ഡലങ്ങളിലേക്ക് എന്നും ആദ്യമെത്തുന്നത് ഇത്തരം വാർത്തകളാണ്. ഇത്തരത്തിലുള്ള ഒരു സമൂഹം എങ്ങനെയാണ് അവന്റെ ബോധമനസ്സിൽ നന്മയുടെ നാമ്പുകൾ വളരുക. ഇതിൽ നിന്നൊക്കെ ഒരു മാറ്റം ആവശ്യമല്ലേ? നമ്മുടെ വീടും നാടും നഗരവുമെല്ലാം നന്നാവണ്ടേ? അതിനുവേണ്ടി മാധ്യമരംഗങ്ങൾ ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ അതാണ് ഒരു മാധ്യമപ്രവർത്തകന്റെ വിജയം.

ലോകത്തിന്റെ മുക്കുമൂലകളിൽ പത്രമാധ്യമങ്ങളുടെ ചലനങ്ങൾ എത്തുന്നുണ്ട്. അവർ എന്തുതന്നെ എഴുതിയാലും പറഞ്ഞാലും ജനങ്ങൾ അതൊക്കെ അറിയുന്നുണ്ട്. ബാബ്‌രി മസ്ജിദ് തകർക്കപ്പെട്ടപ്പോൾ മുതൽ അതിന്റെ കേസ് വിധി വരുന്നത് വരെ സീസൺ കണക്കെ കൊട്ടിഘോഷിച്ചവരാണ് മാധ്യമലോകം. തീർന്നില്ല, രാഷ്ട്രീയ നേതൃത്വത്തിൽ പല ആളുകൾക്കും തെറ്റുപറ്റിയിട്ടുണ്ട്, ഇനിയും അത് സംഭവിക്കാം. പക്ഷേ, അതിൽ നിരപരാധികളും ഉണ്ട്.

ഏത് കേസിന്റെയും ചുരുളഴിയുന്നത് ഇവർക്ക് മുമ്പിലാണ്. ഈയടുത്ത് സൗമ്യയെന്ന പാവം പെണ്ണിനെ ട്രെയിനിൽ നിന്ന് തള്ളിയിട്ട് പീഡിപ്പിച്ചതിന്റെ വാർത്തകൾ ചൂടപ്പം പോലെയാണ് വിറ്റുപോയത്. ഇക്കഴിഞ്ഞ ജപ്പാനിലെ സുനാമിയെപ്പോലും ഭയക്കാതെ, അതിൽ പാഠമുൾക്കൊള്ളാതെ അതിനെതിരെ ഹാസ്യകാർട്ടൂണുകൾ രചിക്കാൻ ഇവർക്ക് കഴിഞ്ഞില്ലേ? ഇങ്ങനെ എത്രയെത്ര സംഭവങ്ങൾ. ഇതെല്ലാം ഒരു പത്രത്തിന്റെ മുൻപേജിൽ അച്ചടിച്ചു വരുന്നു. അല്ലെങ്കിൽ ടിവിയിൽ ഫ്ളാഷ് ന്യൂസായി കടന്നുവരുന്നു.

ഈ സ്ഥിതിഗതികൾ കാരണം ലോകത്തിന്റെ മാറ്റം മാധ്യമപ്രവർത്തനങ്ങളിലൂടെ സാധ്യമാവണം. അങ്ങനെ പല മാധ്യമപ്രവർത്തകരും കഴിഞ്ഞുപോയിട്ടുണ്ട്. അവരുടെ പാതകൾ കാടുപിടിച്ചിരിക്കുകയാണ്. ആ വഴിയിലൂടെ സഞ്ചരിച്ചവർക്ക് ഇന്ത്യാ മഹാരാജ്യത്ത് നാനാത്വത്തിൽ ഏകത്വമെന്ന സുന്ദരമായ ആശയം വിളയിക്കാൻ കഴിഞ്ഞിരുന്നു. പേപ്പറുകളിലൊതുങ്ങാതെ പ്രവർത്തനങ്ങളിലേക്ക് പദ്ധതികൾ നീങ്ങിയിരുന്നു. അതായിരുന്നു മാധ്യമത്തിന്റെ ധർമ്മം; പ്രവർത്തകരുടെ ധർമം. ഇങ്ങനെ പല മാറ്റങ്ങൾക്കുള്ള ചുക്കാൻ പിടിക്കാൻ ഇവർക്ക് കഴിയുമായിരുന്നിട്ടും എന്തിനാണ് സാധാരണക്കാരന്റെ ജീവിതം കുട്ടിച്ചോറാക്കുന്നത് എന്നറിയില്ല.

## 'എൻഡോസൾഫാൻ' അഫ്കാറിന്റെ ഇടപെടൽ ശ്രദ്ധേയം

പ്രകൃതിക്ക് നേരെയുള്ള കയ്യേറ്റങ്ങൾക്കെതിരെ ആഗോളതലത്തിൽ വരെ ഇന്ന് ഏറ ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. എൻഡോസൾഫാന്റെ നിരോധനത്തിനുവേണ്ടിയുള്ള മുറവിളികളെ നാം കണ്ടറിഞ്ഞതാണ്. സ്വാർത്ഥ താൽപര്യങ്ങളെ സംരക്ഷിക്കാൻ വേണ്ടി കുത്തകകമ്പനികളുടെ പക്ഷത്ത് ചേർന്നുള്ള ഇന്ത്യാ ഗവൺമെന്റ് ലോകത്തിന് മുന്നിൽ തന്നെ പരിഹാസ്യരായതും പിന്നീട് നിലപാടുകൾ മാറ്റേണ്ടിവന്നതും മറക്കാനായിട്ടില്ല. എൻഡോസൾഫാനെക്കുറിച്ചുള്ള അഫ്കാറിലെ ലേഖനം അവസരോചിതമായി.

പ്രകൃതിയും അതിലെ മുഴുവനും മനുഷ്യസമൂഹത്തിന് വേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടതെങ്കിലും അനിയന്ത്രിതമായി ഒരു തരത്തിലുള്ള ഇടപാടും പ്രകൃതിയുമായി പാടില്ലെന്നാണ് ഇസ്‌ലാമിന്റെ നിലപാട്. ഇത്തരം നിലപാടുകൾ പ്രവൃത്തിപഥത്തിലേക്ക് കൊണ്ടുവരികയെന്നത് മാത്രമാണ് ഇന്ന് പ്രകൃതിയെ രക്ഷിക്കാനുള്ള ഒരേയൊരു മാർഗം. പരിസ്ഥിതി സംരക്ഷണത്തിന്റെ ഇസ്‌ലാമിക കാഴ്ചപ്പാടുകൾ വിലയിരുത്തികൊണ്ടുള്ള ലേഖനം കപട പരിസ്ഥിതി വാദികളെ ഇരുത്തിച്ചിന്തിപ്പിക്കുന്നതാണ്.

*-സാദിഖലി മൊറയൂർ*

## മലപ്പുറത്തിനെതിരെ ആരോപണമുന്നയിച്ചവർ മാളത്തിലൊളിച്ചോ?

മലപ്പുറം ജില്ല ഇന്നു വിദ്യാഭ്യാസ രംഗത്ത് പുതുയുഗപ്പിറവിയിലാണ്. ചരിത്രപരമായ കാരണങ്ങൾകൊണ്ട് പിന്നാക്കം പോയിരുന്ന ഒരു തലമുറയുടെ പിൻഗാമികൾ ഇന്ന് രാഷ്ട്രപ്രതാപത്തെ വീണ്ടെടുക്കുമെന്ന ഉറച്ച പ്രതിജ്ഞയെടുത്ത് പ്രവർത്തനഗോഥയിലാണ്. എതിന്റെ ഏറ്റവും പുതിയ ഉദാഹരണങ്ങളാണ് എൻട്രൻസ് പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ഇർഫാനും നാട്ടിൻപുറത്ത് നിന്ന് പഠിച്ചു വളർന്ന് ഐ.എ.എസ് നേടിയ മുഹമ്മദലി ശിഹാബുമെല്ലാം. ഇനിയുമെത്രയോ ഉദാഹരണങ്ങൾ നമുക്ക് ചൂണ്ടിക്കാണിക്കാനാവും. കോപ്പിയടിച്ച് വിജയിക്കുന്നുവെന്ന് ആരോപണമുന്നയിച്ചവർ ഇന്ന് മാളത്തിലൊളിക്കേണ്ട ഗതികേടിലാണ്. ഇത്തരം ചരിത്രപരമായ പിന്നാക്കത്തെ തിരിച്ചറിഞ്ഞ് പുതുതലമുറയുടെ മുന്നാക്കത്തെ തുറന്നുകാട്ടിയുള്ള സലീം കുരുവമ്പലത്തിന്റെ മലപ്പുറം എഴുന്നേറ്റു നിൽക്കാൻ തുടങ്ങുന്നു എന്ന ലേഖനം ഏറെ പ്രസക്തവും കാലികവുമാണ്. ഇത്തരം ശ്രമങ്ങൾക്ക് സുന്നി അഫ്കാറിന്റെ അണിയറ ശിൽപികൾക്ക് അഭിനന്ദനമർഹിക്കുന്നു.

*-സൽമാനുൽ ഫാരിസ് മാട്ടറ*

## കാലണയല്ല കാലുറുപ്പികയാണ്

2001 ജൂൺ ലക്കം വിചാരപഥത്തിൽ 'കാലണ'(25 പൈസ) എന്നത് 'കാലുറുപ്പിക'(25 പൈസ) എന്നായിരുന്നു വേണ്ടത് എന്നുണർത്തുവാനാണ് ഈ കുറിപ്പ്. ഒരണ-6 പൈസ, ഒരുറുപ്പിക 100 പൈസ്=16 അണ. 'കാലണയും പോയി' എന്ന തലവാചകം എഡിറ്റോറിയൽ സ്റ്റാഫ് ശ്രദ്ധിക്കാതെ പോയത് ശരിയല്ലെന്നറിയിക്കേണ്ടിവന്നതിൽ ഖേദിക്കുന്നു.

*-മൊയ്തീൻ പി തുവ്വൂർ*

# സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡ്

**സമസ്താലയം, ചേളാരി, പി.ഒ. തേഞ്ഞിപ്പലം – 673 636**

PHONE: 0494 2401262, 0494 2401263. FAX: 0494 2400256

സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡിൽ നിന്നും മദ്റസാ ഭാരവാഹികളേയും,
മുഅല്ലിംകളേയും, റെയിഞ്ച് ജംഇയ്യത്തുൽ മുഅല്ലിമീൻ ഭാരവാഹികളേയും അറിയിക്കുന്നത്

*മാന്യരേ, അസ്സലാമുഅലൈക്കും.*

ഈ വർഷം(2011) പൊതുപരീക്ഷാ ക്ലാസുകളിൽ (5,7,10,+2) സേവനമനുഷ്ഠിക്കുന്ന അധ്യാപകരുടെ വിവരങ്ങളും ഫോട്ടോയും ആവശ്യപ്പെടിരുന്നുവല്ലോ. എത്തിക്കാത്തവരുണ്ടെങ്കിൽ താമസിയാതെ എത്തിക്കണമെന്നുണർത്തുന്നു. കൂടാതെ മുഴുവൻ മുഅല്ലിംകൾക്കും സ്ഥിരം ഐഡന്റിറ്റികാർഡ് തയ്യാറാക്കുന്നതിന് വേണ്ടി എല്ലാക്ലാസിലെയും അധ്യാപകർ ഈ പേജ് പകർപ്പെടുത്ത് പൂരിപ്പിച്ചു 2011 ജൂൺ 30-ാം തിയ്യതിക്ക് മുമ്പായി ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം ഓഫീസിൽ എത്തിക്കണമെന്നറിയിക്കുന്നു.

**എന്ന്,**

*പി.കെ.പി.അബ്ദുസ്സലാം മുസ്‌ലിയാർ (ഒപ്പ്)*
*ജനറൽസെക്രട്ടറി, S.K.I.M.V.Board*

NB ഫോറം www.samastha.net എന്ന സൈറ്റിൽനിന്നും ലഭിക്കും

ഫോട്ടോ
ഇവിടെ പതിക്കുക

പേരും ഇനീഷ്യലും :....................................................................................................

ജനന തിയ്യതി :........................................

പിതാവിന്റെ പേര് :....................................................................................................

വീട്ടുപേര് :....................................................................................................

സ്ഥലം::....................................................................................................

പോസ്റ്റ് :.................................................................... വഴി:....................................................................

ജില്ല :....................................................................സംസ്ഥാനം:....................................................................

എം.എസ്.ആർ. നമ്പർ :............................................................ ബ്ലഡ് ഗ്രൂപ്പ് :............................................................

മൊബൈൽ നമ്പർ :....................................................................................................

ജോലി ചെയ്യുന്ന മദ്റസയുടെ പേര്:....................................................................................................

മദ്റസയുടെ അംഗീകരണ നമ്പർ:............................ പഠിപ്പിക്കുന്ന ക്ലാസ് :............................................................

സ്ഥലം :...................................................... പോസ്റ്റ് :.......................................... റെയിഞ്ച് :........................................

*അധ്യാപകന്റെ പേരും ഒപ്പും:*....................................................................................................

*മദ്റസാ കമ്മിറ്റി പ്രസിഡണ്ട്/സെക്രട്ടറി (പേരും ഒപ്പും):*....................................................................

**ഓഫീസ് ഉപയോഗത്തിന്**

Identity Card No. :

Division:....................................... No:.................. Range:................................................No...........

Madrassa:....................................................................Reg.No................ C.No.............. Class..........

ഒറ്റൊന്ന്

• പാണക്കാട് സയ്യിദ് ബശീറലി ശിഹാബ് തങ്ങൾ
*basheeralithangal@gmail.com*

# മതം ഗുണകാംക്ഷയാണ്

സഹജീവികൾക്ക് ഗുണം കാംക്ഷിക്കുക എന്നത് മുസ്ലിമിന്റെ പ്രഥമ ബാധ്യതയും സർവ്വോപരി ഇസ്ലാമിക സമൂഹത്തിന്റെ സന്തുലിതത്വത്തിന്റെ ഒന്നാമത്തെ പടിയുമാണ്. ആരോഗ്യപൂർണ്ണമായ സമൂഹത്തിന്റെ നാനോന്മുഖ നിലനിൽപ്പിന് പരസ്പര ഗുണകാംക്ഷയുടെ സാമൂഹിക പ്രാധാന്യത്തെക്കുറിച്ച് നിരവധി പഠനങ്ങൾ തന്നെ നടന്നിട്ടുണ്ട്. കാരണം, സമൂഹം വ്യക്തികളുടെ കൂട്ടായ്മയാണ്. വൈയക്തിക നന്മകൾ സമൂഹത്തിന്റെ പൊതു നന്മയുടെയും വ്യക്തിപരമായ തിന്മകൾ പൊതുവായ തിന്മയുടെയും നിദാനമാണ്. അതിനാൽ സമൂഹത്തിന്റെ താഴെ തട്ടിലുള്ള നന്മതിന്മകളാണ് സമൂഹോപരിതലത്തെ നിർണയിക്കുന്നത്.

തനിക്ക് ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനു വേണ്ടിയും ഇഷ്ടപ്പെടാത്തവൻ സത്യവിശ്വാസത്തിന്റെ പരിപൂർണ്ണത കൈവരിച്ചിട്ടില്ലെന്ന് മുഹമ്മദ് നബി(സ്വ). അല്ലാഹുവോടും റസൂലിനോടും മുസ്ലിം ജനസാമാന്യത്തോടുമുള്ള ഗുണകാംക്ഷയാണ് മതം എന്ന് വിശുദ്ധ ഹദീസ്. മറ്റു മത-സംസ്കാരങ്ങളിൽനിന്ന് വിഭിന്നമായി ബഹുസ്വരതക്കും നാനാത്വത്തിനും അതീതമായി ഏക ദൈവ വിശ്വാസം എന്ന ദൃഢപാശത്താൽ ബന്ധിതമായ മുസ്ലിം ഉമ്മയുടെ സദ്ഗുണങ്ങളിൽ പ്രധാനമാണ് പരസ്പര ഗുണകാംക്ഷാമനോഭാവം എന്ന് പരിശുദ്ധ ഖുർആനിൽ ഉടനീളം തെളിഞ്ഞുകാണാം.

ഒരു ഉത്തമ സമൂഹം നിങ്ങളിൽനിന്ന് പിറവിയെടുക്കട്ടെ! അല്ലാഹുവിൽ വിശ്വസിക്കുകയും നന്മ തിന്മകൾ കൊണ്ട് പരസ്പരം ഗുണകാംക്ഷ നടത്തുന്നവരാണ് അവരെന്ന് സൂറത്തു ആലു ഇംറാൻ. തങ്ങളുടെ തൗറാത്തിലും ഇഞ്ചീലിലും ഉല്ലേഖിതമായ, നന്മ തിന്മകൾ കൊണ്ട് ഗുണകാംക്ഷ നടത്തുകയും പാപത്തിന്റെ ചങ്ങലക്കെട്ടുകളിൽ നിന്ന് മോചനം നൽകി പാപഭാരത്തിൽനിന്ന് മോക്ഷം നൽകുകയും ചെയ്യുന്ന പ്രവാചകരെ പിൻപറ്റുന്നവരാണവരെന്ന് പൂർവ്വഗാമികളായ സമുദായത്തെ കുറിച്ച് സൂറത്തുൽ അഅ്റാഫിൽ അല്ലാഹു വിവരിക്കുന്നു.

എന്നാൽ, ഇതേ അധ്യായത്തിൽ തന്നെ ചരിത്രത്തിനെന്നും പാഠമായ അതിദാരുണമായ ഒരു ദുരന്തകഥ സവിസ്തരം അല്ലാഹു പ്രതിപാദിക്കുന്നുണ്ട്. ശനി ദിവസം മത്സ്യബന്ധനം നിരോധിച്ചുകൊണ്ടുള്ള ദൈവിക കൽപനയെ ധിക്കരിച്ചതിന് വാനരൻമാരായി രൂപഭേദം ചെയ്യപ്പെട്ട ഹതഭാഗ്യരുടെ കഥ. "കടലിനോട് തൊട്ടുരുമ്മി നിൽക്കുന്ന ആ ഭൂപ്രദേശത്തെക്കുറിച്ച് നിങ്ങൾ അവരോട് ചോദിക്കുക. (മത്സ്യബന്ധനം നിരോധിച്ച) ശനി ദിവസം അവർക്കടുത്തേക്ക് മീനുകൾ കൂട്ടം കൂട്ടമായി നീന്തിയെത്തുകയും ഇതര ദിവസങ്ങളിൽ മീനുകൾ വരാതിരിക്കുകയും ചെയ്ത സന്ദർഭം. അങ്ങനെ നാമവരെ പരീക്ഷിച്ചു..."

ഈ ദുരന്തകഥയുടെ പര്യവസാനം അല്ലാഹു വിവരിക്കുന്നു: "അങ്ങനെ നമ്മുടെ കൽപന ലംഘിച്ച അക്രമികളോട് നാം കൽപ്പിച്ചു: "നിങ്ങൾ അഭിശപ്ത വാനരക്കൂട്ടമായി രൂപാന്തരപ്പെടുക." ഈ അഭിശപ്ത സമൂഹം ഭൂലോകത്തു നിന്നും തുടച്ചുനീക്കപ്പെടാൻ ഏറെക്കാലം വേണ്ടിവന്നില്ല എന്നത് ചരിത്രം ലോകത്തോട് വിളിച്ചുപറയുന്ന വസ്തുതയാണ്. എന്നാൽ ഈ ചരിത്രസംഭവത്തിൽ മൂർച്ചയേറിയ വിചിന്തനങ്ങൾക്ക് വഴിമരുന്നിടുന്ന നിരവധി വസ്തുതകളുണ്ട്. ശിക്ഷിത സമൂഹത്തിൽ രൂപപ്പെട്ട മനസാന്തരങ്ങളും അവരിലെ വ്യത്യസ്ത അഭിപ്രായങ്ങളും അവരുടെ അന്ത്യത്തെ എങ്ങനെ ബാധിച്ചു എന്നാണത്. അഥവാ, ഈ സമൂഹത്തിലെ മൂന്നു മനഃസ്ഥിതികൾ: ഒന്ന്, കുറ്റവാളികളെ തെറ്റിൽ നിന്നും പിന്തിരിപ്പിക്കാൻ രൂപപ്പെട്ട ഒരുകൂട്ടം ഗുണകാംക്ഷികൾ. രണ്ട്, തങ്ങളുടെ സമൂഹത്തിന്റെ അപകടാവസ്ഥയിൽ വ്യഥപൂണ്ട് മൗനം ദീക്ഷിച്ച് തെറ്റുകളോട് പുറംതിരിഞ്ഞുനിന്നവർ. മൂന്ന്, കുറ്റവാളികളുടെ തെറ്റിനോട് അനുഭാവം പുലർത്തുകയോ അതിനെ പരോക്ഷമായി പിന്തുണക്കുകയോ ചെയ്ത കുറ്റകരമായ മൗനം ദീക്ഷിച്ചവർ. ഇവരിൽ ആദ്യ രണ്ടു വിഭാഗം ശിക്ഷയിൽനിന്ന് രക്ഷപ്പെടുകയും മൂന്നാം വിഭാഗം ശിക്ഷയിലകപ്പെടുകയും ചെയ്തു. ഗുണകാംക്ഷ സമൂഹ സന്തുലിതത്വത്തിന്റെ ആണിക്കല്ലാണെന്ന വസ്തുത അടിവരയിട്ട് പ്രഖ്യാപിക്കുകയാണ് ഈ ചരിത്രസംഭവം.

നിങ്ങൾ പരസ്പര ഗുണകാംക്ഷാ മനോഭാവം വച്ചു പുലർത്തുന്നില്ലെങ്കിൽ അല്ലാഹു നിങ്ങളെ ഭൂലോകത്ത് പൊറുപ്പിക്കില്ലെന്ന് മുഹമ്മദ് നബി(സ്വ). "കാലം സാക്ഷി! മനുഷ്യരാശി ഒന്നടങ്കം നാശത്തിലാണ്. വിശ്വസിച്ചവരും, നന്മ ചെയ്തവരും ഗുണകാംക്ഷ നടത്തിയവരുമൊഴികെ" എന്ന് വിശുദ്ധ ഖുർആൻ.



# ഭൂട്ടാൻ ചെറുതാണ് മനോഹരം

അതിരുകൾക്കപ്പുറം

● **സികെ ഫൈസൽ പുത്തനഴി**

**പ**ട്ടികളുടെ മോങ്ങലാണ് ഭൂട്ടാനിലെ എന്റെ ആദ്യ പ്രഭാതത്തെ ഉണർത്തിയത്. അതൊഴിച്ചാൽ എന്റെ മുറിയോടടുത്ത മുഖ്യ നഗരചത്വരം നിശ്ശബ്ദവും ശൂന്യവുമാണ്. നീലാകാശത്തിൽ വലിയ പൂർണ്ണചന്ദ്രൻ സുവർണ്ണ പർവതങ്ങൾക്കുമേൽ ഇരിപ്പുറപ്പിച്ചിരിക്കുന്നു. പടിഞ്ഞാറ് മഞ്ഞലകൾ കുന്നുകൾക്കിടയിൽ ഒളിച്ചുകളിച്ചു; അയാഥാർത്ഥ്യഭാവം ഒന്നുകൂടി ഉയർത്താൻ എന്ന മട്ടിൽ... തലസ്ഥാനമായ തിംഫു, ഭൂട്ടാനിലെ നിലവാരമനുസരിച്ച് അലറുന്ന ജനനിബിഡമായ ജ്വരബാധിതമായ ഒരു മഹാനഗരമാണ്. പക്ഷേ മറ്റുള്ളവർക്ക് അത് ശാന്തിയുടെ മഹാത്ഭുതവും!

-പിക്കോ അയ്യർ
Falling off the Map

യുദ്ധങ്ങൽ, ആഭ്യന്തര കലാപങ്ങൾ, സാമ്പത്തിക പ്രതിസന്ധികൾ എന്നിവകൊണ്ട് മുഖരിതമാണ് വർത്തമാന ലോകം അതോടൊപ്പം സമാന്തരമായി അതിസമ്പന്നതയും അത്ഭുതകരമായ സാങ്കേതിക മുന്നേറ്റങ്ങളും. വൻ ജനസഞ്ചയം ദാരിദ്ര്യ പീഡ അനുഭവിക്കുമ്പോൾ ഒരു ചെറിയ മൈക്രോസ്കോപ്പിക്ക് ന്യൂനപക്ഷം അതിസമ്പന്നതയാൽ വീർപ്പുമുട്ടുന്നു. ഷേക്ക്സ്പിയർ ജീവിതത്തെ പറ്റി പറഞ്ഞത് അർത്ഥവത്തായി മാറുന്നു: “ life is a tale told by an idiot, full of sound and fury signifying nothing ” (ജീവിതം ഏതോ വിഡ്ഢി പറഞ്ഞ കെട്ടുകഥയാണ്. ശബ്ദകോലാഹലവും രൗദ്രവും നിറഞ്ഞ, അകക്കാമ്പില്ലാത്ത കെട്ടുകഥ) ‘മനുഷ്യൻ ആകാശത്ത് പക്ഷികളെ പോലെ പറക്കാനും കടലിൽ മത്സ്യത്തെ പോലെ നീന്താനും പഠിച്ചെങ്കിലും ഭൂമിയിൽ





*ഇ.എഫ് ഷൂമേക്കർ, ജിഗ്മെ ഖേസർ നംഗ്യാർ, മാർട്ടിൻ ലൂഥർ കിംഗ്*

**രാജാവ് മുതൽ സാധാരണ കർഷകൻ വരെ എല്ലാവരും പരമ്പരാഗത വസ്ത്രങ്ങളാണ് അണിയുന്നത്. മുട്ടു വരെ ഇറക്കമുള്ള 'ഘോ' ആണ് പുരുഷ വേഷം. കേര എന്ന തുണിനാട കൊണ്ട് അത് അരയിൽ മുറുക്കി കെട്ടുന്നു. പാശ്ചാത്യ വസ്ത്രധാരണ രീതി നിയമം മൂലം നിരോധിക്കപ്പെട്ടിരിക്കുകയാണ്. 2004-ൽ പുകയിലയുടെ ഉത്പാദനവും ഉപഭോഗവും പൂർണമായി നിരോധിച്ചു**

മനുഷ്യനെ പോലെ ജീവിക്കാൻ മറന്നുപോയി' എന്ന മാർട്ടിൻ ലൂഥർ കിംഗിന്റെ വാക്കുകൾ നമ്മുടെ ലോകത്തെ ശരിയായി വിശദീകരിക്കുന്നു. എന്നാൽ ഈ ബഹളങ്ങളിൽ നിന്നെല്ലാം അകന്ന് പരമ്പരാഗത ആത്മീയ മൂല്യങ്ങളിൽ ഊന്നിയ ജീവിതശൈലി സ്വീകരിച്ച ഒരു രാജ്യമാണ് ഭൂട്ടാൻ. ആരംഭത്തിൽ ഉദ്ധരിച്ച യാത്രാ വിവരണത്തിൽ നിന്നു-പിക്കോ അയ്യരുടെ Falling off the Map എന്ന കൃതിയിൽ നിന്ന്-തന്നെ ഭൂട്ടാന്റെ ലളിതവും ശാന്തവുമായ ജീവിതരീതി മനസ്സിലാക്കാം.

മറ്റു രാഷ്ട്രങ്ങൾ തങ്ങളുടെ മൊത്ത ആഭ്യന്തര ഉത്പാദനം (Gross Domestic Product) വികസന സൂചകമായി അവതരിപ്പിക്കുമ്പോൾ, ഭൂട്ടാൻ മൊത്ത ആഭ്യന്തര സന്തുഷ്ടി ( Gross Natioanal Happiness) യാണ് മുന്നോട്ട് വെക്കുന്നത്. പരമ്പരാഗത ബുദ്ധമത മൂല്യങ്ങളിൽ ഊന്നിയ ഈ സൂചകം ഭൂട്ടാന്റെ മാത്രം പ്രത്യേകതയാണ്. ഇ.എഫ് ഷൂമേക്കർ (E.F Schumacher ) തന്റെ Small is Beautiful: A study of Economics As if People Mattered എന്ന കൃതിയിൽ അവതരിപ്പിച്ച ആശയങ്ങൾ പ്രായോഗിക തലത്തിൽ നടപ്പിലാക്കിയത് ഭൂട്ടാനാണ്. ഷൂമേക്കറുടെ ബുദ്ധിസ്റ്റ് സാമ്പത്തിക ശാസ്ത്രം ധാർമ്മികതയ്ക്കും തത്വാധിഷ്ഠിത ജീവിതായോധനത്തിനും പ്രാധാന്യം നൽകുന്നു.

പാശ്ചാത്യ സംസ്ക്കാരത്തിന്റെ തള്ളിക്കയറ്റത്തെ പ്രതിരോധിച്ചുകൊണ്ടിരിക്കുന്ന രാഷ്ട്രമാണ് ഭൂട്ടാൻ. 1999-ൽ മാത്രമാണ് ടെലിവിഷൻ ഭൂട്ടാനിൽ അനുവദിച്ചത്. വിലക്ക് നീക്കികൊണ്ടുള്ള പ്രസംഗത്തിൽ അന്നത്തെ രാജാവ് ജിഗ്മേ സിംഗിയേ വാങ്ങ്ചുക്ക് ഭൂട്ടാന്റെ മൂല്യങ്ങൾ തകരാതെ നോക്കണമെന്ന് ആഹ്വാനം ചെയ്തിരുന്നു. 1972-ൽ രാജാവ് ജിഗ്മേ സിംഗിയേ വാങ്ങ് ചുക്ക് അവതരിപ്പിച്ച ആഭ്യന്തര സന്തുഷ്ടി എന്ന സങ്കൽപത്തിൽ സാമ്പത്തിക പുരോഗതിയെക്കാൾ ആത്മീയ പുരോഗതിക്കാണ് പ്രാധാന്യം നൽകുന്നത്. പ്രകൃതിയെയും പരിസ്ഥിതിയെയും സംരക്ഷിക്കുക എന്നതും ഭൂട്ടാനീസ് സംസ്ക്കാരത്തിന്റെ ഭാഗമാണ്. മൊത്തം ഭൂപ്രദേശത്തിന്റെ 64 ശതമാനം വനമാണ് ഈ രാജ്യത്ത്.

എട്ടാം നൂറ്റാണ്ടിലാണ് ഇന്ത്യയിൽ നിന്ന് ബുദ്ധമതം ഭൂട്ടാനിൽ എത്തുന്നത്. ഗുരുപദ്മസംഭാവൻ (ഗുരു റിംപോച്ചെ)യാണ് ഭൂട്ടാനിലേക്ക് വജ്രായന ബുദ്ധമതം കൊണ്ടുവന്നത്. മതമേതായാലും ആത്മീയവും സാംസ്കാരികവുമായ ഗരിമ ഭൂട്ടാൻ എന്നും സൂക്ഷിച്ചിട്ടുണ്ട്. വസ്ത്രധാരണത്തിൽ പോലും ഭൂട്ടാൻ അതിന്റെ തനിമ ഉയർത്തിപ്പിടിക്കുന്നു. രാജാവ് മുതൽ സാധാരണ കർഷകൻ വരെ എല്ലാവരും പരമ്പരാഗത വസ്ത്രങ്ങളാണ് അണിയുന്നത്. മുട്ടു വരെ ഇറക്കമുള്ള 'ഘോ' ആണ് പുരുഷ വേഷം. കേര എന്ന തുണിനാട കൊണ്ട് അത് അരയിൽ മുറുക്കി കെട്ടുന്നു. പാശ്ചാത്യ വസ്ത്രധാരണ രീതി നിയമം മൂലം നിരോധിക്കപ്പെട്ടിരിക്കുകയാണ്. 2004-ൽ പുകയിലയുടെ ഉത്പാദനവും ഉപഭോഗവും പൂർണമായി നിരോധിച്ചു.

1907-ൽ ഉഗ്യേൻ വാങ്ങ്ചുക്ക് സ്ഥാപിച്ച രാജവംശമാണ് ഭൂട്ടാൻ ഭരിക്കുന്നത്. ബ്രൂണോയ് രാജവംശത്തെ പോലെ സമ്പന്നരോ ബ്രിട്ടീഷ് രാജ

**മുപ്പതുകാരനായ ഇദ്ദേഹത്തിന്റെ രാജകീയ വിവാഹമാണ് ഏറെക്കുറെ വിസ്മൃതമായ ഈ ഹിമാലയൻ രാജ്യത്തെ ലോക ശ്രദ്ധയിലേക്ക് ഇപ്പോൾ കൊണ്ടുവന്നത്. ബ്രിട്ടനിലെ രാജകുമാരനായ വില്യമിന്റെ രാജകീയ വിവാഹത്തിന്റെ പകിട്ടൊന്നും ഇതിനില്ല. ഈ രണ്ടു രാജകീയ വിവാഹങ്ങൾ രാജവാഴ്ച (Monarchy) യുടെ ആവശ്യകതയെ അല്ലെങ്കിൽ അനാവശ്യകതയെ പറ്റിയുള്ള ചർച്ചക്ക് കാരണമായി. ഏതു ഭരണ സംവിധാനവും (രാജവാഴ്ച, പ്രഭുവാഴ്ച, ജനാധിപത്യം) അത് ജന താൽപര്യത്തിനു പ്രാധാന്യം നൽകുകയാണെങ്കിൽ ക്രമാനുസാരവും സ്വാർത്ഥമായ വ്യക്തി/വർഗ താൽപര്യങ്ങൾക്ക് അനുസ്യൂതമാകുമ്പോൾ ക്രമവിരുദ്ധവുമാണെന്ന് ഗ്രീക്ക് ചിന്തകനും രാഷ്ട്രതന്ത്രത്തിന്റെ പിതാവുമായ അരിസ്റ്റോട്ടിൽ നിരീക്ഷിക്കുകയുണ്ടായി**

വംശത്തെ പോലെ പ്രശസ്തരോ അല്ല ഭൂട്ടാന്റെ രാജകുടുംബം. എന്നാൽ, ജനസമ്മിതിയുടെ കാര്യത്തിൽ ലോകത്തെ ഏതു രാജവംശത്തെക്കാളും മുമ്പിലാണ് വാങ്ങ്ചുക്ക് രാജവംശം. നേപ്പാളിലെ അവസാനത്തെ രാജാവ് ജ്ഞാനേന്ദ്ര സ്വന്തം ജനതയുമായി ഏറ്റുമുട്ടി അധികാരഭ്രഷ്ടനായപ്പോൾ ഭൂട്ടാനിലെ രാജാവ് ജിഗ്മെ സിംഗിയേ വാങ്ങ്ചുക്ക്. സ്വയമേവ അധികാരം ജനങ്ങൾക്ക് കൈമാറുകയായിരുന്നു. ഭൂട്ടാൻ പാർലമെന്റ് (ഷോഗ്ഡു) അധികാരം തിരിച്ചെടുക്കാൻ രാജാവിനോട് ആവശ്യപ്പെട്ടെങ്കിലും അദ്ദേഹം തീരുമാനത്തിൽ ഉറച്ചുനിന്നു.

ലോകത്തിൽ അധികാരത്തിലിരിക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ രാജാവാണ് ഇപ്പോഴത്തെ രാജാവായ ജിഗ്മേ ഖേസർ നംഗ്യാൽ വാങ്ങ്ചുക്ക്. മുപ്പതുകാരനായ ഇദ്ദേഹത്തിന്റെ രാജകീയ വിവാഹമാണ് ഏറെക്കുറെ വിസ്മൃതമായ ഈ ഹിമാലയൻ രാജ്യത്തെ ലോക ശ്രദ്ധയിലേക്ക് ഇപ്പോൾ കൊണ്ടുവന്നത്. ബ്രിട്ടനിലെ രാജകുമാരനായ വില്യമിന്റെ രാജകീയ വിവാഹത്തിന്റെ പകിട്ടൊന്നും ഇതിനില്ല. ഈ രണ്ടു രാജകീയ വിവാഹങ്ങൾ രാജവാഴ്ച (Monarchy) യുടെ ആവശ്യകതയെ അല്ലെങ്കിൽ അനാവശ്യകതയെ പറ്റിയുള്ള ചർച്ചക്ക് കാരണമായി. ഏതു ഭരണ സംവിധാനവും (രാജവാഴ്ച, പ്രഭുവാഴ്ച, ജനാധിപത്യം) അത് ജന താൽപര്യത്തിനു പ്രാധാന്യം നൽകുകയാണെങ്കിൽ ക്രമാനുസാരവും സ്വാർത്ഥമായ വ്യക്തി/വർഗ താൽപര്യങ്ങൾക്ക് അനുസ്യൂതമാകുമ്പോൾ ക്രമവിരുദ്ധവുമാണെന്ന് ഗ്രീക്ക് ചിന്തകനും രാഷ്ട്രതന്ത്രത്തിന്റെ പിതാവുമായ അരിസ്റ്റോട്ടിൽ നിരീക്ഷിക്കുകയുണ്ടായി.

രാജവാഴ്ച ജനക്ഷേമാനുസൃതമായി മുന്നോട്ട് കൊണ്ടുപോവുകയും അതിനെ രാഷ്ട്ര/സാമൂഹ്യ വ്യവസ്ഥകളുടെ ഏകീകരണ ഘടകമായി നിലനിർത്തുകയും ചെയ്യുന്നുവെന്നതാണ് ഭൂട്ടാനിലെ അത്രയൊന്നും ആഘോഷിക്കപ്പെടാത്ത ഈ രാജവംശത്തിന്റെ പ്രാധാന്യം. ലോകത്തെങ്ങുമുള്ള മറ്റു രാജവംശങ്ങൾക്ക് ഇക്കാര്യത്തിൽ ഭൂട്ടാൻ രാജവംശം മാതൃകയാണ്. സഊദി രാജകുടുംബം പോലെ രാജ്യത്തിനു ഇവർ വൻസാമ്പത്തിക ഭാരം വരുത്തിവക്കുന്നില്ല. ഏഴായിരത്തോളം അംഗങ്ങളുള്ള സഊദി വംശംരാജ്യത്തിന്റെ എണ്ണവരുമാനത്തിന്റെ വലിയ പങ്ക് കൈപ്പറ്റുന്നുണ്ട്. ബ്രിട്ടനിലെ രാജകുടുംബം അറിയപ്പെടുന്നത് തന്നെ വഴിവിട്ട ജീവിതരീതികൾ കൊണ്ടാണല്ലോ. ആഫ്രിക്കയിലെ സ്വാസിലൻഡിലെ എംസ്വതി രാജാവാകട്ടെ ഓരോ വർഷവും ഓരോ വിവാഹം കഴിച്ച് ലോകത്തെ ഞെട്ടിക്കുന്നു. ഈ രാജവംശങ്ങൾ എല്ലാം രാജവാഴ്ച(Monarchy) പഴഞ്ചനാണെന്ന ധാരണയ്ക്ക് അടിവരയിടുന്നു. നേപ്പാളിലെ ഷാ രാജവംശത്തെ ജനങ്ങൾ കശക്കിയെറിയുന്നത് നാം ഈയ്യിടെ കാണുകയുണ്ടായല്ലോ.

എന്നാൽ രാജവാഴ്ച, അരിസ്റ്റോട്ടിൽ നിരീക്ഷിച്ചതുപോലെ പൊതുജനഹിതാർത്ഥമാകുമ്പോൾ അത് രാഷ്ട്രത്തിനും സമൂഹത്തിനും ഗുണകരമാണെന്ന വസ്തുതയ്ക്ക് ഭൂട്ടാനിലെ രാജവാഴ്ച അടിവരയിടുന്നു. സാംസ്കാരിക രാഷ്ട്രീയ പിന്തുടർച്ചക്ക് രാജവാഴ്ച കാരണമാകുന്നു. 2008-ലെ തന്റെ കിരീടധാരണ ചടങ്ങിൽ തന്നെ ജിഗ്മേ ഖേസർ നംഗ്യാൽ വാങ്ങ്ചുക്ക് തന്റെ നയം ഇങ്ങനെ വ്യക്തമാക്കുകയുണ്ടായി: "ഞാൻ ഒരിക്കലും ഒരു രാജാവിനെ പോലെ നിങ്ങളെ ഭരിക്കില്ല. ഞാൻ നിങ്ങളെ രക്ഷിതാവിനെ പോലെ സംരക്ഷിക്കും, സഹോദരനെ പോലെ ശ്രദ്ധിക്കും, മകനെ പോലെ സേവിക്കും. ഞാൻ എല്ലാം നിങ്ങൾക്ക് നൽകും. നിങ്ങളുടെ കുഞ്ഞിനു മാതൃകയാക്കാവുന്ന നല്ല മനുഷ്യനായി ഞാൻ ജീവിക്കും." ആധുനിക കാലഘട്ടത്തിലെ ഒരു ഭരണഘടനാധിഷ്ഠിത വാഴ്ചയിലെ രാജാവിന്റെ ആദർശ രൂപത്തെയാണ് ജിഗ്മെ ഖേസർ നംഗ്യാർ വാങ്ങ്ചുക്ക് അവതരിപ്പിച്ചത്. അത് യാഥാർത്ഥ്യമാക്കാൻ അദ്ദേഹത്തിനു കഴിയുമോ എന്നതിനു ചരിത്രം മറുപടി പറയും.

ലോക രാഷ്ട്രീയ-സാമ്പത്തിക ഭൂപടത്തിൽ തീർത്തും അപ്രസക്തമായൊരു കൊച്ചു രാജ്യമാണ് ഭൂട്ടാൻ. എന്നാൽ, അതിപ്രധാനമായ രണ്ട് സമസ്യകൾക്ക് ഭൂട്ടാൻ മറുപടി പറയുന്നുണ്ട്. "Our Scientific power has over run our spiritual power; we have guided missiles and misguided men" എന്നു മാർട്ടിൻ ലൂഥർ കിങ് പറയുകയുണ്ടായി. എന്നാൽ ഭൗതികാസക്തികളുടെ മഹാസമുദ്രത്താൽ ചുറ്റപ്പെട്ട്, ജലാശയത്തിൽ താമരയെന്ന പോലെ, അതിൽനിന്ന് വേറിട്ട് ആത്മീയ മൂല്യങ്ങളിൽ ഊന്നിയ ഒരു രാഷ്ട്രവും സമൂഹവും സാധ്യമാണോ എന്നതാണ് ആദ്യസമ്യ. അതേ എന്നാണ് ഭൂട്ടാന്റെ ഉത്തരം. അമേരിക്കൻ സമൂഹത്തിൽ അമിഷ് സമുദായം എന്ന പോലെ ലോക സമൂഹത്തിൽ ഭൂട്ടാനും നിലനിൽക്കുന്നു. രാജവാഴ്ചക്ക് ആധുനിക കാലത്ത് പ്രസക്തിയോ ഉപയുക്തതയോ ഉണ്ടോ എന്നതാണ് രണ്ടാമത്തെ ചോദ്യം. ഇതിനും പോസിറ്റീവായ ഒരു ഉത്തരം ഭൂട്ടാൻ നൽകുന്നു. ഭൂട്ടാന്റെ ഈ മാതൃക വിസ്മയാവഹമാണ്; ആശാവഹവും.



# തറവാട്ടുമുറ്റത്തെ രണ്ടു സമുദായനോവുകൾ

പ്രധാന സ്റ്റോറി

● **വേങ്ങൂർ സ്വലാഹുദ്ദീൻ റഹ്മാനി**

സ്വന്തം തറവാട്ടുമുറ്റത്തെ രണ്ടു സമുദായനോവുകളുടെ കാര്യത്തിൽ ഇനിയും കേരളീയ ഇസ്‌ലാമിക സമൂഹത്തിന് തേങ്ങലടക്കാനായിട്ടില്ല. പൂക്കോയ തങ്ങളുടെ രണ്ടു മക്കൾ; സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളും സയ്യിദ് ഉമറലി ശിഹാബ് തങ്ങളും. ഒരാൾ നോവിന്റെ രണ്ടാണ്ട് പൂർത്തിയാക്കുമ്പോൾ മറ്റൊരാൾ മൂന്നാണ്ടും കടന്നുപോകുന്നു.

എല്ലാമായിരുന്നവർ ഇല്ലാതാകുമ്പോഴുള്ള സമുദായത്തിന്റെ അനാഥത്വം കേരള മുസ്‌ലിം ജീവിതത്തിന്റെ എല്ലാ തുറകളിലും കാണേണ്ടിവന്നു വേർപാടിന്റെ കഴിഞ്ഞ കാലത്ത്. സമുദായത്തിന്റെ വൈയക്തികവും മതകീയവും സാമൂഹികവും രാഷ്ട്രീയവുമായ ജീവിതത്തിന്റെ എല്ലാ ദിശകളെയും കാലങ്ങളായി നേരാംവണ്ണം നിർണയിച്ചുതന്നവർ വിടവാങ്ങിപ്പോയപ്പോഴുണ്ടായ ആഘാതത്തിൽ നിന്നും സമുദായം ഇനിയും കരകയറിയിട്ടില്ല.

നൂറ്റാണ്ടോളമായി മലപ്പുറത്തെ



**പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളും സയ്യിദ് ഉമറലി ശിഹാബ് തങ്ങളും സമൂഹത്തിന്റെ എല്ലാ വിഷയങ്ങളിലും ഇടപെട്ടുവെങ്കിലും ഓരോരോ വിഷയത്തിൽ അവർ ശ്രുദ്ധയൂന്നി. സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ സമുദായത്തിന്റെ രാഷ്ട്രീയ പൊതുകാര്യങ്ങളിലും ഉമറലി ശിഹാബ് തങ്ങൾ മതകാര്യങ്ങളിലും ഇടപെട്ടു**

പാണക്കാട്ടു തങ്ങൻമാരാണ് കേരള മുസ്‌ലിംനേതൃത്വത്തിന്റെ അമര സ്ഥാനം വഹിച്ചുകൊണ്ടിരിക്കുന്നത്. ജനതയെ ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ഒരൊറ്റ നേതൃത്വത്തിനു കീഴിൽ കൊണ്ടുവന്നു എന്നതാണ് പാണക്കാട്ട് തങ്ങൻമാരുടെ കാര്യത്തിൽ കേരള മുസ്‌ലിം ചരിത്രത്തിലെഴുതാനാവുന്ന എക്കാലത്തെയും വലിയ മഹനീയത. ഈ മഹനീയതയുടെ കാലശ്രേണിയിൽ തീർച്ചയായും സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾക്കും സയ്യിദ് ഉമറലി ശിഹാബ് തങ്ങൾക്കും വലിയ ഇടമുണ്ടെന്നു തീർച്ച.

വാളയാർ ചെക്ക് പോസ്റ്റിനപ്പുറത്തേക്ക് ലോകത്തൊരിടത്തും കാണാനാവാത്ത മുസ്‌ലിം കേരളത്തിനു കനിഞ്ഞുകിട്ടിയ ഈ നേതൃസൗഭാഗ്യത്തെ കേരളത്തിന്റെ സവിശേഷമായ വർത്തമാനസന്ധിയിൽ പല രീതികളിലും വ്യാഖ്യാനിക്കുന്നുണ്ട്. നേതൃത്വത്തിന്റെ അനാഥത്വം പേറാത്ത സമൂഹമായി കേരള മുസ്‌ലിം ഉമ്മത്തിനെ പരിവർത്തിപ്പിച്ചെടുത്തതിന്റെ പിതൃത്വത്തെ കുറിച്ച ആവകാശവാദങ്ങളും ചർച്ചകളും കുറേ കാലമായി കേരളത്തിന്റെ പൊതുമണ്ഡലത്തെ സജീവമാക്കാൻ തുടങ്ങിയിരിക്കുന്നു.

'ഒരൊറ്റ കുടക്കു കീഴിൽ' എന്ന പോലെ പാണക്കാട്ടു തങ്ങൻമാരുടെ ഒരൊറ്റ നേതൃത്വത്തിനു കീഴിൽ സമുദായത്തെ അണിനിരത്തുന്നതിൽ ഇന്ധനസ്രോതസ്സുകളായി നിലവിൽ പരിഗണിക്കുന്ന പലതിനേക്കാളും വളരെ പ്രഥമവും പ്രധാനവുമായി പരിഗണിക്കേണ്ട ഒന്നാണ് അതിലെ മതകീയഘടകമെന്ന് തോന്നുന്നു. മുസ്‌ലിം കേരളത്തിന് രാഷ്ട്രീയപരമായി ഒരൊറ്റ പ്ലാറ്റ്ഫോം നൽകി എന്നിത്യാദിയുള്ള രാഷ്ട്രീയഘടകങ്ങളേക്കാൾ നാം ആദ്യം പരിഗണിക്കേണ്ടത് സമൂഹത്തിൽ തങ്ങൻമാർക്കുള്ള വിലയും നിലയും പ്രാമാണികമായും വിശ്വാസപരമായും സമൂഹത്തെ നിരന്തരം ബോധ്യപ്പെടുത്തിക്കൊടുത്ത മതചോദനകളെയാണ്.

മതത്തിന്റെ കഴ്ചപ്പാടിൽ സമൂഹത്തിൽ തങ്ങൻമാർക്കുണ്ടായിരിക്കേണ്ട പൊതുവായ ആദരവുകളും പാണക്കാട്ട് തങ്ങൻമാർക്ക് വിശേഷിച്ചുമുള്ള മികവുകളും സമൂഹത്തിന് കൃത്യമായി ബോധ്യപ്പെടുത്തിക്കൊടുത്തതിന്റെ ഫലമാണ് ഈയൊരു നേതൃസൗഭാഗ്യത്തെ കേരള മുസ്‌ലിംകൾക്ക് അനുഭവിക്കാനായത്. മറ്റെന്തിനെക്കാളും പാണക്കാട്ടു കുടുംബത്തിന് മതപരമായി നിലനിൽപ്പുണ്ടെന്ന് ബോധ്യപ്പെടുത്തിയ ഈ ഘടകത്തെയാണ് ഈ മഹനീയതയുടെ ആദ്യവിശേഷമായി നാം പരിഗണിക്കേണ്ടത്.

പാണക്കാട് തങ്ങൻമാർക്കുള്ള മതത്തിന്റെ പിന്തുണയെ പൊതുസമൂഹത്തിന് തെര്യപ്പെടുത്തിക്കൊടുത്തതിൽ ഇവിടുത്തെ സുന്നി സമൂഹത്തിന് വലിയ പങ്കുണ്ടെന്ന് കാണാൻ കഴിയും. മറ്റു വിഭാഗങ്ങളെക്കാൾ സുന്നി സമൂഹത്തിന് തന്നെയാണ് അതിനു ആശയപരമായും പ്രായോഗികമായും കൂടുതൽ കഴിയുകതാനും. പാണക്കാട് കുടുംബം തിരുനബി(സ) പറഞ്ഞുതന്ന ഈമാനിന്റെയും ഹിക്മത്തിന്റെയും യമനീ പൈതൃകത്തിന്റെ പിൻതലമുറക്കാരാണെന്നും അവർ ഊതുന്ന വെള്ളവും കെട്ടുന്ന നൂലും കണ്ടുതരുന്ന കൈനീട്ടവും സമൂഹത്തിന്റെ മനസ്സിനും ശരീരത്തിനും വലിയ ആശ്വാസമാണെന്നും കേരള മുസ്‌ലിംകളെ ബോധ്യപ്പെടുത്തിയത് ഇവിടുത്തെ സുന്നി സമൂഹം തന്നെയാണ്. പാണക്കാട്ട് തങ്ങൻമാർക്കുള്ള മതത്തിന്റെ ഈ പിന്തുണയെ പരിഗണിച്ചതിനു ശേഷമാകണം സമുദായം വകവച്ചുകൊടുത്ത മറ്റു പിന്തുണകളെ വിലയിരുത്താൻ. പാണക്കാട്

എന്നാൽ, എല്ലാം പരസ്പരം ചർച്ച ചെയ്തും അന്വേഷിച്ചുമായിരുന്നു കൈകാര്യം ചെയ്തിരുന്നത്. പല സങ്കീർണ പ്രശ്നങ്ങളിലും തീരുമാനങ്ങൾക്കും പ്രഖ്യാപനങ്ങൾക്കും ഒരാൾ മറ്റൊരാളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രത്യക്ഷമോ പരോക്ഷമോ ആയ രീതിയിൽ സമൂഹത്തിന്റെ എല്ലാ ദിശകളിലും അവർ നേതൃപരമായ പങ്കു വഹിച്ചുവെന്നർത്ഥം



തങ്ങൻമാർക്ക് മതം കൽപ്പിക്കുന്ന ഈ പ്രാധാന്യവും പ്രസക്തിയുമാണ് തുടർന്നുവന്ന എല്ലാ പിന്തുണകളുടെയും നിദാനമെന്ന് നാം തിരിച്ചുവായിക്കേണ്ടിയിരിക്കുന്നു. പാണക്കാട് സയ്യിദ് മുഹമ്മലി ശിഹാബ് തങ്ങളെയും പാണക്കാട് ഉമറലി ശിഹാബ് തങ്ങളെയും ജീവിച്ചിരിപ്പുള്ള മറ്റു തങ്ങൻമാരെയും സമൂഹം മാറോടു ചേർത്തതും ചേർത്തുകൊണ്ടിരിക്കുന്നതും വിശ്വാസികൾക്ക് മതം പറഞ്ഞുകൊടുത്ത മുൻഗണനാക്രമം വച്ചുകൊണ്ടായിരുന്നു.

ശിഹാബ് തങ്ങളും ഉമറലി തങ്ങളും സമൂഹത്തിന്റെ എല്ലാ വിഷയങ്ങളിലും ഇടപെട്ടുവെങ്കിലും ഓരോരോ വിഷയത്തിൽ അവർ ശ്രദ്ധയൂന്നി. സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ സമുദായത്തിന്റെ രാഷ്ട്രീയ പൊതുകാര്യങ്ങളിലും ഉമറലി ശിഹാബ് തങ്ങൾ മതകാര്യങ്ങളിലും ഇടപെട്ടു. എന്നാൽ, എല്ലാം പരസ്പരം ചർച്ച ചെയ്തും അന്വേഷിച്ചുമായിരുന്നു കൈകാര്യം ചെയ്തിരുന്നത്. പല സങ്കീർണ പ്രശ്നങ്ങളിലും തീരുമാനങ്ങൾക്കും പ്രഖ്യാപനങ്ങൾക്കും ഒരാൾ മറ്റൊരാളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രത്യക്ഷമോ പരോക്ഷമോ ആയ രീതിയിൽ സമൂഹത്തിന്റെ എല്ലാ ദിശകളിലും അവർ നേതൃപരമായ പങ്കുവഹിച്ചുവെന്നർത്ഥം.

രണ്ടു തങ്ങൻമാരെയും ജീവിതത്തിന്റെ എല്ലാ തുറകളിലും നിന്നുള്ളവർ സമീപിച്ചിരുന്നു. ഏത് പാതിരാവിലും അടക്കാതെ തുറന്നിട്ടു അവരുടെ വാതിൽപടികൾ. സ്വത്തുതർക്കം മൂത്ത് അടിപിടികൂടുന്നവർ, ശാരീരികമായും മാനസികമായും പീഡയനുഭവിക്കുന്നവർ, വഴിപിരിയലിന്റെ വക്കിലെത്തി നിൽക്കുന്ന കുടുംബങ്ങൾ, വീട്ടിലെ ആടിന്റെയും കോഴിയുടെയും രോഗത്തിനു പ്രതിവിധി തേടിയെത്തിയവർ, ഒന്നു കണ്ടു പിരിയാൻ മാത്രം വന്നവർ... ആവശ്യങ്ങൾക്കും പരാതികൾക്കും മാത്രമേ അവിടെ വകഭേദങ്ങളുണ്ടായിരുന്നുള്ളൂ. ഭാഷക്കും നിറത്തിനും വകതിരിവുണ്ടായിരുന്നില്ല.

വീടിന് തറക്കല്ലിടാനും സമ്മേളനങ്ങളും സംരംഭങ്ങളും ഉദ്ഘാടനം ചെയ്യാനും നികാഹിന് കാർമികത്വം വഹിക്കാനും മാസപ്പിറവി പ്രഖ്യാപിക്കാനും ഫണ്ടിന് കൈനീട്ടം കൊടുക്കാനും എല്ലാറ്റിനും തങ്ങൻമാരുടെ മനസ്സിന്റെയും വാക്കിന്റെയും കൈയ്യിന്റെയും പൊരുത്തം വേണ്ടിയിരുന്നു. ഡയറിയിലെ ഓരോ നിമിഷവും സമുദായത്തിന് വീതിച്ചുകൊടുത്തു അവർ. നേതൃപദവിയിലേക്ക് ഉയരുന്നതോടു കൂടി ഒന്നൊഴിഞ്ഞിരുന്ന് മനസ്സിന് ആശ്വാസം കൊടുക്കാനുള്ള അവസരം അവർക്ക് നഷ്ടപ്പെട്ടു. സമുദായത്തിന്റെ വേദനകളും ആവശ്യങ്ങളും കേട്ടുകൊണ്ടേയിരിക്കുക എന്നതായിരുന്നു ആ രണ്ടു മനസ്സിന്റെയും ആശ്വാസമെന്ന് പറയുന്നതാവും ശരി. സ്വകാര്യജീവിതം എന്നൊന്നു പറയാനില്ലാത്ത രണ്ടു ജീവിതങ്ങൾ. ഏതു നേരത്തും സമുദായം അവരുടെ പിന്നാലെ കൂടി. ഉറക്കിൽ പോലും അവർ സമുദായത്തെ മുന്നോട്ടു നയിച്ചു.

രാത്രി വളരെ വൈകി ഒന്നു തല ചായ്ക്കാൻ വീട്ടിലെത്തുമ്പോഴും കൊടപ്പനക്കലിലും നൂർ മഹലിലും പിന്നെയും ആളുകളുണ്ടാകും. അവരുടെ പ്രശ്നങ്ങളെല്ലാം കേട്ട് അവസാനത്തെ ആളും പോയതിനുശേഷം കുറച്ചു മണിക്കൂർ നേരത്തേക്ക് വിശ്രമം. പിറ്റേന്നു അതിരാവിലെ വീണ്ടും ഏതെങ്കിലും ഒരു ദിക്കിലേക്ക്. ആവലാതികളും വേവലാതികളും അടിക്കടി എത്ര കേട്ടിട്ടും അകത്തും പുറത്തും ഒരു മുഷിപ്പും പ്രകടിപ്പിച്ചില്ല അവർ.

ഒരിക്കൽ, യാത്ര കഴിഞ്ഞു



പാതിരാനേരത്ത് കൊടപ്പനക്ക ലിലെത്തി വലിയ തങ്ങൾ. പരപ്പന ങ്ങാടിയിൽനിന്നു വന്ന കുറച്ചുപേർ തങ്ങളെ കാത്തു നിൽക്കുന്നു.
“തങ്ങളേ, കടപ്പുറം പട്ടിണിയിലാണ്; കടൽ ക്ഷോഭിച്ചിരിക്കുന്നു; തങ്ങൾ അവിടെ വന്നു ഒന്നു പ്രാർത്ഥിക്ക ണം.”

തങ്ങൾക്ക് ഒഴിവുള്ള ഒരു സമയം അന്വേഷിച്ച് വന്നതായിരുന്നു അവർ. പക്ഷേ, പിതാവിന്റെ കാലത്തേ പതി വുള്ള കടലിൽ ചെന്നുള്ള കടലിന്റെ മക്കൾക്കു വേണ്ടിയുള്ള ഈ പ്രാർത്ഥന മറ്റൊരു സമയത്തേക്ക് മാറ്റിവക്കാൻ തങ്ങൾ ഒരുക്കമല്ലായിരു ന്നു. കേട്ടയുടനെ നോവ് പേറി വന്ന വരെ പോലും അത്ഭുതപ്പെടുത്തി പര പ്പനങ്ങാടിയിലേക്ക് തിരിച്ചു. ആർത്തി രമ്പുന്ന കടലിനു മുന്നിൽ വന്നു നാഥനിലേക്ക് കൈ ഉയർത്തി പ്രാർത്ഥിച്ചു തങ്ങൾ. അതോടെ കടലും കടൽമക്കളും ശാന്തമായെന്ന് അനുഭവസാക്ഷ്യം.

സമൂഹത്തിന്റെ ആവശ്യങ്ങൾ തീർക്കുന്നതിൽ സമയത്തിന് വകതി രിവുകൾ കൽപ്പിച്ചിരുന്നില്ല ശിഹാബ് തങ്ങളും ഉമറലി തങ്ങളും. എങ്ങ നെയും എപ്പോഴും എവിടെയും സമൂ ഹത്തിന്റെ കൂടെ നടക്കാൻ അവർ സന്നദ്ധരായിരുന്നു. ഉള്ളിൽ വലിയ ക്ഷമയും നന്മയും കൊണ്ടുനടക്കുന്ന വർക്കേ ഇങ്ങനെ ജീവിക്കാൻ കഴിയൂ. പാണക്കാട് തങ്ങൻമാരുടെ എക്കാല ത്തെയും മികവുള്ള സുകൃതം ഈ സദാസന്നദ്ധതയായിരുന്നു. അതിന്നും പാണക്കാട്ട് ചെന്നാൽ കാണാം.

ബാബ്‌രി മസ്ജിദ് തകർക്കപ്പെട്ട ഡിസംബർ ആറിന്റെ കറുത്ത പകൽ. ലോകത്ത് പലയിടത്തും ഇവിടെ പല നോർത്ത് ഇന്ത്യൻ സംസ്ഥാനങ്ങ ളിലും കലാപാഗ്നി കത്തുമ്പോൾ കേര ളത്തിൽ സംയമനത്തിന്റെ സന്തുലി താവസ്ഥ സൃഷ്ടിച്ചു രണ്ടു തങ്ങൻമാ രും. സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ പൊതു അറിയിപ്പായി നാടുനീളെ മൈക്ക് കെട്ടി അനൗൺസ് വന്നു; സഹോദര മത സ്ഥരുടെ വീടും ക്ഷേത്രവും തകർക്ക രുതെന്നും അത്തരമൊരു സാഹചര്യ ത്തിൽ അവക്ക് കാവൽ നിൽക്കണ മെന്നും. ഒരു ഇസ്‌ലാമിക രാഷ്ട്ര ത്തിന്റെ ഖലീഫയോ എന്തെങ്കിലും അധികാരം കൈയ്യാളുന്നവരോ ആയി രുന്നില്ല തങ്ങൾ. എങ്കിലും എല്ലാ വരും എപ്പോഴും പറയുന്നതു പോലെ കേരള മുസ്‌ലിംകളുടെ മനസ്സിന്റെ മാണിക്യകൊട്ടാരത്തിൽ കിരീടം വക്കാത്ത സുൽത്താനായിരുന്നു സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ.

ബാബ്‌രി പള്ളി ദുരന്തത്തേക്കാൾ വലിയൊരു ദുരന്തം സമൂഹത്തിന് ‘കാവൽ’ നിന്നിരുന്ന സന്ദിഗ്ധ വേള യിൽ ഒരാൾ മൈക്ക് കെട്ടി സ്നേഹത്തിന്റെ താരാട്ട് കേൾപ്പിച്ച പ്പോൾ മറ്റൊരാൾ കേരളത്തിന്റെ പ്രലോഭിത ഭൂമികയിലൂടെ സമാധാന ത്തിന്റെ ദീപശിഖയേന്തി ഓടിനടന്നു. ബാബ്‌രി പ്രശ്നവുമായി ബന്ധപ്പെട്ടു സുന്നി യുവജനസംഘം സംസ്ഥാന കമ്മിറ്റി സംഘടിപ്പിച്ച ശാന്തിയാത്ര യുടെ അമരത്ത് സയ്യിദ് ഉമറലി ശിഹാബ് തങ്ങൾ നിറവോടെ ജ്വലിച്ചു നിന്നു. സ്വീകരണ കേന്ദ്രങ്ങളിൽ തങ്ങൾ പറഞ്ഞ മതമൈത്രിയുടെ ഉറപ്പുള്ള വാക്കുകൾ അന്നു സമു ദായം മാറോട് അണച്ചുപിടിച്ചു.

കൊടപ്പനക്കൽ വീടും നൂർമ ഹലും കുടുംബ കലഹങ്ങൾ തീർക്കാ നുള്ള കുടുംബ കോടതികളായി പല പ്പോഴും. വേങ്ങര കൂരിയാടിലെ ഭാര്യയും ഭർത്താവും തമ്മിൽ തർക്കം മൂത്ത് കോടതിയിലെത്തി. മലപ്പുറം കുടുംബ കോടതിയിൽ നിന്ന് കേസ് കൊച്ചി ഹൈക്കോടതിയിലേക്ക്. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന് കീഴിൽ പലവുരു പ്രശ്നപരിഹാര ത്തിന് ശ്രമിച്ചിട്ടും കാര്യങ്ങൾ എങ്ങു മെത്തിയില്ല. അവസാനം പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ എടുക്കുന്ന ഏത് തീരുമാനവും അംഗീകരിക്കാമെന്ന് ഇരു കക്ഷികളും സമ്മതിച്ചു. അതോടെ, ആർ.പി.എഫ്. സി./2007 എം.എ.ടി. 217/2007 എന്നീ

കേസുകളിൽ ശാശ്വതവും നീതിയുക്തവുമായ ഒരു തീരുമാനമെടുക്കുന്നതിനു വേണ്ടി ഈ കേസുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾക്ക് റഫർ ചെയ്തിരിക്കുന്നുവെന്ന ഉത്തരവ് കൊടപ്പനക്കൽ വീട്ടിലെത്തി.

ഒരു മഗ്‌രിബ് നിസ്കാരത്തിന് ശേഷം ഇരുവിഭാഗത്തെയും അഭിഭാഷകരെയും പണ്ഡിതരെയും നിർത്തി ദീർഘമായ ചർച്ച നടന്നു. ശരീരത്തിന്റെ അസ്വസ്ഥതകൾ വകവക്കാതെ ഊണും ഉറക്കവുമുപേക്ഷിച്ച് ഇരു വിഭാഗത്തിന്റെയും ന്യായാന്യായങ്ങൾ തങ്ങൾ ശ്രദ്ധയോടെ കേട്ടിരുന്നു. ഒടുവിൽ തങ്ങൾ അന്തിമ തീരുമാനം പറഞ്ഞു. വർഷങ്ങളോളം പൊരിഞ്ഞുനിന്ന പ്രശ്നങ്ങൾ എല്ലാം മണിക്കൂറുകൾ കൊണ്ട് തീർന്നുപോയി. എല്ലാവരുടെയും മുഖത്ത് ആശ്വാസം.

നൂർ മഹലിൽ മധ്യവയസ്കയായ ഒരു സ്ത്രീ വരുന്നു. വേഷവിധാനത്തിൽനിന്ന് അമുസ്‌ലിമാണെന്ന് തിരിയും. അവർ കനത്തിൽ കരയുന്നു. കവിളുകളിൽ കണ്ണീർച്ചാലുകൾ. മുഖത്ത് വല്ലാത്ത വിഷമം. അന്യസ്ത്രീകളുടെ നേരെ നോക്കാതിരിക്കുക എന്ന ഉമറലി ശിഹാബ് തങ്ങളുടെ നടപ്പുശീലം അറിയുന്നതുകൊണ്ടാകാം മുന്നിൽ നിന്നു മാറി ഒരു വശം ചേർന്നാണ് ആ സ്ത്രീയുടെ നിൽപ്പ്. സ്വന്തം വീട്ടിലെ കാര്യങ്ങളാണ് സ്ത്രീ പറഞ്ഞു കേൾപ്പിക്കുന്നത്. മക്കൾ തമ്മിൽ എപ്പോഴും വഴക്കും വക്കാണവും. ഭർത്താവ് വീട്ടുകാര്യങ്ങളിൽ ശ്രദ്ധിക്കുന്നുമില്ല.. എല്ലാം കേട്ടു നിന്നു തങ്ങൾ. അവരുടെ മുഖത്ത് നോക്കിയതേയില്ല. മേശപ്പുറത്തു വച്ച കടലാസിൽ എന്തോ എഴുതുന്നതിനിടയിൽ തങ്ങൾ പറഞ്ഞു: സാരമില്ല. എല്ലാം ശരിയാകും. വീട്ടിലേക്ക് പൊയ്ക്കൊള്ളൂ. അത്ഭുതം! ഇതു കേട്ടപാടെ കനം കെട്ടി നിൽക്കുന്ന അവരുടെ ഖിന്നത മാഞ്ഞു. മുഖത്ത് പ്രസന്നത.

തങ്ങൾ യാത്ര ചെയ്യുമ്പോൾ ഹൈവേ പെട്രോളിംഗ് പോലീസ് വണ്ടിക്ക് കൈകാണിച്ചു. ഡ്രൈവർ വണ്ടി നിർത്തി. തങ്ങൾ പറഞ്ഞു: ഞാൻ ഇതിലുള്ളത് പറയേണ്ട. അവർ ചോദിച്ചാൽ വണ്ടിയുടെ കടലാസ് മുഴുവൻ എടുത്തു കൊടുക്കുക. വണ്ടിയിൽ ആരെന്നു ചോദിച്ചപ്പോൾ ഒന്നും മിണ്ടിയില്ല. അവർ വണ്ടിയുടെ അടുത്തു വന്നു. തങ്ങൾ ഗ്ലാസ് താഴ്ത്തി. ഉടനെ സല്യൂട്ട് ചെയ്തു സമയം നഷ്ടപ്പെടുത്തിയതിൽ അവർ ക്ഷമ ചോദിച്ചു. തങ്ങൾ പറഞ്ഞു: സാരമില്ല, നിങ്ങൾ നിങ്ങളുടെ ജോലി ചെയ്യുക. ഒരു നേതാവെന്ന നിലയിൽ കിട്ടാവുന്ന ആനുകൂല്യങ്ങളൊക്കെയും വാരിക്കൂട്ടി കീശയിലിടാൻ ഉമറലി തങ്ങൾക്കറിഞ്ഞിരുന്നില്ലെന്ന് നമുക്ക് മനസിലാകുന്നു.



*പാണക്കാട് സയ്യിദ്*
*ഹൈദരലി ശിഹാബ് തങ്ങൾ*

എന്തുതന്നെയായാലും മുസ്‌ലിം കേരളത്തിന്റെ രണ്ടു സമുദായ നോവുകൾ; അതങ്ങനെ നൊന്തുകൊണ്ടേയിരിക്കും, കാലമുള്ള കാലത്തോളം. ഒരാൾ സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ, സമീപ കാലത്തെ എഴുതപ്പെടാനാവുന്ന ഏറ്റവും നല്ല നേതൃത്വം. മനുഷ്യപ്പറ്റുള്ള മനസും മന്ത്രവും, പച്ചിലകളോട് പോലും മടിച്ചു നിൽക്കാതെ പുറപ്പെട്ടുവന്ന സ്നേഹമനസ്. ഘടികാരങ്ങളോട് കൂട്ടുകൂടി നിമിഷങ്ങളെ വലിയ കാര്യമാക്കി കണ്ടു ആ വലിയ മനുഷ്യൻ. അവസാനം വരെ ഉമ്മത്തിന്റെ പുരോഗതിക്കും വിശ്വാസത്തിനും വേണ്ടി രാവിലും  പകലിലും കാവലിരുന്നു.

മറ്റൊരാൾ ഉമറലി ശിഹാബ് തങ്ങൾ; ഒരേ സമയം നിലപാടുകളുടെ കണിശതയും സ്നേഹത്തിന്റെ നിർമലതയുമായിരുന്നു. വലിയ ആജ്ഞാശക്തി, കൃത്യമായ സാമ്പത്തിക വിശുദ്ധി, തികഞ്ഞ ഉത്തരവാദിത്വബോധം... സമുദായത്തിന്റെയും സമസ്തയുടെയും കാര്യങ്ങളാണ് തങ്ങൾ എപ്പോഴും നോക്കിക്കണ്ടത്. സമ്മേളനങ്ങളുടെ മുഖ്യകാര്യദർശിയായി ഏൽപ്പിക്കപ്പെടുമ്പോഴും സമ്മേളനത്തിനു വേണ്ടിവരുന്ന മൊട്ടുസൂചിയുടെ കണക്കുപോലും അന്വേഷിച്ചുവച്ചു. സുന്നി യുവജന സംഘത്തിനും സുന്നി അഫ്കാറിനും എന്നും കരുത്ത് പകർന്നു. രോഗപീഡയനുഭവിക്കുന്ന മരണസമയത്ത് പോലും സമുദായത്തിന്റെയും വഖ്ഫ് ചുമതലകളുടെയും കാര്യങ്ങൾ പറഞ്ഞുവച്ചു.

വലിയ തങ്ങളുടെയും മുത്തുമോന്റെയും വേർപാടിന്റെ ഭാരവും മറ്റു ഭാരങ്ങളും ഒരാളിൽ വന്നുചേർന്നു എന്നതാണ് പാണക്കാട്ട് നേതൃത്വത്തിന് ഈ നോവുകാലത്തുണ്ടായ വലിയൊരു ചരിത്രസന്ധി. അത് ആറ്റപ്പൂ തങ്ങൾ ശ്രദ്ധയോടെ കൃത്യമായി നോക്കിപ്പോരുന്നു എന്നത് ഈ നോവുകൾക്ക് സമുദായം കാണുന്ന ഏക ആശ്വാസവും.

എപ്പോഴും മലപ്പുറം-വേങ്ങര റൂട്ടിൽ പോകുന്ന ഏതു ബസിലും പാണക്കാട്ടിറങ്ങാൻ ഒരാളെങ്കിലുമുണ്ടാകും;  ഒന്നുകിൽ ജീവിച്ചിരിപ്പുള്ള വരെ കാണാൻ; അല്ലെങ്കിൽ മരിച്ചിരിപ്പുള്ളവരെ.



പിതാവിന്റെ സർഗപാരമ്പര്യം ജ്യേഷ്ഠനെ പോലെ അരീക്കൽ ഇബ്റാഹീം മുസ്‌ലിയാരിലും ഒരളവോളം അനുഭവവേദ്യമായിരുന്നെങ്കിലും ആ രംഗത്ത് കൂടുതൽ ശ്രദ്ധകേന്ദ്രീകരിച്ചു കൊണ്ടുള്ള കാവ്യരംഗത്തെ സജീവമായ നൈരന്തര്യങ്ങൾക്ക് മുതിർന്നില്ലെന്നു വേണം കരുതാൻ. അതുകൊണ്ടാവണം സുന്ദരമായ കാവ്യശൈലിക്കുടമയായിട്ടും കൂടുതൽ രചനകൾ നടക്കാതെ പോവാൻ കാരണം. എങ്കിലും ആ തൂലികയിൽ നിന്നും നിർഗളിച്ച ശകലങ്ങൾ തനിമയാർന്ന അറബി ശൈലിയുടെ നേർപതിപ്പുകളായിരുന്നു.

# അരീക്കൽ ഇബ്റാഹീം മുസ്‌ലിയാർ അറബി കാവ്യലോകത്തെ രണ്ടാം അരീക്കൽ

പ്രധാന സ്റ്റോറി

• അബ്ദുസ്സലാം എം കൂട്ടാലുങ്ങൽ

**അ**ന്ത്യനാളിന്റെ അടയാളങ്ങളിൽ ഇൽമ് ഉയർത്തപ്പെടുന്നതിനെ നബി (സ്വ) എണ്ണിയിട്ടുണ്ട്. പണ്ഡിതന്മാരുടെ മരണത്തെയാണ് ഇത് ദ്യോതിപ്പിക്കുന്നത്. അറിവും തഖ്‌വയും സുഹ്ദും ഉൾച്ചേർന്ന യഥാർത്ഥ പണ്ഡിതർ കാലയവനികക്കുള്ളിൽ മറയുമ്പോൾ അവർ നിലകൊണ്ട സമൂഹം ഇരുട്ടിൽ തപ്പിത്തടയും. കത്തിത്തീർന്ന ആ വെളിച്ചത്തെയോർത്ത് ആകാശവും ഭൂമിയും കരയും. പക്ഷേ, അകത്ത് അഭൗതിക ലോകത്തിന്റെ അകസാരങ്ങളെയറിയുന്നവർക്കേ ഇത്തരം സാഹചര്യങ്ങളെ മനസ്സിലാക്കാനാവൂ. ഈ മെയ് 21 ശനിയാഴ്ച വിടപറഞ്ഞ പണ്ഡിതശ്രേഷ്ഠനും സമസ്ത കേന്ദ്ര മുശാവറ അംഗവുമായ അരീക്കൽ ഇബ്റാഹീം മുസ്‌ലിയാരുടെ വിയോഗത്തെ ഈ രീതിയിലാണ് നാം വിലയിരുത്തേണ്ടത്.

പ്രവാചകീയ ദൗത്യങ്ങളുടെ

തുടർച്ചകൾക്കുള്ള നിയോഗവും പേറി നേരറിവിന്റെ സത്യസാക്ഷ്യമായി അകവും പുറവും ഒരേ അച്ചിൽ വാർത്തെടുത്ത് പാരത്രിക ജീവിതത്തിന്റെ അനുഭവങ്ങളിലേക്ക് ഭൗതിക ജീവിതത്തെ മാറ്റിവച്ച ഭൂമിയിലെ അല്ലാഹുവിന്റെ നല്ല പ്രതിനിധിയെ കുറിച്ചാണ് ആ ജീവിതവും മരണവും നമുക്ക് പറഞ്ഞുതരുന്നത്.

## ജീവിതം, പഠനം

സൂര്യപ്രഭ പോലെ ജ്വലിച്ചു നിന്ന് പാരമ്പര്യത്തനിമയോടെ ദീനീ ചുറ്റുപാടുകളെ വളർത്തിയെടുക്കാൻ അഹോരാത്രം യത്നിച്ച ഒട്ടനവധി പണ്ഡിത തറവാടുകൾ വടക്കേ മലബാറിൽ കടത്തനാടിന്റെ മാത്രം പ്രത്യേകതയായി അവശേഷിക്കുന്നുണ്ട്. കിഴക്കയിൽ, പടിഞ്ഞാറയിൽ, ചിറക്കൽ, കീഴന, മേനക്കോത്ത്, തറക്കണ്ടി തുടങ്ങിയവ ഇതിൽ പ്രധാനമാണ്. ഈ മേഖലയിൽ അരീക്കൽ തറവാടിനും കൃത്യമായ ചില അടയാളപ്പെടുത്തലുകളുണ്ട്. നിരവധി മഹല്ലുകളുടെ ഖാസിയും ജ്ഞാനശ്രേഷ്ഠനും സാഹിത്യപടുവും ആത്മീയ ജ്യോതിസ്സുമായി പ്രാദേശികതയുടെ ചുറ്റുവട്ടങ്ങളെ വ്യക്തിപ്രഭാവം കൊണ്ട് മറികടന്ന അരീക്കൽ അഹ്മദ് മുസ്‌ലിയാരുടെയും ആയിശയുടെയും മകനായി 1936-ലാണ് അരീക്കൽ ഇബ്‌റാഹീം മുസ്‌ലിയാരുടെ ജനനം.

പിതാവിന്റെ ആ ജീവിത വൈശിഷ്ട്യങ്ങൾ എല്ലാ അർത്ഥത്തിലും ഇബ്‌റാഹീം മുസ്‌ലിയാരിലും പ്രകടമായിരുന്നു. അദ്ദുററുൽ മുനള്ളം ഫീ മനാഖിബി ഗൗസിൽ അഅ്ളം, അദ്ദുറത്തുന്നഫീസ ഫീ മനാഖിബി സയ്യിദത്തിനഫീസ, അശ്ശമാഅ്ഇലുൽ മുഹദ്ദബ, അന്നൂറുൽ അവ്വൽ, നജ്മു ഖുർറത്തിൽ ഐൻ ലി ഫത്ത്ഹിൽ മുഈൻ തുടങ്ങിയ ഒട്ടേറെ രചനകളുടെ കർത്താവ് കൂടിയായിരുന്നു അദ്ദേഹത്തിന്റെ പിതാവ് അരീക്കൽ അഹ്മദ് മുസ്‌ലിയാർ.

പിതാവ് അഹ്മദ് മുസ്‌ലിയാർ തന്നെയാണ് ആദ്യ ഗുരുവര്യൻ. മീസാനടക്കമുള്ള പ്രാരംഭകിതാബുകൾ വീട്ടിൽ വച്ച് പിതാവിൽ നിന്നും മനസ്സിലാക്കിയ ശേഷം മഹാൻ കാരണവരായ ഒതിയോത്ത് ഇബ്‌റാഹീം മുസ്‌ലിയാരുടെ അടുത്ത് ചെറുവണ്ണൂരിലെ ദർസ്സിൽ ചേർന്ന് അൽഫിയ്യ വരെയുള്ള കിതാബുകൾ ഓതി. ശേഷം നാദാപുരം, പാറക്കടവ്, തളിപ്പറമ്പ്, ചേരാപുരം, വള്ള്യാട്, കല്ലുങ്ങൽ തുടങ്ങിയ ഒട്ടേറെ സ്ഥലങ്ങളിൽ ദർസ്സ് പഠനം നടത്തുകയും ഓരോ ഫന്നുകളിലും പ്രത്യേകം പ്രത്യേകം തഹ്ഖീഖ് നേടുകയും ചെയ്തു. പിൽക്കാലത്ത് അറബി കാവ്യലോകത്തെ മലയാളി സാന്നിധ്യമായി മാറിയ അരീക്കൽ അബ്ദുറഹ്മാൻ മുസ്‌ലിയാർ (ന.മ) ഇബ്‌റാഹീം മുസ്‌ലിയാരുടെ പിതാവൊത്ത സഹോദരനാണ്. ഇവർ രണ്ടുപേരും ചെറുവണ്ണൂരിലെ ദർസിലും നാദാപുരത്ത് കീഴന(ന.മ)യുടെ അടുത്ത് അഞ്ചു വർഷത്തോളവും ഒരുമിച്ചായിരുന്നു അധ്യയനം നടത്തിയിരുന്നത്.

വിജ്ഞാനവഴിയിൽ ധൈഷണിക സാന്നിധ്യം കൊണ്ടും ആത്മജ്ഞാനത്തെ ജീവിതത്തിലേക്ക് സ്വാംശീകരിച്ചു കൊണ്ടും സൂഫിസത്തിന്റെ അകം കണ്ട ശൈഖുനാ ശംസുൽ ഉലമ, കോട്ടുമല അബൂബക്ർ മുസ്‌ലിയാർ, കീഴന കുഞ്ഞബ്ദുല്ല മുസ്‌ലിയാർ, ചെറിയ മുഹമ്മദ് മുസ്‌ലിയാർ, പാനൂർ തങ്ങൾ, കിഴക്കയിലോറെന്നറിയപ്പെട്ട അഹ്മദ് മുസ്‌ലിയാർ തുടങ്ങിയ മഹാൻമാർ ഉസ്താദിന്റെ ഗുരുവര്യരാണ്. പഠനകാലത്ത് തല ചായ്ച്ചു വച്ചിരുന്നത് ഈ വടവൃക്ഷങ്ങൾക്ക് താഴെയായിരുന്നുവെന്നത് തന്നെ മതി മഹാന്റെ പഠനകാലത്തെ വിലയിരുത്താനും ഭാവി ജീവിതത്തിൽ അത് ചെലുത്തിയ സ്വാധീനമറിയാനും.

**പട്ടിക്കാട് ജാമിഅ നൂരിയ്യയിലെ ആദ്യബാച്ചിലുണ്ടായിരുന്നവരിൽ അവശേഷിച്ച കണ്ണിയാണ് മഹാന്റെ വിയോഗത്തോടെ അസ്തമിച്ചത്. ജാമിഅയിലെ ആദ്യ മുത്വവ്വൽ ബാച്ചിൽ ഉസ്താദടക്കം കാസർകോട് യൂസുഫ് മുസ്‌ലിയാർ, വാളക്കുളം അലവിക്കുട്ടി, മുഹമ്മദ് കുട്ടി എന്നീ നാലു പേരായിരുന്നു ഉണ്ടായിരുന്നത്. അന്ന് മുഖ്തസ്വർ ബാച്ചിൽ കുമരംപുത്തൂർ മുഹമ്മദ് മുസ്‌ലിയാർ, മുക്കം മുഹമ്മദ്, സൈതലവി, ബാഫഖി തങ്ങൾ തുടങ്ങിയവരുണ്ടായിരുന്നു. ഏകദേശ കിതാബുകളിലെല്ലാം മികച്ച അവഗാഹം നേടിയിരുന്ന മഹാൻ കല്ലുങ്ങലിൽ വച്ച് കിഴക്കയിൽ അഹമ്മദ് മുസ്‌ലിയാരുടെ അടുക്കൽ നിന്നാണ് പട്ടിക്കാട് ജാമിഅയിലേക്ക് പോവുന്നത്**



*ശൈഖുനാ അരീക്കൽ ഇബ്‌റാഹീം മുസ്‌ലിയാർ*

## ഫൈസിമാരിലെ പ്രഥമൻ

പട്ടിക്കാട് ജാമിഅ നൂരിയ്യയിലെ ആദ്യബാച്ചിലുണ്ടായിരുന്നവരിൽ അവശേഷിച്ച കണ്ണിയാണ് മഹാന്റെ വിയോഗത്തോടെ അസ്തമിച്ചത്. ജാമിഅയിലെ ആദ്യ മുത്വവ്വൽ ബാച്ചിൽ ഉസ്താദടക്കം കാസർകോട് യൂസുഫ് മുസ്‌ലിയാർ, വാളക്കുളം അലവിക്കുട്ടി, മുഹമ്മദ് കുട്ടി എന്നീ നാലു പേരായിരുന്നു ഉണ്ടായിരുന്നത്. അന്ന് മുഖ്തസ്വർ ബാച്ചിൽ കുമരംപുത്തൂർ മുഹമ്മദ് മുസ്‌ലിയാർ, മുക്കം മുഹമ്മദ്, സൈതലവി, ബാഫഖി തങ്ങൾ തുടങ്ങിയവരുണ്ടായിരുന്നു. ഏകദേശ കിതാബുകളിലെല്ലാം മികച്ച അവഗാഹം നേടിയിരുന്ന മഹാൻ കല്ലുങ്ങലിൽ വച്ച് കിഴക്കയിൽ അഹമ്മദ് മുസ്‌ലിയാരുടെ അടുക്കൽ നിന്നാണ് പട്ടിക്കാട് ജാമിഅയിലേക്ക് പോവുന്നത്.

സഹോദരൻ അബ്ദുറഹിമാൻ മുസ്‌ലിയാർ ദാറുൽ ഉലൂം ദയൂബന്ദി ലേക്ക് പോവാൻ നിർദേശിച്ചിരുന്നു വെങ്കിലും മഹാൻ തെരഞ്ഞെടുത്തത് കേരളത്തിൽ തന്നെ തഹ്‌സ്വീൽ നൽകുന്നതിനു വേണ്ടി ആദ്യമായി സ്ഥാപിക്കപ്പെട്ട പട്ടിക്കാട് ജാമിഅ നൂരിയ്യയായിരുന്നു. ഇതിന് പല കാര ണങ്ങളും ഉസ്താദ് ചൂണ്ടിക്കാട്ടിയിട്ടു ണ്ട്. വലിയ ഗുരുനാഥന്മാരുടെ ശിഷ്യത്വം സ്വീകരിക്കുകയെന്നതോ ടൊപ്പം തന്നെ അറബിയിതര ഭാഷക ളോടുള്ള പ്രണയവും ഇതിലുണ്ടായി രുന്നു. കുടുംബാന്തരീക്ഷം തന്നെ അറബി ഭാഷയുമായി ഇഴുകി ച്ചേർന്നതു കൊണ്ട് ആ ഭാഷയെ നെഞ്ചേറ്റാൻ കഴിവ് നേടണമെന്ന അതിയായ ആഗ്രഹം കൂടിയാണ് മഹാനെ അറബികോളേജിലെത്തിച്ച ത്. പക്ഷേ, ആ പ്രതീക്ഷ നിറവേറ്റാ നായില്ല. ആദ്യ രണ്ടു വർഷങ്ങൾക്ക് ശേഷമാണ് കെ.പി ഉസ്മാൻ സാഹി ബിന്റെയൊക്കെ നേതൃത്വത്തിൽ ഇത രഭാഷകൾ പട്ടിക്കാട് പഠിപ്പിക്കപ്പെ ടാൻ തുടങ്ങിയത്.

വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ മഹാന്റെ കഴിവിനെ കോട്ടു മല അബൂബക്ർ മുസ്‌ലിയാർ അംഗീകരിച്ച് ഗുഡ് സർട്ടിഫിക്കറ്റ് നൽകിയ ഒരു സംഭവമുണ്ട്. പട്ടി ക്കാട് ജാമിഅയിലെ ആദ്യ മുത്വവ്വൽ ബാച്ചിലേക്ക് ഇന്റർവ്യൂ നടക്കുന്ന സന്ദർഭം. അയനിക്കാട് അബ്ദുൽ അസീസ് മുസ്‌ലിയാരാണ് ഇന്റർവ്യൂ ബോഡിലുള്ളത്. തൊട്ടടുത്ത് കോട്ടു മല ഉസ്താദടക്കമുള്ള പല മഹാന്മാ രുമുണ്ട്. മുത്വവ്വലെടുത്ത് വായി ക്കാൻ പറഞ്ഞു. വായനക്കിടയിൽ 'സിയാഖ്' എന്ന സ്ഥലമെത്തിയ പ്പോൾ ഇതിന്റെ വിവക്ഷയെന്തെന്ന് ചോദിക്കുകയുണ്ടായി. ഒതിക്കഴിഞ്ഞ കിതാബുകളിലെല്ലാം അഗാധമായ തഹ്ഖീഖിനുടമയായിരുന്ന മഹാൻ ഉടൻ തന്നെ 'ആഖിറുൽ കലാമി ഔ ലാഹിഖുഹു' എന്നാണ് മുറാദെന്ന് മറുപടി നൽകി. അതോടൊപ്പം തന്നെ ഇതേ വസ്തിലുള്ള 'സിബാഖ്' എന്നാൽ 'സാബിഖുൽ കലാം' ആണ് മുറാദെന്നും കൂട്ടി ച്ചേർത്തു. ഇതു കേട്ട ഉടനെ കോട്ടു മല ഉസ്താദ് ഇബ്റാഹീം മുസ്‌ലിയാ രെന്ന ആ വിദ്യാർത്ഥിയെ കുറിച്ച് പറഞ്ഞത് "ആ കുട്ടിയെ വിട്ടോളൂ അവനെല്ലാമറിയാം" എന്നായിരുന്നു.

ഇപ്രകാരം തന്നെ വിദ്യാർത്ഥി ജീവിതത്തിലെ ഉസ്താദിന്റെ കഴിവ് അംഗീകരിക്കപ്പെട്ട മറ്റൊരു സംഭവം കാണുക: ജാമിഅയിലെ ഒരു പരീക്ഷാ കാലം. സഹ്‌വിന്റെ സുജൂദ് സലാമിന്റെ മുമ്പോ ശേഷമോ എന്ന വിഷയത്തിൽ വിവിധ മദ്ഹബു കൾക്കിടയിൽ അഭിപ്രായ വ്യത്യാസ ങ്ങൾ നിലവിലുണ്ട്. ശാഫിഈ മദ്ഹ ബിൽ സലാം വീട്ടുന്നതിന്റെ തൊട്ടു മുമ്പാണ് അതിന്റെ സ്ഥാനം. ഇതു സംബന്ധിയായി ഒരു ചോദ്യം സ്വഹീ ഹുൽ മുസ്‌ലിമിന്റെ പരീക്ഷക്ക് വന്നു. മുതാലഅയുടെ സമയത്ത്, ഈ വിഷയവുമായി ബന്ധപ്പെട്ട് ശറഹു മുസ്‌ലിമിൽ ഇമാം നവവി(റ) എഴുതിയ തഹ്ഖീഖ് ഉസ്താദ് നല്ലവണ്ണം നോക്കിവച്ചിരുന്നു. അത് കൊണ്ട് തന്നെ കിതാബിന്റെ ഇബാ റത്ത് ഉദ്ധരിച്ചു കൊണ്ട് ജാമിഉം മാനിഉമായ ജവാബെഴുതി. എന്നാൽ ഉത്തരപേപ്പർ നോക്കിയ പരീക്ഷാ ബോർഡിലുള്ളവർ ഈ വിദ്യാർത്ഥി ഉത്തരം കിതാബ് നോക്കിയെഴുതിയ താണോയെന്ന് സംശയം പ്രകടിപ്പി ക്കുകയുണ്ടായി. അവസാനം കാര്യ ങ്ങൾ അന്വേഷിച്ച് നിജസ്ഥിതി ബോധ്യപ്പെട്ട അവർ മഹാന്റെ കഴി വിനെ മുക്തകണ്ഠം പ്രശംസിക്കുക യായിരുന്നു.

മുസ്‌ലിമും തുർമുദിയും കോട്ടു മല ഉസ്താദിൽ നിന്നും മുവത്വ ഹംദുല്ല, നസാഈ തുടങ്ങിയവ ശംസുൽ ഉലമയിൽ നിന്നുമാണ് ഓതിയത്. ഇവരുടെ ക്ലാസ്സുകളും ജീവിതരീതികളും തന്റെ ജീവിതത്തെ ഏറെ സ്വാധീനിച്ചിട്ടുണ്ടെന്ന് ഉസ്താദ് പറഞ്ഞിട്ടുണ്ട്.

## ഉഖ്റവിയ്യത്തിന്റെ ശീലങ്ങൾ

ഉഖ്റവിയായ പണ്ഡിതന്റെ എല്ലാ നടപ്പുകളും ശീലങ്ങളും ആ ജീവിതം പറയാതെത്തന്നെ പറഞ്ഞുവച്ചു. ആഢംബരങ്ങൾ തൊട്ടുതീണ്ടാത്ത വേഷവിധാനം ഒരു സ്വൂഫീസാന്നി ധ്യത്തെ ഓർമിപ്പിച്ചിരുന്നു. ഭൗതിക മായ യാതൊരു താൽപര്യവും ആ ജീവിതത്തെ സ്വാധീനിച്ചിരുന്നില്ലെന്ന തിന് ഇന്നും ജീവിക്കുന്ന ഒട്ടേറെ തെളിവുകളുണ്ട്.

ഉസ്താദ് തിരുവള്ളൂരിൽ ദർസ് നടത്തുന്ന കാലത്താണ് (1963) പട്ടി ക്കാട് ആദ്യ സനദ്ദാന സമ്മേളനം നടക്കുന്നത്. സമ്മേളനത്തിന് ബിരുദം വാങ്ങാൻ പോയതുമായി ബന്ധപ്പെട്ട കാര്യങ്ങളന്വേഷിച്ചപ്പോൾ വളരെ മടിയോടെ പങ്കുവച്ച ഒരു കാര്യം ഓർമ്മയിൽ തെളിയുകയാണ്. വളരെ പഴയ ഒരു ജുബ്ബയായിരുന്നു


ആസ്തമക്കും പാരമ്പര്യ രോഗങ്ങൾക്കും ഫലപ്രദമായ ചികിത്സ

**ദേശീയ ആയുർവ്വേദ ഫാർമസി**

പ്ലാസ ബിൽഡിംഗ്, ഊട്ടി റോഡ്, **പെരിന്തൽമണ്ണ**

Ph: 228484 (Shop), 2233038 (Resi)



മമ്പുറം മഖാമിൽ കാൽ നൂറ്റാണ്ടിലേറെ സേവനമനുഷ്ഠിച്ച് ജനമനസ്സുകൾക്ക് ശാന്തിയും സ്നേഹവും ചൊരിഞ്ഞ് രോഗങ്ങൾക്കും സങ്കീർണ്ണ പ്രശ്നങ്ങൾക്കും പരിഹാര നിർദേശങ്ങൾ നൽകിയ ഹക്കീം ടി.ടി.എം ഹാജി ഷംസുദ്ദീൻ മൗലവി ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രോഗികളെ പരിശോധിക്കുന്നു. എല്ലാവിധ മാനസിക അസ്വസ്ഥത, അപസ്മാരം, സ്ത്രീ രോഗങ്ങൾ, ചർമരോഗങ്ങൾ, പൈശാചിക രോഗങ്ങൾ, വന്ധ്യത, ലൈംഗിക രോഗങ്ങൾ, പഴക്കം ചെന്ന വാത രോഗങ്ങൾ, അൾസർ, എല്ലാവിധ അലർജികളും സൈനസൈറ്റിസ് തുടങ്ങിയ എല്ലാ രോഗങ്ങൾക്കും ഫലപ്രദമായ ചികിത്സ ലഭ്യമാണ്.

ഉറക്കിൽ മൂത്രം ഒഴിക്കൽ, വിട്ടുമാറാത്ത തുമ്മൽ, തലവേദന, ആസ്തമ, പ്രമേഹത്തിന് ഇൻസുലിൻ, ഇഞ്ചക്ഷനില്ലാതെ പ്രത്യേകചികിത്സയും ലഭ്യമാണ്.

കൂടാതെ വിദഗ്ധ ഡോക്ടർ

**കെ.സി. മുരളീധരൻ D.A.Mന്റെ സേവനവും ലഭ്യമാണ്.**

പരിശോധനാ സമയം:

10 മണി മുതൽ 12 മണി വരെ, 3 മണി മുതൽ 6 മണി വരെ

ആ സമയത്ത് ഉസ്താദ് ധരിച്ചിരുന്നത്. അതും ധരിച്ച് സനദ് വാങ്ങാൻ പോവുകയാണോയെന്ന് ആരോ പറഞ്ഞപ്പോൾ അതിലെന്തിരിക്കുന്നുവെന്ന് മറുപടി പറഞ്ഞ് അതു തന്നെ ധരിച്ചാണ് പൂക്കോയ തങ്ങളുടെ കരങ്ങളിൽ നിന്നും ബിരുദം സ്വീകരിച്ചതത്രെ! ഭൗതികമായ നന്മകൾ ആ കാലത്ത് തന്നെ ഉസ്താദ് പരിഗണിച്ചിരുന്നില്ലെന്ന് ഇതിലൂടെ മനസ്സിലാക്കാം.

പ്രമേഹം ബാധിച്ചത് കാരണം, കുറച്ചു വർഷങ്ങൾക്ക് മുമ്പ് ഉസ്താദിന്റെ ഒരു കാൽവിരൽ മുറിച്ചു മാറ്റുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് കോഴിക്കോട് മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്ത ദിനത്തിൽ പോലും രാത്രികാലങ്ങളിൽ കാലിലെ കെട്ടുമായി തഹജ്ജുദ് നിസ്കരിച്ചിരുന്ന രംഗം അന്ന് കൂടെയുണ്ടായിരുന്ന ശിഷ്യർ വേദനയോടെ പങ്കുവച്ചിട്ടുണ്ട്. മരണാസന്നനായി കിടക്കുന്ന സന്ദർഭത്തിൽ പോലും സന്ദർശകരോട് നിസ്കരിച്ചോയെന്നന്വേഷിക്കുന്നത് ആ ജീവിതവഴി ഏതായിരുന്നെന്ന് നമുക്ക് മുന്നിൽ അനാവരണം ചെയ്തു തരുന്നുണ്ട്.

പട്ടിക്കാട് ജാമിഅ നൂരിയ്യയിൽ നിന്നും ലഭിച്ച സനദ് ആർ.എസ്.എസുകാർ കത്തിച്ചുകളഞ്ഞത് ഒരു സ്വകാര്യ ദുഃഖമായി മരണം വരെ ഉസ്താദിന്റെ ഹൃദയാന്തരങ്ങളിൽ അവശേഷിച്ചിരുന്നു. തലശ്ശേരിയിൽ കലാപം പൊട്ടിപ്പുറപ്പെട്ട സന്ദർഭത്തിൽ ഉസ്താദ് തലശ്ശേരിയിലെ സമീപപ്രദേശമായ മമ്മാക്കുന്നിൽ ദർസ് നടത്തുകയായിരുന്നു. ഒരു റമളാൻ അവധിക്ക് നാട്ടിലേക്ക് പുറപ്പെട്ട ഉസ്താദ് തിരിച്ചുവരാമെന്ന പ്രതീക്ഷയിൽ കയ്യിലുണ്ടായിരുന്ന പെട്ടിയിൽ കിതാബും സനദ് സർട്ടിഫിക്കറ്റുമെല്ലാം അടക്കിവെച്ച് പള്ളിയിലെ അലമാരയുടെ മുകളിൽ വച്ചു. ഖേദകരമെന്ന് പറയട്ടെ കലാപവുമായി ബന്ധപ്പെട്ട് വിറളിപിടിച്ച ആർ.എസ്.എസുകാർ റമളാൻ മാസത്തിൽ ആ പള്ളി അഗ്നിക്കിരയാക്കുകയുണ്ടായി. ഇതിൽ ആ പെട്ടിയും അതിലെ സകലതും കത്തിനശിക്കുകയായിരുന്നു.

കർമശാസ്ത്ര വിഷയങ്ങളിൽ അഗാധമായ തഹ്ഖീഖുണ്ടായിരുന്നു മഹാന്. ജ്യേഷ്ഠൻ അബ്ദുറഹ്മാൻ

**പ്രമേഹം ബാധിച്ചത് കാരണം, കുറച്ചു വർഷങ്ങൾക്ക് മുമ്പ് ഉസ്താദിന്റെ ഒരു കാൽവിരൽ മുറിച്ചു മാറ്റുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് കോഴിക്കോട് മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്ത ദിനത്തിൽ പോലും രാത്രികാലങ്ങളിൽ കാലിലെ കെട്ടുമായി തഹജ്ജുദ് നിസ്കരിച്ചിരുന്ന രംഗം അന്ന് കൂടെയുണ്ടായിരുന്ന ശിഷ്യർ വേദനയോടെ പങ്കുവച്ചിട്ടുണ്ട്. മരണാസന്നനായി കിടക്കുന്ന സന്ദർഭത്തിൽ പോലും സന്ദർശകരോട് നിസ്കരിച്ചോയെന്നന്വേഷിക്കുന്നത് ആ ജീവിതവഴി ഏതായിരുന്നെന്ന് നമുക്ക് മുന്നിൽ അനാവരണം ചെയ്തു തരുന്നുണ്ട്**

മുസ്‌ലിയാർ പല സന്ദർഭങ്ങളിലും അനുജന്റെ ഫിഖ്ഹിലെ തഹ്ഖീഖിനെ പ്രശംസിക്കാറുണ്ടായിരുന്നു. പള്ളികളിൽ ദർസ് നടത്തിയിരുന്ന കാലങ്ങളിൽ ദീർഘനേരം ഉത്ബോധന പ്രസംഗങ്ങൾ നടത്താറുണ്ടായിരുന്നു മഹാൻ. എന്നാൽ ശേഷ ജീവിതത്തിൽ ആ ജീവിതരീതി കൂടുതലായി പിന്തുടർന്നിരുന്നില്ല.

## കടമേരിയും അരീക്കലും

കടമേരി റഹ്മാനിയ്യ അറബി കോളേജും അരീക്കൽ ഇബ്റാഹീം മുസ്‌ലിയാരും തമ്മിൽ ഇഴപിരിയാത്ത ബന്ധമാണുണ്ടായിരുന്നത്. വലിയ അരീക്കലുണ്ടായിരുന്നപ്പോൾ മുന്നോട്ട് കടന്നു വന്നില്ലെങ്കിലും അദ്ദേഹത്തിന്റെ വിയോഗാനന്തരം കടമേരിയിലെയും സമീപ പ്രദേശങ്ങളിലെയും ഒരു ആശ്രയമായിരുന്നു ഇബ്റാഹീം മുസ്‌ലിയാർ(ന.മ). കടമേരി പള്ളിയിൽ പ്രത്യേക ദിവസങ്ങളിൽ നടന്നുവരാറുള്ള പ്രാർത്ഥനകൾക്ക് സ്ഥിരമായി നേതൃത്വം നൽകിയിരുന്നത് മഹാനായിരുന്നു. എത്ര പ്രയാസമുണ്ടെങ്കിലും കോളേജിലെ സബ്ഖുകൾ മുടങ്ങാതിരിക്കാൻ ഉസ്താദ് ഏറെ ശ്രദ്ധിച്ചിരുന്നു. ഇരുപത് കിലോമീറ്ററോളം ദൂരത്തുള്ള ഉസ്താദിന്റെ ദുർഘടമായ നാട്ടുവഴികളിൽ നിന്നും രോഗങ്ങളലട്ടിയ കാലത്തുപോലും അതിരാവിലെ കോളേജിലെത്തുന്ന ശീലം പരിശുദ്ധ ദീൻ നിലനിർത്താനുള്ള ഉൽക്കടമായ ആഗ്രഹത്തിന്റെ ബാക്കി പത്രമായിരുന്നു.

വടകര താലൂക്കിലെ സമസ്ത കേരള ജംഇയ്യത്തുൽ ഉലമായുടെ മുന്നണിപ്പോരാളിയായിരുന്നു ഉസ്താദ്. ഒച്ചപ്പാടുകൾക്ക് പിടികൊടുക്കാതെ ഉഖ്റവിയ്യായ പണ്ഡിതന്റെ എല്ലാ നടപ്പുകളോടെയും സമസ്തയുടെ പ്രവർത്തനങ്ങളിൽ ഉസ്താദ് നിറഞ്ഞു നിന്നു. അരീക്കൽ ഇബ്റാഹീം മുസ്‌ലിയാരുടെ കനമുള്ള അറിവിനെ തിരിച്ചറിഞ്ഞതുകൊണ്ടാണ് മഹാനെ മൂന്നു വർഷങ്ങൾക്ക് മുമ്പ് കേന്ദ്ര മുശാവറ മെമ്പറായി തെരഞ്ഞെടുക്കുന്നത്. അർഹമായ അംഗീകാരമെന്നേ അതിനെ വിശേഷിപ്പിക്കാനാവൂ. മുയ്പ്പോത്ത്, നെടുമ്പ്രമണ്ണ, കീഴ്പ്പയൂർ, ചെറുവണ്ണൂർ, കക്കാറുക്ക്, കാഞ്ഞീരാട്ടുതറ തുടങ്ങിയ മഹല്ലുകളുടെ ഖാസി സ്ഥാനവും ഉസ്താദലങ്കരിച്ചു.

## അറബി കാവ്യലോകത്തിന്റെ മലയാളി മുഖം

പിതാവിന്റെ സർഗപാരമ്പര്യം ജ്യേഷ്ഠനെ പോലെ മഹാനിലും ഒരളവോളം അനുഭവവേദ്യമായിരുന്നെങ്കിലും ആ രംഗത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ടുള്ള കാവ്യരംഗത്തെ സജീവമായ നൈരന്തര്യങ്ങൾക്ക് ഉസ്താദ് മുതിർന്നില്ലെന്നു വേണം കരുതാൻ. അതുകൊണ്ടാവണം സുന്ദരമായ കാവ്യശൈലിക്കുടമയായിട്ടും കൂടുതൽ രചനകൾ നടക്കാതെ പോവാൻ കാരണം. എങ്കിലും ആ തൂലികയിൽ നിന്നും നിർഗളിച്ച ശകലങ്ങൾ തനിമയാർന്ന അറബി ശൈലിയുടെ നേർപതിപ്പുക

ളായിരുന്നു. 'പാടിയ പാട്ടെല്ലാം മനോഹരം, പാടാനുള്ളത് അതിലേറെ മനോഹരം' എന്ന കവിതാ ശകലങ്ങളെ വിലയിരുത്തുമ്പോൾ നമുക്ക് പറഞ്ഞു വക്കാനാവൂ. ചെറുതെങ്കിലും അത് സമാഹരിക്കപ്പെടേണ്ടത് ഈ രംഗത്ത് മുതൽകൂട്ടാവുമെന്നുറപ്പാണ്.

അറബി കവിതകളിലൂടെ സമൂഹമനസ്സാക്ഷിയെ തൊട്ടുണർത്തിയ പാരമ്പര്യം കേരളത്തിന്റെ സുകൃതമാണ്. മഖ്ദൂമുമാരിൽ നിന്നും തുടങ്ങിയ ആ പാരമ്പര്യത്തിന് ഒട്ടേറെ തിളക്കമുള്ള കണ്ണികൾ ശേഷകാലത്തുണ്ടായിട്ടുണ്ട്. ഉമർ ഖാളി, മമ്പുറം തങ്ങൾ, ആമിനുമ്മാന്റകത്ത് പരീക്കുട്ടി മുസ്‌ലിയാർ തുടങ്ങിയവർക്ക് ശേഷം കാടേരി മുഹമ്മദ് മുസ്‌ലിയാർ, കൂട്ടിലങ്ങാടി ബാപ്പു മുസ്‌ലിയാർ, അമാനത്ത് കോയണ്ണി മുസ്‌ലിയാർ, അരീക്കൽ അഹ്മദ് മുസ്‌ലിയാർ എന്നിവരിലൂടെ മുറിയാതെ ആ കണ്ണികൾ ഇവിടെ നിലകൊണ്ടു. പിന്നീട് ആ രംഗത്തെ ആധുനിക സാന്നിധ്യമായിരുന്ന അറബി കവിതാലോകത്തിന്റെ മലയാളി മുഖം മഹാന്റെ ജ്യേഷ്ഠ സഹോദരൻ അരീക്കൽ അബ്ദുറഹ്മാൻ മുസ്‌ലിയാർ(ന.മ).

ഇവരെപ്പോലെ ഗ്രന്ഥരചനകൾ നടത്തിയിട്ടില്ലെങ്കിലും ചിറകു വിടർത്തുന്ന ഭാവനകളെ അറബിയിൽ ചാലിച്ചെടുക്കാനുള്ള ഉസ്താദിന്റെ ശ്രമങ്ങളും വിജയകഥകളും വിലയിരുത്തപ്പെടേണ്ടതുണ്ട്. പല ആധുനിക സംഭവ വികാസങ്ങളെയും ചരിത്രപരമായി വർത്തമാനത്തോട് ചേർത്തുവച്ചുള്ള അപഗ്രഥനങ്ങളും പ്രമുഖ വ്യക്തിത്വങ്ങളുടെ മരണങ്ങളും മഹാന്റെ കവിതകൾക്ക് ഇതിവൃത്തങ്ങളായിട്ടുണ്ട്.

പൊതുധാരയിൽ വേണ്ടത്ര അറിയപ്പെട്ടിട്ടില്ലാത്ത കയ്യെഴുത്ത് ഗ്രന്ഥങ്ങളിൽ മാത്രമാണ് അവകളിൽ പലതും വെളിച്ചം കണ്ടത് എന്നതു കൊണ്ട് തന്നെ അരീക്കൽ ഇബ്റാഹീം മുസ്‌ലിയാരെന്ന അറബി കവിയെ അധികമാരും അറിയാതെ പോയി എന്നത് വസ്തുതയാണ്.

ജോർജ് ബുഷിന്റെ അമേരിക്കൻ സൈന്യം ഇറാഖിന്റെ മണ്ണിൽ അധിനിവേശം നടത്തി ചെയ്തുകൂട്ടിയ നരനായാട്ടുകളെ 'യാ ഹസ്റത്താ..' എന്ന കവിതയിലൂടെ ഉസ്താദ് വിലയിരുത്തുന്നത് കാണുക:

*ലൗ കുൻത തൻളുറുലാ തറാ ഇല്ലാ സവാ-*
*രീഖൻ അത്തത്ത് മിൻ ഹാമിലാത്തിൻ ദിമാരി.*
*അജബൻ ലി ഫിർഔൻനൽ ഹദീസി വ സഅ്യിഹി*
*തൗഅൻ ലി സുഹ്‌യൂണിയ്യത്തിൻ ഗദ്ദാരി*
*അഅ്നിൽ മുദമ്മറ ബുഷ് ജുന്ന ജുനൂനുഹു*
*ഫീ ബുഗ്‌ളിഹീ ലിൽ ഉമ്മതിൽ അബ്റാറി*

(ബോംബുകളുടെ ശരവർഷങ്ങളല്ലാതെ നിനക്കവിടെ കാണാനാവില്ല. വഞ്ചകരായ സിയോണിസ്റ്റുകൾക്കോശാന പാടി പരിശുദ്ധരായ മുസ്‌ലിം ഉമ്മത്തിന് നേരെ ഭ്രാന്തമായ ആവേശത്തോടെ പാഞ്ഞടുക്കുന്ന ആധുനിക ഫിർഔൻ ബുഷും പരിവാരങ്ങളുടെയും കാര്യമത്ഭുതം!) ഇങ്ങനെ ദീർഘമായ ഈ കവിതയിലൂടെ ഒട്ടനവധി യാഥാർത്ഥ്യങ്ങൾ തുറന്നുവക്കുന്നുണ്ട്. അവസാനം മുസ്‌ലിംനാടുകളിൽ നിന്നും അധിനിവേശങ്ങളെ നാടുകടത്തണേയെന്ന പ്രാർത്ഥനയോടെ കവിതയവസാനിക്കുന്നു.

അപ്രകാരം തന്നെ 'ഹംദൻ ലി ബാരീനാ.., അബ്കാനീ മുഹ്ദിസാത്തുൽ അസ്റ് തുടങ്ങിയ കവിതകളിലെ ഓരോ വരികളും സൈനുദ്ദീൻ മഖ്ദൂമിന്റെ 'ഹിദായത്തുൽ അദ്കിയ'യെ ഓർമിപ്പിക്കുന്നതാണ്. പുതിയകാലത്ത് മുസ്‌ലിം സമൂഹത്തെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന ഭൗതികകാഴ്ചപ്പാടുകളിലെ അനർത്ഥങ്ങളെയും ആത്മസംസ്കരണത്തെയും ഇഹപര വിജയത്തെയന്വേഷിക്കേണ്ട മാർഗങ്ങളെ പറ്റിയും നമ്മോട് പങ്കുവെക്കുന്നു.

*വബഅ്ദു ഫൽ ജാഹിലു ബിസ്സമാനി*
*വ സനീഉഹു ഫീ സുംറത്തിൽ ഉംയാനി*
*അമ്മൽ ഫസാദുൽ അർള ഹത്താ ലാ യുറാ*
*ഫീ കസ്ബി ബിർറിൻ മാ സിവൽ ഇംകാനി*

കാലത്തിന്റെ വികൃതികളെക്കുറിച്ച് അജ്ഞാനിയായി പ്രവർത്തിക്കുന്നവർ അന്ധന്മാരുടെ കൂട്ടത്തിലാണ്. ഭൂമിയിൽ നന്മകൾ കാണപ്പെടാത്ത രീതിയിൽ തിന്മകൾ രംഗം കയ്യടക്കിയിരിക്കുന്നെന്നർത്ഥമുള്ള ഈ വരികളിലൂടെ പുതിയ കാലത്തെ തെറ്റായ പ്രവണതകളെ വിലയിരുത്തുകയാണ്.

*ദൂനൽ വുഖൂഫി അലൽ ഹഖീഖത്തി ബൽ ബിമാ*
*ളന്നഹു ഇന്നസ്സൂള ഔ ബുഹ്താനി...*
*യാ ഉമ്മതൻ കാനത് റുഊസൽ അർളി ഫീ*
*അയ്ദീ ഖിയാദത്തിഹാ മദീദ സമാനി*
*യാ മഅ്ശറൽ ഇസ്‌ലാമി ഊദൂ വൽസമൂ*
*സുനനൽ ഊലാ സബഖൂ മിനൽ ഇഖ്‌വാനി*
*വസ്തംസകൂ ബിമതീനി ഹബ്‌ലില്ലാഹി ഫീ*
*അഹ്‌വാലിക്കും ഫിൽ ഐശി ബി ഇത്ഖാനി*

മുസ്‌ലിം സമൂഹത്തിന്റെ ആധുനിക മുഖത്തെ വിമർശനവിധേയമാക്കുകയാണ് ഈ വരികളിലൂടെ. "യാഥാർത്ഥ്യങ്ങളെ പരിഗണിക്കാതെ തിന്മകൾ രസം


**മാനസിക പ്രശ്നങ്ങൾക്ക്**

**ഹിപ്നോട്ടിസം കൗൺസിലിംഗ്**

ഭയം, ടെൻഷൻ, അലസത, അമിതചിന്തകൾ, സംശയം, മനോസംഘർഷങ്ങൾ, പരാജയബോധം, ഉത്കണ്ഠ, ഉറക്കകുറവ്.....

**ദാമ്പത്യം**

കുടുംബ ജീവിതത്തിലെ പൊരുത്തക്കേടുകൾ, ലൈംഗിക പ്രശ്നങ്ങൾ - മരവിപ്പ്, താൽപര്യക്കുറവ്, അമിതലൈംഗികാസക്തി, പുറത്ത്പറയാൻ കഴിയാത്ത മറ്റു പ്രശ്നങ്ങൾ....

**കൗമാരം**

കൗമാര പ്രായത്തിൽ ആൺ - പെൺകുട്ടികളിലുണ്ടാകുന്ന മനോസംഘർഷങ്ങൾ, പഠനത്തിൽ താൽപര്യക്കുറവ്, പരീക്ഷാസമയത്ത് മറന്നു പോവുന്ന അവസ്ഥ, ഭയം, തലവേദന, ഉറക്കംവരൽ, മാതാപിതാക്കളെ ധിക്കരിക്കൽ, കളവ് പറയൽ, മറ്റുപ്രശ്നങ്ങൾക്ക്...

**പ്രത്യേകം ചികിത്സയും കൗൺസിലിങ്ങും നൽകുന്നു.**

**ഡോ. ഇക്ബാൽ Ph.D**
**MIND VISION**
എടപ്പാൾ, സബ്സ്റ്റേഷൻ സ്റ്റോപ്പ്, മലപ്പുറം ജില്ല.
ഫോൺ : 9995220988, 9349799843

ചേർക്കുന്ന ഭാവനാലോകത്താണവർ. ഒരു കാലത്ത് ഭൂമിയുടെ അമരത്തിരുന്ന വിഭാഗമായിരുന്നു മുസ്‌ലിംകൾ. നന്മകൾ പകർന്നു തന്ന് കഴിഞ്ഞു പോയ നമ്മുടെ സഹോദരങ്ങളുടെ ചര്യകളിലേക്ക് സമൂഹമേ മടങ്ങുക. ജീവിതത്തിന്റെ നിഖില മേഖലകളിലും അല്ലാഹുവിന്റെ പാശം മുറുകെ പിടിക്കുകയും ചെയ്യുക. ജാജ്ജ്വല്യമാനമായ ഇന്നലെകളിലെ ഓർമ്മകളെ തൊട്ടുണർത്തി പുതിയ ലോകം സൃഷ്ടിച്ചെടുക്കാൻ ആവശ്യപ്പെടുന്ന ഇത്തരം ആശയലോകം മറ്റു പല കവിതകളിലും കാണാവുന്നതാണ്.

കശ്മീരിന്റെ അസ്വസ്ഥാജനകമായ മനസ്സ് ഇന്ത്യയുടെ തീരാശാപമാണ്. ആ മേഖലയിലെ ഇന്ത്യൻ സൈന്യത്തിന്റെ കടന്നു കയറ്റം എന്നും വിമർശിക്കപ്പെട്ടിട്ടുണ്ട്. കശ്മീരിന്റെ അവസ്ഥകളെ വരകിൾ വർണ്ണിക്കുന്നു.

*യാ വൈലത്താ യാ ഹസ്‌റത്താ ഇഖ്‌വാനീ*
*യൽഖൂന മാ യൽഖൂന മിൻ ഉദ്‌വാനി*
*യാ വൈഹ സുക്കാനിൻ ബികാശ്മീരിൻ ലഖൂ*
*മാലാ യുമാസിലുഹു അദൻ മിൻ ജാനിൻ*

എന്റെ സഹോദരങ്ങളുടെ നാശമേ, വല്ലാത്ത ശത്രുതയെയാണ് അവർ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. കശ്മീരി നിവാസികൾ തുല്യതയില്ലാ പീഡനങ്ങൾ നേരിട്ടിരിക്കുന്നു. ഇന്ത്യൻ സൈന്യത്തിന്റെ കശ്മീരിലെ ഇടപെടലിനെക്കുറിച്ച് പറയുന്ന 'ലം യഫ്ഹമൂ മിൻ ഹുർമത്തിൽ ഇൻസാനി' മനുഷ്യന്റെ പവിത്രതയെ മാനിക്കാനവർക്കറിയില്ല.

'നാദാപുരം' സംഭവമടക്കമുള്ള പ്രാദേശിക വിഷയങ്ങളും ഉസ്താദിന്റെ കവിതയിൽ വിഷയീഭവിച്ചിട്ടുണ്ട്. ഒട്ടനവധി മർസിയ്യത്തുകളും ഉസ്താദ് രചിച്ചിട്ടുണ്ട്. അണ്ടോണ(ന.മ). പാണക്കാട് തങ്ങൾ, ജ്യേഷ്ഠൻ അബ്ദുറഹ്മാൻ മുസ്‌ലിയാർ, ശംസുൽ ഉലമ തുടങ്ങിയവരെ കുറിച്ചുള്ള മർസിയ്യത്തുകൾ പ്രധാനമാണ്.

ശിഹാബ് തങ്ങൾ വഫാത്തായപ്പോൾ എഴുതി:

*ഫശാ നഅ്‌യു മൗലാന ശ്ശിഹാബി*

**പഠനകാലത്ത് തന്നെ കാവ്യലോകത്തേക്ക് മഹാൻ കാലെടുത്തുവച്ചിരുന്നു. ദർസിൽ പഠിക്കുന്ന കാലത്ത് അറബിയിൽ കവിതാ രൂപത്തിൽ ജ്യേഷ്ഠന് കത്തെഴുതാറുണ്ടായിരുന്നെന്ന് ഉസ്താദ് തന്നെ ജ്യേഷ്ഠനെ കുറിച്ചുള്ള 'അരീക്കൽ ഉസ്താദ്: അറിവിന്റെ വിനയം' എന്ന ഓർമപുസ്തകത്തിൽ അനുസ്മരിച്ചിട്ടുണ്ട്. ഒരിക്കൽ ജ്യേഷ്ഠന് താഴെക്കോട് ദർസിൽ പഠിക്കുന്ന കാലത്ത് അറബിയിൽ കവിതാ രൂപത്തിലെഴുതിയ കത്ത് വായിച്ച് ജ്യേഷ്ഠൻ അബ്ദുറഹിമാൻ മുസ്‌ലിയാർ എഴുതിയ മറുപടി ഇപ്രകാരമായിരുന്നു: "അയ്യുഹൽ അഖുൽ അസീസ് വഫഖ്ത്തു അലാ കിതാബത്തികൽ വാഫിറ, അശ്ആറുഹുസാർറാ." പ്രിയപ്പെട്ട സഹോദരാ, നിന്റെ എഴുത്തിലടങ്ങിയ സന്തോഷദായകമായ കാവ്യലോകത്തിനു മുന്നിൽ ഞാൻ അത്ഭുതത്തോടെ നോക്കിനിന്നുപോയി**

*മുഹമ്മദിൻ*
*ഫ ബാതൽ വറാ സഹ്‌റൻ*
*കലൈതി അർമുദി*
*യദുഖുൽ വറാ അബ്‌വാബഹും*
*തൂല ഐശിഹിം*

ലി തഹ്‌സ്വീലി മത്‌ലൂബിൻ, വ തബ്ദീലി മുൻകരിൻ

"മുഹമ്മദലി ശിഹാബ് തങ്ങളെയോർത്തുള്ള വിലാപങ്ങളുയരുകയാണ്-സമൂഹത്തിന് ഉറക്കമില്ലാത്ത രാത്രികളാണത് സമ്മാനിച്ചത്. കാര്യസാധ്യത്തിനു വേണ്ടിയും പ്രയാസങ്ങളെ ദൂരീകരിക്കാനും ആ വാതിൽ സമൂഹം മുട്ടികൊണ്ടിരിക്കുന്നു. ഇങ്ങനെ ആ വൻ വൃക്ഷം വീണപ്പോഴുണ്ടായ വിടവ് സൃഷ്ടിച്ച ആഘാതം വ്യക്തമായി ആവിഷ്കരിക്കുന്നു കവിതയിലെ മറ്റു വരികൾ.

ജ്യേഷ്ഠന്റെ മരണത്തെ അനുശോചിച്ചു കൊണ്ട് 'അൽ മൗതു ബാബുൻ, വ കുല്ലുന്നാസി ദാഖിലുഹൂ' മരണമൊരു വാതിലാണ് അതിലൂടെ എല്ലാവരും കടന്നു പോവേണ്ടിവരുമെന്ന് തുടങ്ങുന്ന ആശയപ്രപഞ്ചത്തെയാണ് വേദനയോടെ തുറന്നു വച്ചത്.

ഇങ്ങനെ ആ തൂലികയിലൂടെ നിർഗളിച്ച ഒട്ടനവധി കാവ്യങ്ങളുണ്ട്. അറബ് ലോകത്തായിരുന്നു മഹാൻ ജനിച്ചിരുന്നതെങ്കിൽ ഇതിലേറെ അറബി കാവ്യലോകത്തെ സുന്ദര സാന്നിധ്യമാവാൻ അരീക്കൽ ഇബ്റാഹീം മുസ്‌ലിയാരെന്ന മലയാളത്തിലെ അറബി കവിക്ക് കഴിയുമായിരുന്നു എന്നു പറഞ്ഞാൽ തെറ്റാവില്ല.

പഠനകാലത്ത് തന്നെ കാവ്യലോകത്തേക്ക് മഹാൻ കാലെടുത്തുവച്ചിരുന്നു. ദർസിൽ പഠിക്കുന്ന കാലത്ത് അറബിയിൽ കവിതാ രൂപത്തിൽ ജ്യേഷ്ഠന് കത്തെഴുതാറുണ്ടായിരുന്നെന്ന് ഉസ്താദ് തന്നെ ജ്യേഷ്ഠനെ കുറിച്ചുള്ള 'അരീക്കൽ ഉസ്താദ്: അറിവിന്റെ വിനയം' എന്ന ഓർമപുസ്തകത്തിൽ അനുസ്മരിച്ചിട്ടുണ്ട്. ഒരിക്കൽ ജ്യേഷ്ഠന് താഴെക്കോട് ദർസിൽ പഠിക്കുന്ന കാലത്ത് അറബിയിൽ കവിതാ രൂപത്തിലെഴുതിയ കത്ത് വായിച്ച് ജ്യേഷ്ഠൻ അബ്ദുറഹിമാൻ മുസ്‌ലിയാർ എഴുതിയ മറുപടി ഇപ്രകാരമായിരുന്നു: "അയ്യുഹൽ അഖുൽ അസീസ് വഫഖ്ത്തു അലാ കിതാബത്തികൽ വാഫിറ, അശ്ആറുഹുസാർറാ." പ്രിയപ്പെട്ട സഹോദരാ, നിന്റെ എഴുത്തിലടങ്ങിയ സന്തോഷദായകമായ കാവ്യലോകത്തിനു മുന്നിൽ ഞാൻ അത്ഭുതത്തോടെ നോക്കിനിന്നുപോയി.

അരീക്കൽ വലിയോർ എന്നറിയപ്പെട്ട അബ്ദുല്ല മുസ്‌ലിയാർ, അബ്ദുറഹിമാൻ മുസ്‌ലിയാർ എന്നീ രണ്ട് സഹോദരങ്ങളും ആമിന, ബീഫാത്തിമ, മറിയം, ഖദീജ, കുഞ്ഞാമിന, കുഞ്ഞായിശ എന്നീ ആറ് സഹോദരിമാരുമാണ് ഉസ്താദിനുണ്ടായിരുന്നത്. സുഹ്റ, ആയിശ, ജമീല, നജീബ, ബുഷ്റ, ഹഫ്സ, മൈമൂന, മുഹമ്മദ്, അബ്ദുല്ലത്തീഫ് എന്നിവരാണ് മഹാന്റെ സന്താനങ്ങൾ.

# അജ്മീർ ഖാജ ആത്മനിർവൃതിയിലെ നിത്യജ്യോതിസ്

• നസീൽ ഇബ്റാഹീം കോടമ്പുഴ

ഇന്ത്യയിൽ ഇസ്‌ലാമിക പ്രബോധന ത്തിനും രാജ്യപുരോഗതിക്കും സൂഫി കളും സൂഫീപ്രസ്ഥാനങ്ങളും നൽകിയ സംഭാവനകൾ വലുതാണ്. പല സൂഫി ത്വരീഖത്തുകൾക്കും ഇന്ത്യയിൽ വേരോട്ടം ഉണ്ടായെങ്കിലും ഇന്ത്യൻ ജനഹൃദയത്തിൽ കൂടുതൽ സ്വാധീനം ചെലുത്തിയത് ചിശ്ത്തിയ്യ, ഖാദിരിയ്യ, നഖ്ശബന്ദിയ്യ, സുഹ്റവർദിയ്യ എന്നീ നാലു ത്വരീഖ ത്തുകളാണ്. ഇന്ത്യയിൽ മുഹമ്മദ് ഗസ്നി മുതൽ ആയിരം വർഷ ത്തോളം മുസ്‌ലിം രാജാക്കന്മാരാണ് ഭരണം നടത്തിയിട്ടുള്ളത്. ഈ കാല ഘട്ടത്തിൽ ഇസ്‌ലാമിക പ്രബോധ നവും പരിവർത്തനവും വളരെ വിരള മായിരുന്നു. എന്നാൽ ഇന്ത്യയിൽ അന്യമതക്കാരുടെ ഇസ്‌ലാമിക പരി വർത്തനത്തിന് യഥാർത്ഥ കാരണം സൂഫികളുടെയും സൂഫീത്വരീഖത്തു കളുടെയും കടന്നുവരവും സ്വാധീന വുമാണ്.

ഇന്ത്യയിൽ ഇസ്‌ലാമിക പ്രചരണ ത്തിന് കൂടുതൽ സഹായകമായത് ചിശ്ത്തിയ്യ ത്വരീഖത്താണ്. ഇന്ത്യ യുടെ സുൽത്വാനായ (സുൽത്വാനുൽ ഹിന്ദ്) ഖാജാ മുഈനുദ്ദീൻ ചിശ്ത്തി അജ്മീരിയ്യാണ് ഇന്ത്യയിൽ ചിശ്ത്തി ത്വരീഖത്ത് സ്ഥാപിച്ചത്. മുസ്‌ലിം വിരോധിയായ ഡൽഹി ഭരണാധികാ രി പൃഥ്വീരാജ് ചൗഹാന്റെ കാലഘട്ട ത്തിൽ അജ്മീർ കേന്ദ്രീകരിച്ചായി രുന്നു ഖാജയുടെ പ്രബോധനം. അന്ന് അജ്മീർ ഹിന്ദുക്ഷേത്രങ്ങൾകൊണ്ടും പൂജാരിമാരെ കൊണ്ടും നിറഞ്ഞ പുണ്യനഗരമായിരുന്നു. അന്നത്തെ രാജാവ് പൃഥ്വീരാജ ചൗഹാന്റെയും ഹിന്ദു പ്രമാണിമാരുടെയും എതിർപ്പു



കളും ഭീഷണികളും നിറപുഞ്ചിരിയോടെ സ്വീകരിച്ച ഖാജയുടെ വ്യക്തിപ്രഭാവം കൊണ്ട് മാത്രമാണ് അന്ന് ഇത്രയധികം ഇസ്‌ലാം പ്രചരിച്ചത്. ആ മഹാനുഭാവന്റെ 805-ാം വിയോഗവാർഷികം ഈ റജബ് ആറിന് തികഞ്ഞു.

## പവിത്ര ജീവിതം

ഇറാനിലെ സിജിസ്താനിലെ സഞ്ചറിൽ ഖാജാ ഗിയാസുദ്ദീന്റെയും സയ്യിദത്ത് മാഹിനൂറിന്റെയും മകനായി ക്രിസ്താബ്ദം 1142 ഹിജ്റ 530 റജബ് 14-നാണ് ഖാജ മുഈനുദ്ദീൻ ഹസൻ ചിശ്ത്തി ജനിച്ചത്. പിതാവ് വഴി ഹുസൈനിയിലേക്കും മാതാവ് വഴി ഹസൻ(റ) ലേക്കും പരമ്പര ചേരുന്നതാണ്. പിതാവ് വഴി ഹുസൈൻ(റ)ലേക്കും മാതാവ് വഴി ഹസൻ(റ) ലേക്കുമാണ് പരമ്പര വന്നുചേരുന്നത്. ആഭ്യന്തര കലഹം കാരണം പിതാവ് ഗിയാസുദ്ദീനും കുടുംബവും ഖുറാസാനിലേക്ക് മാറിത്താമസിച്ചു. അവിടെ വച്ചാണ് ബഹുമാനപ്പെട്ടവരുടെ വൈജ്ഞാനിക ലോകം ആരംഭിക്കുന്നത്. പ്രാഥമിക വിദ്യാഭ്യാസം പിതാവ് ഗിയാസുദ്ദീനിൽ നിന്ന്, ശേഷം ഹസ്റത്ത് ഹുസാമുദ്ദീനിൽ നിന്ന് തഫ്സീർ, ഹദീസ്, ഫിഖ്ഹ്, മൻത്വിഖ്, ബലാഗ, അറബി, ഫാർസി തുടങ്ങിയ വിഷയങ്ങൾ ഹൃദിസ്ഥമാക്കി. ഖാജായെ വളരെയധികം ദുഃഖത്തിലാക്കി പിതാവും മാതാവും ഇഹലോകം വെടിഞ്ഞത് മഹാനവർകളുടെ ഇരുപത്തിയൊന്നാം വയസ്സിലാണ്. ശേഷം ശൈഖ് ഇബ്റാഹീം ഖൻദൂനിയുടെയും ഹസ്റത്ത് ഖാജാ ഉസ്മാൻ ഹാറൂനിയുടെയും ശിഷ്യത്വം സ്വീകരിച്ചു. തുടർന്ന് ആത്മീയ ലോകത്തിന്റെ നെറുകയിലേക്ക് നടന്നുനീങ്ങി.

ദാഇമുൽ വുളൂഇന്നുടമയായ ഖാജ വുളൂ എടുത്ത ശേഷം രണ്ടു റക്അത്ത് സുന്നത്ത് നിസ്കാരം പതിവാക്കിയിരുന്നു. പാവങ്ങളെ സഹായിക്കുകയും അശരണരെ സ്നേഹിക്കുകയും ചെയ്ത ഖാജയുടെ തൂലികയിലൂടെ കൻസുൽ അസ്റാർ, രിസാലത്തുൽ വുജൂദിയ്യ, ഹദീസുൽ മഅ്രിഫ്, ദീവാനു ഖാജാ, അനീസുൽ അർവാഹ് എന്നീ മൂല്യമുള്ള ഗ്രന്ഥങ്ങൾ വെളിച്ചം കണ്ടിട്ടുണ്ട്. സയ്യിദ് വജീഹുദ്ദീൻ മശ്ഹദിയുടെ മകൾ

**ഇന്ത്യയിൽ ഇസ്‌ലാമിക പ്രചരണത്തിന് കൂടുതൽ സഹായകമായത് ചിശ്ത്തിയ്യ ത്വരീഖത്താണ്. ഇന്ത്യയുടെ സുൽത്വാനായ (സുൽത്വാനുൽ ഹിന്ദ്) ഖാജാ മുഈനുദ്ദീൻ ചിശ്ത്തി അജ്മീരിയ്യാണ് ഇന്ത്യയിൽ ചിശ്ത്തി ത്വരീഖത്ത് സ്ഥാപിച്ചത്. മുസ്‌ലിം വിരോധിയായ ഡൽഹി ഭരണാധികാരി പൃഥ്വീരാജ് ചൗഹാന്റെ കാലഘട്ടത്തിൽ അജ്മീർ കേന്ദ്രീകരിച്ചായിരുന്നു ഖാജയുടെ പ്രബോധനം. അന്നത്തെ രാജാവ് പൃഥ്വീരാജ ചൗഹാന്റെയും ഹിന്ദു പ്രമാണിമാരുടെയും എതിർപ്പുകളും ഭീഷണികളും നിറപുഞ്ചിരിയോടെ സ്വീകരിച്ച ഖാജയുടെ വ്യക്തിപ്രഭാവം കൊണ്ട് മാത്രമാണ് അന്ന് ഇത്രയധികം ഇസ്‌ലാം പ്രചരിച്ചത്**

സയ്യിദത്ത് ഇസ്മത്തും മറ്റൊരു പ്രമുഖ പുത്രി അമത്തുല്ല ബീവിയുമാണ് ഖാജയുടെ ജീവിതസഖികൾ. ഈ രണ്ടു ദാമ്പത്യത്തിലുമായി നാലു സന്താനങ്ങളുണ്ടായിട്ടുണ്ട്.

## വഴിത്തിരിവ്

പിതാവ് ഗിയാസുദ്ദീന്റെ വിയോഗാനന്തരം ലഭിച്ച അനന്തര സ്വത്തുക്കളിൽ പണം പാവപ്പെട്ടവർക്ക് സ്വദഖ നൽകി. ശേഷിച്ച മുന്തിരിത്തോട്ടവും ആസുകല്ലും തന്റെ ജീവിതമാർഗത്തിനാക്കി മാറ്റിവക്കുകയായിരുന്നു. ഒരിക്കൽ ഖാജയുടെ തോട്ടത്തിലേക്ക് പ്രശസ്ത യതിവര്യൻ ഹസ്റത്ത് ഇബ്റാഹീം ഖൻദൂനി വന്നു. ഖാജ മഹാനവർകളെ ആദരിച്ചു ബഹുമാനിച്ചിരുത്തി. ഭക്ഷിക്കാൻ തന്റെ തോട്ടത്തിലെ മുന്തിരി നൽകുകയും ചെയ്തു. ഖൻദൂനി തന്റെ സഞ്ചിയിൽനിന്ന് ഒരു റൊട്ടിക്കഷ്ണമെടുത്ത് വായയിൽ ചവച്ച ശേഷം ഖാജയുടെ വായയിലേക്കിട്ടു. അതു ഭക്ഷിച്ചതോടെ ഖോജക്ക് ആത്മപ്രസരണം ലഭിച്ചു തുടങ്ങി. ശേഷിച്ച അനന്തര സ്വത്തുക്കൾ അശരണർക്ക് ദാനം നൽകി. ഖൻദൂനിയുടെ ശിഷ്യത്വം സ്വീകരിച്ചു. അൽപകാലം മഹാനവർകളോടു കൂടെ സഹവസിച്ചു. ഖാജയുടെ നിർദേശാനുസരണം ഹാറൂനിലെ ഖാജ ഉസ്മാൻ ഹാറൂനി ചിശ്തിയുടെ ശിഷ്യത്വം സ്വീകരിച്ചു. ഇരുപത് വർഷത്തോളം നീണ്ടുനിന്ന ഈ ഗുരുശിഷ്യ ബന്ധത്തിൽ ഖാജ ധാരാളം വിഷയങ്ങളിൽ പ്രാവീണ്യം നേടി. സൈഖ് ഉസ്മാൻ ഹാറൂനിയുടെ തർബിയത്തിൽ ഖാദ ആത്മീയ ലോകം കീഴടക്കികൊണ്ടിരുന്നു. ഉസ്മാൻ ഹാറൂനിയാണ് ഖാജയെ ആത്മീയ ലോകത്തേക്കാനയിച്ചതും ചിശ്ത്തിയ ത്വരീഖത്തിന്റെ ശൈഖാക്കി മാറ്റിയതും. നീണ്ട സഹവാസത്തിനൊടുവിൽ ഖാജ ഉസ്താദ് ശൈഖ് ഹാറൂനിയോടു കൂടെ മക്ക, മദീന തുടങ്ങിയ പുണ്യസ്ഥലങ്ങൾ സന്ദർശിച്ചു. മദീനയിൽ വച്ച് വേർപിരിഞ്ഞ ഇരുവരും ഇസ്‌ലാമിക പ്രചരണത്തിനായി ഇരു ഭാഗത്തേക്കും യാത്ര തിരിച്ചു.

മദീനയിൽ നിന്ന് ഖാജ സഞ്ചറിലേക്കും തുടർന്ന് ബഗ്ദാദ്, ഖർഖാൻ, ഉസ്തുറാബാദ്, സബ്സവാർ തുടങ്ങിയ സ്ഥലങ്ങളും സന്ദർശിച്ചു. ഈ യാത്രയിൽ നജ്മുദ്ദീൻ കുബ്റ, അബൂ യൂസുഫുൽ ഹമദാനി, അബൂ സഈദ് തിബ്‌രീസി, അബൂ സഈദ് ഇസ്ഫഹാനി, അഹമ്മദ് ഖുസ്റ വൈഹി എന്നീ യതിവര്യരുമായി സംബന്ധിച്ചു. ഖർഖാനിലെ രണ്ടു വർഷത്തെ താമസത്തിനിടയിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തുടച്ചുനീക്കി. സബ്സവാറിലെ രാജാവ് അലി ശരീഅത്തുകാരനായ മുഹമ്മദ് യാദ്കാറിനെ അതിൽനിന്ന് മോചിപ്പിച്ച് അഹ്‌ലുസുന്നത്ത് വൽ ജമാഅത്തിന്റെ വക്താവാക്കി മാറ്റി. ബൽഖിയിലെ മുസ്‌ലിം വിരുദ്ധ തത്വജ്ഞാനി സിയാവുദ്ദീനെ തന്റെ അടുത്ത മുരീദാക്കി പരിവർത്തിപ്പിച്ചതും ഖാജ തന്റെ ഈ യാത്രകളിലാണ്.

## അജ്മീറിൽ

രണ്ടാം തവണ മദീനയിലെത്തിയ ഖാജ അവിടെ ഇബാദത്തുമായി കഴിയുന്നതിനിടെ പ്രവാചകർ(സ്വ)യെ കിനാവു കണ്ടു. കിനാവിൽ പ്രവാചകർ(സ്വ) ഖാജയോട് പറഞ്ഞു: "നിങ്ങൾ ഇന്ത്യയിലെ അജ്മീരിൽ

പോയി ദീൻ പ്രബോധനം ചെയ്യുക.” ചിശ്ത്തിയ ത്വരീഖത്തിന്റെ സ്ഥാപകൻ അബൂ ഇസ്ഹാഖുശ്ശാമിയിൽ നിന്ന് എട്ടാമത്തെ ശൈഖായ ഖാജ മുഈനുദ്ദീൻ ചിശ്ത്തി തന്റെ നാൽപത് മുരീദുമാരോടുകൂടെ മദീനയിൽനിന്ന് അജ്മീർ കേന്ദ്രമാക്കി യാത്ര തിരിച്ചു. പഞ്ചാബ് വഴി ഡൽഹിയിലെത്തിയ ഖാജ തന്റെ പ്രധാന മുരീദ് ഖാജ ഖുത്ബുദ്ദീൻ ഭക്തിയാർ കഅ്ക്കിയെ ഡൽഹിയിലെ തന്റെ പിൻഗാമിയാക്കി നിയമിച്ചു. ശേഷം കർണൂൽ സോണിപ്പത്ത് വഴി ക്രിസ്താബ്ദം 1192, ഹിജ്റ 588 മുഹർറം 10ന് അജ്മീറിലെത്തി. അന്ന് ഡൽഹി കേന്ദ്രമാക്കി ഭരിച്ചിരുന്ന പൃഥ്വിരാജ് ചൗഹാന്റെ അധീനതയിലായിരുന്നു അജ്മീർ.

രാജസ്ഥാനിലെ താരാഘഡ് പർവ്വത താഴ്വരയിലെ അജ്മീർ പട്ടണം ഡൽഹി ഭരണാധികാരി അജനാമിയാണ് നിർമിച്ചത്. ആറ് ഫെർലോംഗ് നീളവും മൂന്ന് ഫെർലോംഗ് വീതിയുമുള്ള ‘അനാസാഗർ’ തടാകം കൊണ്ട് പ്രകൃതിമനോഹരമായ അജ്മീർ പട്ടണം ഹിന്ദുക്കളുടെ പ്രമുഖ തീർത്ഥാടന കേന്ദ്രമായിരുന്നു.

അജ്മീറിലെത്തിയ അന്ന് ഖാജയും മുരീദുമാരും യാത്ര ക്ഷീണം കാരണം പൃഥ്വിരാജ് ചൗഹാന്റെ ആലക്കടുത്തുള്ള മരച്ചുവട്ടിലാണ് വിശ്രമിച്ചിരുന്നത്. രാത്രി തന്നെ ചൗഹാന്റെ കിങ്കരൻമാർ ഖാജയെയും സംഘത്തെയും അവിടുന്ന പുറത്താക്കി. ബുദ്ധിമുട്ടിയ ഖാജയും മുരീദുമാരും അനാസാഗറിന്റെ തീരത്ത് തമ്പടിക്കുകയും ദൈനംദിനാവശ്യങ്ങൾക്കും മറ്റും അനാസാഗറിൽനിന്ന് വെള്ളമുപയോഗിക്കാനും തുടങ്ങി. ഇത് അവിടുത്തെ ഹിന്ദു വിശ്വാസികളിലും പൂജാരിമാരിലും പ്രകോപനം സൃഷ്ടിച്ചു. ഖാജയെയും സംഘത്തെയും നേരിടാനവർ സമീൻദാർ ശാദീദേവനെയും മാന്ത്രികനായ അജപാലനെയും പറഞ്ഞയച്ചെങ്കിലും ഖാജക്ക് മുമ്പിലെത്തിയ അവർ നിസ്സഹായരായി. അവസാനം സഅദ്, അബ്ദുല്ല എന്നീ നാമങ്ങൾ സ്വീകരിച്ചു ഖാജയോടു കൂടെ കൂടി. ഇക്കാലഘട്ടത്തിൽ തടാക സംരക്ഷണം, ഖാജയെ ഉപരോധിക്കൽ, സർപ്പവിദ്യ, തീ വർഷം തുടങ്ങിയ ധാരാളം ബുദ്ധിമുട്ടുകൾ കൊണ്ട് പരീക്ഷിക്കപ്പെട്ടെങ്കിലും അല്ലാഹുവിന്റെ സഹായത്താൻ എല്ലാം സഹിക്കാനും വിജയിക്കാനും ഖാജക്ക് സാധിച്ചു. ഒരിക്കൽ ഡൽഹി ഭരണാധികാരി പൃഥ്വിരാജ് ചൗഹാനെ ഇസ്‌ലാമിലേക്ക് ഖാജ ക്ഷണിച്ചെങ്കിലും രാജാവ് നിരസിച്ചു. ഇതിനിടെ മുഹമ്മദ് ഗോറിയെ ഡൽഹിയിലേക്ക് ക്ഷണിച്ച ഖാജ, ഹിജ്റ 589-ൽ പൃഥ്വിരാജ് ചൗഹാനെ പരാജയപ്പെടുത്തുന്നതിൽ ഗോറിക്ക് ആത്മീയ പിൻബലം നൽകി. തന്റെ വ്യക്തിജീവിതം കൊണ്ടും ആത്മീയ തേജസ്സ് കൊണ്ടും ധാരാളം അന്യമതക്കാരെ ഇസ്‌ലാമിലേക്ക് ആകർഷിക്കാൻ ഖാജക്ക് സാധിച്ചിരുന്നു. ഹിജ്റ 627 റജബ് ആറിന് തന്റെ 97-ാം വയസ്സിൽ അജ്മീറിലെ തന്റെ വസതിയിൽ മുരീദുമ്മാരിൽ നിന്നും ഒഴിഞ്ഞുമാറി ശബ്ദത്തിൽ തഹ്‌ലീലും ദിക്റുകളും ചെല്ലിക്കൊണ്ടിരുന്നു. അന്നേ ദിവസം സുബ്ഹിയോടടുത്ത സമയത്താണ് മഹാനുവര്യൻ വഫാത്തായത്.

**അവലംബം**


*1) മുസ്‌ലിം ലോകം 1421 ഇയർബുക്ക് പേജ് 505, 506, 512, 513*

*2) സൂഫിസം ഗുരുപരമ്പരകൾ-ഹുസൈൻ രണ്ടത്താണി പേജ് 39-41*

*3) ഇന്ത്യൻ മുസ്‌ലിംകളുടെ ആത്മീയ ഗുരു, അജ്മീർ ഖാജ-അബു ഫരീദുദ്ദീൻ ഫൈസി*

*4) സൂഫികളുടെ പാത-സൈത് മുഹമ്മദ് നിസാമി, പേജ് 39-41*

*5) സൂഫിസത്തിന്റെ വേരുകൾ-കെഎ ഖാദിർ ഫൈസി, പേ. 67-75*



ദാമ്പത്യ ജീവിതം പരാജയമോ? പ്രയാസം വേണ്ട!



സ്നേഹം പിടിച്ചു വാങ്ങാനാവില്ല. ജീവിതപങ്കാളിയുടെ സ്നേഹം നേടിയെടുക്കാൻശരീരംകൊണ്ടും മനസ്സുകൊണ്ടും സ്നേഹിക്കുകയേ മാർഗ്ഗമുള്ളൂ. ശാരീരിക പ്രശ്നങ്ങൾ സ്നേഹത്തിനുതടസ്സമാവുന്നുവെങ്കിൽ ഉടൻ ചികിത്സ തേടൂ. അല്ലെങ്കിലതുനിങ്ങളുടെ ജീവിതം തന്നെ തകർത്തേക്കാം. പ്രശ്നം ദാമ്പത്യമെങ്കിൽ പരീക്ഷണത്തിനു സമയമില്ല.ദാമ്പത്യത്തെ ബാധിക്കുന്ന വിവിധ തരം രോഗങ്ങൾക്ക് പാർശ്വഫലങ്ങളില്ലാത്ത മരുന്നുകൾകൊണ്ട് നിരവധി പേർക്ക് ആശ്വാസമേകിയ പാരമ്പര്യ വൈദ്യൻ സി.പി.സുലൈമാൻ വൈദ്യരുടെ അജന്ത ആയുർവേദ ക്ലിനിക്കിൽ പ്രത്യേക ചികിത്സ ലഭിക്കുന്നു.

ശീഘ്രസ്ഖലനം, താത്പര്യക്കുറവ്, സ്വപ്നസ്ഖലനം, ശക്തിക്കുറവ്, തൃപ്തിയില്ലായ്മ, ബീജാണുക്കൾ കുറവ്, നാഡീതളർച്ച, കൈകാൽ വിറയൽ, ഭയം, ഉദ്ധാരണമില്ലായ്മ, വലിപ്പക്കുറവ് തുടങ്ങിയ എല്ലാ രഹസ്യരോഗങ്ങൾക്കും ചികിത്സ ലഭിക്കുന്നു.സ്ത്രീകളിലെ അസ്ഥിയുരുക്കം, മൂത്രാശയ

രോഗങ്ങൾ, ചൊറിച്ചിൽ, ആർത്തവക്രമക്കേടുകൾ തുടങ്ങിയ എത്രപഴക്കമുള്ള രോഗങ്ങൾക്കും പാർശ്വഫലങ്ങളില്ലാത്ത ചികിത്സ ലഭ്യമാണ്.അർശസ്, ഫൈൽസ്, പ്രമേഹത്താലുള്ള ലൈംഗിക പ്രശ്നങ്ങൾ എന്നിവയ്ക്കും സന്താനലബ്ദിക്കും ചികിത്സിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് നേരിൽ ബന്ധപ്പെടുക.

**ശരീരം തടിക്കുവാനും ആരോഗ്യത്തിനും പ്രത്യേക ചികിത്സ**

സി.പി.സുലൈമാൻ വൈദ്യർ
അജന്ത ആയുർവേദിക് ക്ലിനിക്ക്
E.M.S പാർക്കിന് മുൻവശം, ഏഴൂർ റോഡ്, തിരൂർ-676 101
എല്ലാ ദിവസവും 9 മുതൽ 7 വരെ, ഞായർ ഒഴിവ്
Ph :0494-2421563, 9947005000

മൃതസഞ്ജീവനിയുടെ അത്ഭുതപ്രവർത്തനമാണ് ഭക്തി സുറയ്യയിൽ സാധ്യമാക്കുന്നത്. ഒരുനാൾ ഭാണ്ഡവും പേറി ഭക്തിയുടെ വേരുകൾ തേടി നടന്നവർ പിന്നീട് ഭക്തിയുടെ ശക്തമായ വേരോട്ടത്തിനു വളക്കൂറുള്ള പ്രതലമാക്കി ഹൃദയത്തെ സമർപ്പണം ചെയ്യുകയാണ്

# ഒരു വിശ്വസാഹിത്യകാരിയുടെ ഇലാഹീബോധ്യങ്ങൾ/മൂന്ന്

• ഹനീഫ് റഹ്മാനി പനങ്ങാങ്ങര

"**അ**ല്ലാഹുവിനോട് ഭക്തിയുള്ളവന് അവൻ മോചനം നൽകുകയും വിചാരിക്കാത്ത മാർഗത്തിലൂടെ ഉപജീവനം നൽകുകയും ചെയ്യുന്നതാണ്. വല്ലവനും അല്ലാഹുവിന്റെ മേൽ ഭരമേൽപിക്കുന്നപക്ഷം അവന്നു അല്ലാഹു തന്നെ മതിയാകുന്നതാണ്" (വിശുദ്ധ ഖുർആൻ 65:2,3)

ദേഹകാമനകളുടെ സുനാമിത്തിരകളിൽ കൈമോശം വന്നിരുന്ന ആത്മാവിനെ ത്യാഗത്തിന്റെ വൻകരകളിലൂടെ നടത്തിയ അന്വേഷണ സപര്യയിൽ തേടിപ്പിടിച്ച് വിശുദ്ധിയുടെ സംസം തീർത്ഥം കൊണ്ട് സ്ഫുടം ചെയ്തെടുത്ത മാധവിക്കുട്ടി സുറയ്യാ നക്ഷത്രമായി ഉദയം കൊള്ളുമ്പോൾ ചൈതന്യത്തിലേക്കുള്ള പുനർജനിയായാണ് അവർക്ക് അനുഭവപ്പെടുന്നത്. കരഗതമായ ആത്മീയാനന്ദം കലവറകളില്ലാത്ത ഹൃദയതീരങ്ങളിലേക്ക് മോഹസാഫല്യത്തിന്റെ മധുരകഥനമായും നിർവൃതിയുടെ അനുരാഗകാവ്യമായും കരകവിയുകയാണ്.

*യാ അല്ലാഹ്!*
*ഏത് ഋതുവിലാണ്*
*ഞാൻ നിന്റെയുള്ളിൽ*
*പ്രവേശിച്ചത്?*
*മനുഷ്യകരങ്ങളിൽ മാത്രം*
*അഭയം തേടിയവൾ, സുറയ്യ*
*വഴി തെറ്റിയിട്ടാവാം*
*മലഞ്ചെരിവുകളിൽ*
*അലഞ്ഞവൾ*
*ഏത് മുഹൂർത്തത്തിലാണ്*
*നിന്റെ തുറന്നിട്ട കവാടം*
*ഞാൻ ദർശിച്ചത്?*
*ഇരുട്ടിന്റെ പർദകൾ നീക്കി*
*ഞാൻ ദീപ്തിയിലേക്കു നടന്നു*
*നോവുന്ന കാലടികളെ മറന്ന്*
*ഞാൻ ചവിട്ടുപടികൾ കയറി*
*നിലക്കണ്ണാടികളിൽ*
*നിലാവ് തളംകെട്ടി നിന്നു*
*എന്റെ മുഖവും*
*തീരെ അപരിചിതം*
*നിന്റെ അരമനയിൽ വച്ച്*
*എന്റെ മുഖം നഷ്ടപ്പെട്ടു*
*എന്റെ പേരും*
*ആത്മാവിന്നു പേരോ*
*മേൽവിലാസമോ*
*ആവശ്യം വരില്ല*
*(അരമനയിൽ-യാ അല്ലാഹ്)*

നിരവധി വർഷങ്ങൾ അവർ

സഹയാത്രികരായിരുന്നു-ശരീരവും ആത്മാവും. ആത്മാവിന്റെ വസ്ത്രം ശരീരമാണ്; ശരീരത്തിന്റെ വസ്ത്രം ആത്മാവും. ശരീരത്തിന്റെ തിരോധാനത്തിൽ ആത്മാവ് പെറ്റുവീണ കുഞ്ഞെന്ന പോലെ നഗ്നമാവും, തീർച്ച. ഇഹലോകവാസത്തിന്റെ വേദനകൾ അന്ധകാരത്തിന്റെ തുരുത്തുകളായി ഒരിക്കൽ കാണപ്പെട്ടു. ചൈതന്യത്തിന്റെ സൗരപഥങ്ങൾ തേടിയായിരുന്നു എന്റെ പ്രയാണം.(സമർപ്പണം-യാ അല്ലാഹ്)

ഭക്തിയെന്ന വികാരത്തെ അനുഭവിച്ചറിഞ്ഞ മനുഷ്യസ്ത്രീയാണു ഞാൻ. ഒരിക്കൽ ശരീരമാണ് ജീവിതത്തിന്റെ കാതൽ എന്നു വിശ്വസിച്ചിരുന്നവൾ. പരലോകത്തിന്റെ കരയ്ക്കെത്തുവാൻ ശരീരമെന്ന കടത്തുവഞ്ചി മാത്രമേ ഉപകരിക്കൂ എന്ന് വിശ്വസിച്ചിരുന്നവൾ. ഏകാകിനിയാവുമ്പോൾ ആത്മാവിനു മാത്രം അറിയുന്ന ഭാഷയിൽ താൻ സംവാദം നടത്തുന്നു. ആ ഭാഷ എന്റെ തമ്പുരാന്ന് മനസ്സിലാവുമെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ തമ്പുരാൻ എന്ന് അല്ലാഹുവിനെ ഞാൻ സംബോധന ചെയ്യുമ്പോൾ അവന്റെ വിലയിടിയുമെന്ന് ഞാൻ ഭയപ്പെടുന്നു. ജീവിതം മുൾവേലികളായിരുന്നു. അവ സാവധാനം പൊട്ടിച്ച് ഞാൻ വിഴുങ്ങി. ഇല്ലെങ്കിൽ ഈ ദൂരം ഞാൻ സഞ്ചരിക്കുമായിരുന്നില്ല. ശരീരമില്ലാത്തവനേ, മാവിൽ ഇത്തിക്കണ്ണി പോലെ നിന്നിൽ ഞാൻ ഉദ്ഭവിച്ച് വളരുന്നു. നിന്നെ അള്ളിപ്പിടിച്ച് ഞാൻ നിലനിൽക്കുന്നു. നിന്റെ നിത്യതയിൽ എന്റെ നശ്വരത ലയിപ്പിക്കുവാൻ ഞാൻ ആശിക്കുന്നു...(സസ്നേഹം)

*എന്റെ ആത്മാവിന് ഇരയില്ല*
*നരയില്ലാ ദുഃഖമില്ല*
*അസ്വസ്ഥതയില്ല*
*ഞാൻ സുരയ്യയാണ്*
*പുനർജനിയാണ്.*
*അല്ലാഹുവിന്റെ വാത്സല്യഭാജനമാണ്*


**ടെക്നിക്കൽ കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചു**

ELECTRO
ETC
COMPUTER EDUCATION
AN ISO 9001 : 2008 CERTIFIED INSTITUTION

MCP
MCSA
MCSE
DCA
PGDCA

**കോഴ്സുകൾ**
- സ്മാർട്ട് എഞ്ചിനീയറിംഗ് ടെക്നോളജി
- മൊബൈൽ ഫോൺ ടെക്നീഷ്യൻ
- കമ്പ്യൂട്ടർ ഹാർഡ്‌വെയർ & നെറ്റ്‌വർക്കിംഗ്
- കമ്പ്യൂട്ടർ നെറ്റ്‌വർക്ക് ടെക്നീഷ്യൻ
- ഇലക്ട്രോണിക് ടെക്നീഷ്യൻ
- ഡിപ്ലോമ ഇൻ മൾട്ടിമീഡിയ ആനിമേഷൻ
- ഡിജിറ്റൽ വീഡിയോ & ഫോട്ടോഗ്രാഫി
- സ്മാർട്ട് അക്കൗണ്ടന്റ്
- കമ്പ്യൂട്ടർ ടി.ടി.സി (CTTC)

*ഞങ്ങളുടെ പ്രത്യേകതകൾ*
- NCVT, JSS (Govt of India) സർട്ടിഫിക്കറ്റ്
- പ്രാക്ടിക്കലിന് മുൻതൂക്കം നൽകിയിട്ടുള്ള പാഠ്യപദ്ധതി
- Poly/ITI/+2/VHSE, കഴിഞ്ഞവർക്കും SSLC ഗ്രേഡ് കൂടിയവർക്കും കുറഞ്ഞവർക്കും പ്രത്യേകം ബാച്ചുകൾ
- പ്രൊഫഷണൽ ഡിഗ്രി വിദ്യാർത്ഥികൾക്ക് പാർട്ട് ടൈം/ഈവനിംഗ് ബാച്ചുകൾ
- പഠനശേഷം ഇലക്ട്രോയുടെ വിവിധ സർവ്വീസ് സെന്ററുകളിൽ പരിശീലനം

ETC
ഇലക്ട്രോ ടെക്നിക്കൽ സെന്റർ

പെൺകുട്ടികൾക്കും അപേക്ഷിക്കാം
പ്രൊസ്‌പെക്ടസിനും അപേക്ഷാഫോറത്തിനും ബന്ധപ്പെടുക.

ജൂബിലി ജംഗ്ഷൻ, പട്ടാമ്പി റോഡ്,
പെരിന്തൽമണ്ണ
ഫോൺ: 04933 224924, 221878.

AN ISO 9001 : 2008 CERTIFIED INSTITUTION


*മറ്റൊന്നും ഈ ജന്മത്തിൽ*
*എനിക്കാവശ്യമില്ല*

(സാംസ്കാരിക വികാരം)

ഭക്തി മൂർച്ചയുള്ള ആയുധമല്ല. അതിനു ശത്രുതാബോധമില്ല. അത് ദാഹം ശമിപ്പിക്കുന്ന പുണ്യതീർത്ഥം മാത്രം. ഭക്തിയെന്ന ശിരോവസ്ത്രം ഞാൻ ധരിക്കുന്നു. ഇതിന്റെ ഭാരത്താൽ എന്റെ ശിരസ്സ് താഴുന്നുവെന്ന് എനിക്കറിയാം. ഇനി ഈ ജീവിതം അവസാനിക്കുന്നതുവരെ എന്റെ ശിരസ്സു താഴ്ന്നു തന്നെ കാണപ്പെടട്ടെ. എന്നെ സ്നേഹിക്കുവാൻ ആരും മുന്നോട്ടുവരാതിരിക്കട്ടെ. എന്റെ മുഖം ചാരുതയുള്ള അന്യനയനങ്ങളിൽ പ്രതിഫലിക്കാതിരിക്കട്ടെ.

എന്റെ ബലഹീനതകൾ അഴിച്ചിട്ട വസ്ത്രങ്ങളാണ്. അവ എടുത്ത് അലക്കിത്തേക്കുവാൻ എനിക്ക് സമയമില്ല. ക്ഷമയുമില്ല. ഭക്തിയെന്ന ആവരണം മാത്രം എന്റെ ആത്മാവിന്റെ നഗ്നതയെ മറ്റു കണ്ണുകളിൽനിന്ന് മറച്ചു നിർത്തുന്നു. ഭക്തി തറക്കല്ലും മതിലും കവാടവും മേൽത്തട്ടുമാണ്. ഞാൻ മെല്ലെ മെല്ലെ വളരുകയാണ്. എന്നിൽ പരിവർത്തനങ്ങൾ വന്നുകൊണ്ടേയിരിക്കുന്നു.. ഇന്ന് കണ്ണാടിയിൽ നിറയുന്നത് പതിനാലാം രാവിന്റെ വെൺമയാണ്. രാവിന്ന് മുഖമില്ല. രാവിന്ന് കണ്ണുകളില്ല, വായില്ല, ശരീരമില്ല, രാവിന്ന് പലപ്പോഴും നിലാവുണ്ട്. ഉള്ളിലോ പുറത്തോ എന്ന് തീരുമാനിക്കാൻ കഴിയാത്ത വിധത്തിൽ നിലാവിന്റെ സ്നാനം ഞാൻ അനുഭവിച്ചറിയുന്നു. ഈ തണുത്ത സ്പർശം ഞാൻ തൊലിപ്പുറത്ത് മാത്രമാണോ അനുഭവിക്കുന്നത്? അല്ല, അത് എന്റെ സത്തയിൽ പ്രവേശിച്ചു കഴിഞ്ഞു. എല്ലാ പരിധികളും ഭേദിച്ച് ആ ചൈതന്യം എന്നിൽ വളരുന്നു; ഞാനായി മാറിക്കൊണ്ടിരിക്കുന്നു. നിലാവിന് ഭാഷയുണ്ടോ? അതിന്റെ മർമ്മരം ആർക്കെങ്കിലും കേൾക്കുവാൻ കഴിയുമോ? (ഈ ജീവിതം കൊണ്ട് ഇത്ര മാത്രം)

മൃതസഞ്ജീവനിയുടെ അത്ഭുതപ്രവർത്തനമാണ് ഭക്തി സുരയ്യയിൽ സാധ്യമാക്കുന്നത്. ഒരുനാൾ ഭാണ്ഡവും പേറി ഭക്തിയുടെ വേരുകൾ തേടി നടന്നവർ പിന്നീട് ഭക്തിയുടെ ശക്തമായ വേരോട്ടത്തിനു വളക്കൂറുള്ള പ്രതലമാക്കി ഹൃദയത്തെ സമർപ്പണം ചെയ്യുകയാണ്.

ഭക്തിയുടെ ബലത്തിലാണ് സൃഷ്ടിക്ക് സ്രഷ്ടാവിന്റെ സാമീപ്യം നേടാനാവുകയെന്ന് പഠിച്ചറിയുന്ന ഈ ഭാഗ്യവതി ആ മാർഗത്തിൽ ത്യാഗത്തിന്റെ അസാധാരണ പാടവമാണ് പ്രകടിപ്പിക്കുന്നത്. തന്റെ സമ്പാദ്യമായ സ്നേഹിക്കാനറിയുന്ന മനസ്സ് സൃഷ്ടികർത്താവിന്റെ അപാരമായ സ്നേഹത്തിനു പകരംവക്കുമ്പോൾ ഭക്തിസാന്ദ്രങ്ങളായ ഹൃദയമലർവാടികളെയാണ് സ്മരിപ്പിക്കുന്നത്.

'അവർ ശരീരത്തെ പാഴ്‌വസ്തുവായി കരുതി. അവർ ആത്മാവ് മാത്രമായി. നഗ്നമാക്കപ്പെട്ടതും അവരുടെ ആത്മാവായിരുന്നു. ഈ നൂറ്റാണ്ടിൽ അമൃതാപ്രീതം പറഞ്ഞു: "എന്റെ സർവസ്വമേ, എന്റെ ശയ്യയിലേക്ക് വരുന്നതിനു മുമ്പ് നിന്റെ വസ്ത്രങ്ങൾക്കൊപ്പം നിന്റെ ശരീരവും ആ കസേരയിൽ നിക്ഷേപിക്കുക."

റാബിയ പണ്ടു പാടിയതും പ്രേമഗാനങ്ങളല്ലേ? എത്രയനവധി പ്രേമികൾ നടന്ന പാതയാണിത്.. ചെങ്കുത്തായ മലകൾക്കിടയിൽ മഞ്ഞിൻശകലങ്ങൾ അലഞ്ഞു. ശിരോ

വസ്ത്രങ്ങൾ കാറ്റിൽ പരക്കാതിരിക്കുവാൻ അവർ ശ്രദ്ധിച്ചു. തങ്ങളുടെ പ്രണയങ്ങളെപ്പറ്റി പാടുമ്പോൾ മുളങ്കാടുകളിൽ പ്രവേശിക്കുന്ന തെന്നലിന്റെ സ്വരമായിരുന്നു അവർക്ക്. നനഞ്ഞ കണ്ണുള്ളവർ. ഉടമകളെ തേടുന്നവർ. അവരുടെ മേനികൾ കല്ലേറിൽ വ്രണപ്പെട്ടിരുന്നു..

ശരീരഭംഗി ആത്മാവിന് കെണിയൊരുക്കാറുണ്ട്. കെണികൾ തകർത്തല്ലേ നിനക്ക് മുന്നോട്ട് യാത്ര തുടരുവാൻ കഴിയുകയുള്ളൂ. അദൃശ്യമായ ലാവണ്യത്തിലേക്ക് പ്രയാണം നടത്തുക. മനുഷ്യജീവിതം പലായനം മാത്രമോ? ഒന്നിൽ നിന്ന് രണ്ടിലേക്ക് ഓടിരക്ഷപ്പെടുക; രണ്ടിൽ നിന്ന് മൂന്നിലേക്കും.

നിശ്ചലതയിലും ആത്മാവ് ചലിക്കാറുണ്ട്. ധ്യാനം ചലനരഹിതമല്ല, ആത്മാവിന്റെ ഇതളുകൾ അനവധിയാണ്. അവ ചലിക്കുന്നു-കാറ്റിൽ പെട്ട പുഷ്പം പോലെ. ഞാനെത്ര തവണ പ്രാർത്ഥിച്ചിരിക്കുന്നു. എന്റെ ആഹാരം എടുത്ത് മാറ്റിയാലും ഞാൻ തോൽക്കുകയില്ല. പക്ഷെ, ജഗദീശാ എന്റെ വിശപ്പ് എനിക്ക് നിഷേധിക്കരുത്. ഞാൻ വിശക്കുന്ന ആത്മാവാണ്. എന്റെ വിശപ്പ് ഒരു വളർത്തുമൃഗത്തെപ്പോലെ സന്ദർശകരുടെ കാലടികൾ മണത്തുകൊണ്ട് അലയുന്നു. (ഈ ജീവിതം കൊണ്ട് ഇത്രമാത്രം)

എനിക്ക് ജീർണത മടുത്തുകഴിഞ്ഞു. തേജസ്സിലേക്കുള്ള പ്രയാണം ആരും കാണുന്നില്ലേ. ഇനി എന്റെ വാസസ്ഥലം അവന്റെ ഉള്ളിലാണ്. അവന്റെ വാസസ്ഥലം എന്റെയുള്ളിലും. ഞാൻ അവനാകുന്ന ഖനിയിൽ വിളഞ്ഞ സ്വർണം ശേഖരിക്കുന്നു. എന്റെ ശരീരം ഇന്നു പാഴ്വസ്തുവാണ്. ഇനി സ്വർണം വിളയാത്ത ഖനി. അവന്റെ മുമ്പിൽ കൈകൂപ്പുന്നത് എന്റെ ആത്മാവ് മാത്രമാണ്. എന്റെ രക്തധമനികൾ വഹിക്കുന്ന നൗകകളിൽ കൊയ്തെടുത്ത കതിർക്കുലകൾ പോലെ ചൈതന്യം നിറയ്ക്കുന്നത് അവനാണ്. അവൻ എന്റെ മേൽ ഉടമസ്ഥാവകാശം സ്ഥാപിച്ചുകഴിഞ്ഞു. ഇതാണോ ഭക്തിയെന്ന പ്രക്രിയ? ഇതാണോ പരിപൂർണമായ കീഴടങ്ങൽ? (IBID)

ധന്യമായ ഇലാഹീ പ്രമത്തതയുടെ സുഖദായക ജീവിതാനുഭവങ്ങ

**മലക്കുകൾ ഇറങ്ങിവന്ന ആ രാത്രിയിൽ എന്റെ പടിവാതിൽക്കൽ ആരാണ് വെളുത്ത തോരണങ്ങൾ തൂക്കിയത്. മേഘപാളികളോട് സാദൃശ്യമുള്ള അലങ്കാരചിഹ്നങ്ങൾ? ഈ രാവിന്റെ ദീർഘനിശ്വാസം ഞാൻ കേൾക്കുന്നുവോ? (ജീവിതം തകർക്കുന്ന കത്തുകൾ; പിന്നെ ഫോണും) ശരറാന്തലുകൾ പോലെയുള്ള കർണാഭരണങ്ങൾ ധരിച്ച മലക്കുകൾ ഇറങ്ങിവന്ന രാത്രിയിൽ ഞാൻ നിദ്രാവിഹീനയായി കിടക്കുകയായിരുന്നു. ഉറക്കം തീണ്ടാത്തതിന്റെ രഹസ്യം പിറ്റേ ദിവസമാണ് കണ്ടുപിടിച്ചത്. മലക്കുകൾ നിലാവിൻ കഷ്ണങ്ങൾ പോലെ ദീപ്തങ്ങളാണ്. അവർ മരങ്ങൾക്കിടയിലൂടെയും തങ്ങളുടെ ലോലാക്കുകൾ കിലുക്കിക്കൊണ്ട് പറക്കാറുണ്ട്. അവ വെളുത്ത മന്ദാരപ്പൂക്കൾ പോലെ ആകാശത്തിന്റെ നീലിമയിൽ പ്രകാശിക്കും**

ളിൽ ദാഹാർത്ഥമായ മനസ്സ് വീണ്ടും വീണ്ടും അവനിൽ വിലയം പ്രാപിക്കുമ്പോൾ ദിഗന്തങ്ങളിൽ മാറ്റൊലി കൊള്ളട്ടെ പ്രിയതമനെ കുറിച്ചുള്ള വചസ്സുകൾ.

*എന്റെ വരന്*
*പൂമാലകൾ ആവശ്യമില്ല*
*അവന്നു കഴുത്തില്ലല്ലോ.*
*എന്റെ വരന്നു വേണ്ടി*
*താംബൂലമൊരുക്കേണ്ടതില്ല;*
*ചവയ്ക്കുവാൻ വായില്ല.*
*ശരീരമില്ലാത്ത നാഥനാണ്*
*എന്റെ പ്രിയതമൻ*
*ദേഹവും ദേഹിയും മായുമ്പോൾ*
*അവൻ യാഥാർത്ഥ്യമായി നിൽക്കും*
*വഴിപോക്കരേ! നിങ്ങൾ*
*എന്റെ ആനന്ദത്തിൽ പങ്കെടുക്കുമോ*

(എന്റെ പ്രിയതമൻ)

*യാ അല്ലാഹ്!*
*വാഗ്ദാന ലംഘനം ശീലിക്കാത്തവനേ!*
*പ്രണയത്തിന്റെ പരമോന്നത മുഖം*
*എനിക്ക് കാണിച്ച യജമാനാ!*
*നീയാകുന്ന സൂര്യന്റെ*
*കിരണങ്ങളേറ്റു വാങ്ങിയ*
*സൂര്യകാന്തിയായി മാറി ഞാൻ*
*നിദ്രയിലും ജാഗ്രതയിലും*
*നിന്നെ ഞാനറിഞ്ഞു*

(ഞാൻ സുരക്ഷിത)

*യാ അല്ലാഹ്!*
*നീ എന്നെ സ്വീകരിച്ചപ്പോൾ*
*എന്റെ കോലവും രൂപവും*
*സ്വഭാവവും മാറി,*
*എന്റെ നെറ്റിയിൽ*
*നമസ്കാരത്തഴമ്പ് മാത്രം*
*സിന്ദൂരപ്പൊട്ടില്ലാത്ത*
*ഫാലത്തിൽ*
*വെറും തഴമ്പ് മാത്രം*
*പയറ്റ് ശീലിച്ചവൾ*
*മുഖം കുനിച്ച് നടക്കുന്നു.*
*രോഷവചനങ്ങൾ*
*വായിന്നുള്ളിൽ മൃതരായ് മാറി*

(ദയാവധം)

ഭക്തി മനസ്സിന്റെ ഉള്ളറകൾ കടന്ന് നിറസാന്നിധ്യത്തിന്റെ സാകല്യസാക്ഷാൽക്കാരം രൂപപ്പെടുമ്പോൾ ഹർഷപുളകിതമാകുന്ന അന്തരംഗം നൈർമല്യ വചന ധാരകളുടെ വെള്ളിക്കീറുകളായാണ് പ്രവഹിക്കുന്നത്. ഇലാഹീചൈതന്യത്തിന്റെ അനുഭവപ്പെടലുകളാണ് വചനങ്ങളോരോന്നിലും തുടികൊട്ടുന്നത്. പരിഹാസത്തിന്റെ അസ്ത്രമെയ്ത്ത് നടത്തുന്ന പരിസരത്തിന്റെ പാമരത്തമോർത്ത് പരിതപിക്കുന്ന മനസ്സ് നവാഗത ജ്ഞാനം തന്റെ ക്ഷയോന്മുഖ ശരീരത്തിൽ പകരുന്ന ചടുലതയിൽ ആശ്ചര്യപ്പെടുന്നുണ്ട്. 'യാ അല്ലാഹ്' എന്നു തന്നെ നിരന്തരമായി പ്രിയതമനെ വിളിച്ച് അഭിസംബോധന ചെയ്യുന്നതിൽ കുളിരണിയുന്ന ഹൃത്തടം അതിന്റെ സ്വന്തം ഭാഷയിൽ തന്നെയാണ് സംഭാഷണം നടത്തുന്നതും.

*യാ അല്ലാഹ്!*
*കാലിടറുന്നതു കൊണ്ടാവാം*
*കാഴ്ച നഷ്ടപ്പെട്ടതു കൊണ്ടാവാം*
*നിന്റെയൊപ്പം ഞാൻ*
*സദാ സഞ്ചരിക്കുന്നു*
*എന്റെ പ്രതീക്ഷകൾ*
*നിന്നിൽ മാത്രം സമർപ്പിക്കുന്നു.*
*ചിലരൊക്കെ പറയുന്നു*

*സുറയ്യ ഭ്രാന്തിയാണെന്ന്*
*അന്ധക്ക് വിധിച്ച വെളുത്തവടി*
*മതിയായിരുന്നല്ലോ*
*ഇവൾക്ക് കൂട്ടിനു*
*മറ്റുള്ളവർ ചോദിക്കുന്നു.*
*മതം വെറുമൊരു ഊന്നുവടിയോ?*
*ക്ഷയിച്ചു ജ്ഞാനമാറാപ്പും*
*ക്ഷുദ്രമായ വിജ്ഞാനവും*
*പേറിയുള്ളൊരീ യാത്ര*
*എത്രയെത്ര അപഹാസ്യം*
*വീടും കുടുംബവും*
*മിത്രവും ബന്ധുവും*
*ത്യജിച്ചില്ലേ പാമരയാമീ പെണ്ണ്?*
*തമ്പുരാനേ*
*നീയാണെന്റെ കുടുംബം*
*നീയാണെന്റെ ബന്ധു*
*ഇന്നെന്റെ നാലുകെട്ടിൽ*
*ഒഴിഞ്ഞ നെല്ലറകളില്ല*
*വിളക്കു കത്താത്ത മച്ചുകളില്ല*
*നീ പ്രവേശിക്കാത്ത കവാടങ്ങളില്ല*
*നീ ശയിക്കാത്ത*
*സപ്രമഞ്ചങ്ങളില്ല*
*നീ വിഹരിക്കാത്ത ഉദ്യാനങ്ങളില്ല*
*നീ നീന്താത്ത ജലാശയങ്ങളില്ല*
*ഒടുവിലത്തെ തറവാട്*
*നിന്റേതാണ് തമ്പുരാനേ*
*നീർമാതളപ്പൂവിന്റെ*
*സുഗന്ധമെന്നപോലെ*
*എന്നെ നീ തഴുകുന്നു....*

(സഹയാത്രികൻ)

*'ഈ നവാഗതജ്ഞാനം*
*എന്റെ ശരീരത്തെ*
*വിറപ്പിക്കുന്നു.*
*ലജ്ജിതമായ ആത്മാവ്*
*സുജൂദ് ചെയ്യുന്നു*
*നിന്റെ പാദങ്ങളിൽ(സുജൂദ്)*

*യാ അല്ലാഹ്!*
*നീ എന്നിൽ കിടന്ന വിത്തായി*
*രുന്നു*
*ഇടവപ്പാതികളിൽ നീ ചീർത്തു*
*മേടത്തിൽ നീ വരണ്ടു*
*പക്ഷേ, നീ യുഗാന്തത്തിലും*
*അവശേഷിച്ച*
*നിനക്ക് അന്ത്യമില്ല.*
*യാത്രാമൊഴി നിനക്ക് വേണ്ട*
*എന്റെ ഹൃത്തടത്തിൽ*
*കലപ്പകൾ ചലിക്കുന്നു*
*വളമായി രക്തം മാത്രം*
*എങ്കിലും നീ വളർന്നു*
*നീ മരമായി*
*ചില്ലകളായി*
*പൂക്കുലകളായി*
*നിന്റെ മധുരക്കനികൾ*
*ഞാനറുത്ത്*
*ഭക്ഷിച്ചു* (വിത്ത്-യാ അല്ലാഹ്)

ആകാശഭൂമികളുടെ വെളിച്ചമാകുന്ന അല്ലാഹുവിനെ മാനസക്കൊട്ടാരത്തിൽ ഉപവിഷ്ടനാക്കാൻ പക്വത പ്രാപിക്കുന്ന വിശ്വാസി സ്വയം പ്രഭാപൂരിതമാകുമെന്നു സുറയ്യ അനുഭവപ്പെടുത്തിയിട്ടുണ്ട്.

ടൗൺ ഹാളിൽ പരിപാടിയിൽ പങ്കെടുക്കാൻ പോയപ്പോൾ നാട്ടിൻ പുറത്തുനിന്നെല്ലാം ധാരാളം മുസ്‌ലിം സ്ത്രീകൾ എന്നെ കാണാൻ വന്നിരുന്നു. ഇടയ്ക്ക് എപ്പോഴോ കറന്റ് പോയി. പിന്നീട് എന്നെ കാണാൻ ഖാൻ സാഹിബ് വന്നു. കറന്റ് പോയല്ലോ എന്ന് ആരോ പറഞ്ഞപ്പോൾ ആ സാധു സ്ത്രീകൾ പറഞ്ഞുവത്രെ: കറന്റു പോയാലെന്താ സുറയ്യാ ബീഗത്തിന്റെ മുഖം വിളക്കുപോലെ കത്തുന്നത് ഞങ്ങൾ കണ്ടുവെന്ന്. അവർ വെറുതെയങ്ങ് പറഞ്ഞതാവാം. പക്ഷേ, അവർ എന്റെ സ്നേഹത്തിന്റെ വെളിച്ചമാണ് കണ്ടതെന്നു ഞാൻ സങ്കൽപ്പിക്കുന്നു. അതെ എന്റെ മനസ്സിൽ പ്രകാശമുണ്ട്. പുറത്തുപറയുന്നില്ലായെന്നേയുള്ളൂ. ശരറാന്തലുകൾ കത്തുന്ന മനസ്സാണിത്. പലരുടെയും മനസ്സിൽ ഗൂഢതന്ത്രങ്ങളും നീചമായ നീക്കങ്ങളും മലിനമായ ആഗ്രഹങ്ങളുമുണ്ടാകുമ്പോൾ ഞാനെന്റെ മനസ്സിൽ ശരറാന്തലുകൾ കത്തിക്കുന്നു. (ഈ ജീവിതം കൊണ്ട് ഇത്രമാത്രം)

പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ട മാലാഖമാരുടെ അനുഗൃഹീത സാമീപ്യം തീർക്കുന്ന പ്രകാശധാവള്യവും അവർ ഒരുക്കുന്ന ശരറാന്തലുകളുടെ അലങ്കാരതോരണങ്ങളും ആകെ കൂടി ജ്യോതിർമയ പരിസരത്തിൽ പരിലസിക്കാനാകുന്ന അനുഭൂതി അവരുടെ വാക്കുകളിൽ പ്രകടമാകുന്നു.

*അല്ലാഹുവേ*
*എന്നെ നരകത്തിൽ നിന്ന് മോചിപ്പിക്കേണമേ*
*സർവലോകനാഥാ*
*സ്വർഗത്തിൽ എന്നെ നീ*
*പ്രവേശിപ്പിക്കുകയും ചെയ്യേണമേ..*

മലക്കുകൾ ഇറങ്ങിവന്ന ആ രാത്രിയിൽ എന്റെ പടിവാതിൽക്കൽ ആരാണ് വെളുത്ത തോരണങ്ങൾ തൂക്കിയത്. മേഘപാളികളോട് സാദൃശ്യമുള്ള അലങ്കാരചിഹ്നങ്ങൾ? ഈ രാവിന്റെ ദീർഘനിശ്വാസം ഞാൻ




**സയ്യിദ് കോയഞ്ഞിക്കോയ തങ്ങൾ**
**കോഡൂർ, ചൊളൂർ**
**ഫോൺ: 2752711, മൊ: 9947585085**

സ്ത്രീപുരുഷ ലൈംഗിക രോഗങ്ങൾ, സീഗ്ര സ്കലനം, സന്താനമില്ലായ്മ, മെലിച്ചിൽ, മൂത്രാശയ രോഗങ്ങൾ, ശാരീരികവും മാനസികവുമായ മറ്റു രോഗങ്ങൾ വിരിപ്പിൽ മൂത്രമൊഴിക്കൽ, അപസ്മാര രോഗങ്ങൾ മുതലായവ മഹാന്മാരുടെ ഇജാസിയ്യത്ത് പ്രകാരം പാരമ്പര്യമായി ചികിത്സിക്കുന്നു.

**നേരിൽ ബന്ധപ്പെടുക**

കൂടാതെ കാലികളുടെ രോഗങ്ങൾക്കും ചികിത്സ നിർദ്ദേശിക്കുന്നു. എല്ലാവിധ ആയുർവേദ യൂനാനി തറി മരുന്നകൾക്കും ബന്ധപ്പെടുക.

**തങ്ങൾസ് ഫാർമസി**
**ഫെയ്മസ് ബേക്കറിക്ക് സമീപം, കോട്ടപ്പടി, മലപ്പുറം**

കേൾക്കുന്നുവോ? (ജീവിതം തകർക്കുന്ന കത്തുകൾ; പിന്നെ ഫോണും) ശരറാന്തലുകൾ പോലെയുള്ള കർണാഭരണങ്ങൾ ധരിച്ച മലക്കുകൾ ഇറങ്ങിവന്ന രാത്രിയിൽ ഞാൻ നിദ്രാവിഹീനയായി കിടക്കുകയായിരുന്നു. ഉറക്കം തീണ്ടാത്തതിന്റെ രഹസ്യം പിറ്റെ ദിവസമാണ് കണ്ടുപിടിച്ചത്. മലക്കുകൾ നിലാവിൻ കഷ്ണങ്ങൾ പോലെ ദീപ്തങ്ങളാണ്. അവർ മരങ്ങൾക്കിടയിലൂടെയും തങ്ങളുടെ ലോലാക്കുകൾ കിലുക്കിക്കൊണ്ട് പറക്കാറുണ്ട്. അവ വെളുത്ത മന്ദാരപ്പൂക്കൾ പോലെ ആകാശത്തിന്റെ നീലിമയിൽ പ്രകാശിക്കും. (ഈ മകൾക്ക് മാപ്പുതരിക)

*വിശ്വാസത്തിന്റെ പല്ലക്കിൽ*
*നീ എന്നെ ഇരുത്തി*
*യാ അല്ലാഹ്*
*നീ എന്നെ വഹിക്കുന്നോ?*
*അതോ ഞാൻ നിന്നെയോ?*
*അമൃതിനും നന്ദി*
*നഞ്ഞിനും നന്ദി*
*നിലാവുള്ള രാവിൽ ഞാൻ*
*മലക്കുകളോടൊപ്പം പറക്കുന്നു.*
*എന്റെ പൊൻവളകൾ*
*കിലുങ്ങുന്നു.*
*കുഞ്ഞുങ്ങൾ മുലകുടി നിർത്തി*
*കാതോർക്കുന്നു സാകൂതം*
*എന്റെ കാലുകൾ ക്ഷീണിച്ചവയാണ്*
*അവയ്ക്ക് നൃത്തം വക്കാനിനി വയ്യ.*
*പക്ഷേ, അവയെ പങ്കായങ്ങളാക്കി*
*സമുദ്രങ്ങൾ താണ്ടി*
*ഞാൻ പിന്നിട്ട തീരങ്ങൾ*
*എനിക്കിന്ന് ഓർമ്മയിലില്ല.*
*പതഞ്ഞ് പൊന്തുന്ന തിരകളിൽ*
*വെളിച്ചത്തിന്റെയൊരശ്വമേധം*
*ആകാശത്തിൽ ആരോ എനിക്കായി*
*ശ്വേത തോരണങ്ങൾ തൂക്കി*
*മേഘ പർദ്ദകൾക്ക് പിന്നിലായ്*
*ഏത് വൻകവാടമാണ്*
*ഇടിവെട്ടുംപടി തുറന്നത്?*
*(അശ്വമേധം)*

പലഭൂയിഷ്ടിയുള്ള മണ്ണിൽ തഴച്ചു വളർന്ന വടവൃക്ഷം കണക്കെ ഭക്തി ഈ വിശ്വാസ്നിയിൽ പടർന്നുപിടിച്ചപ്പോൾ ആധ്യാത്മികതയുടെ നഭസ്തലിയിൽ എന്നെന്നും പ്രഭചൊരിയുന്ന ഭാഗ്യതാരമായി സുറയ്യാ നക്ഷത്രം പാകപ്പെടുകയായിരുന്നു.

**-അവസാനിച്ചു.**



# അന്ത്യനാളിലുള്ള വിശ്വാസം

ഇസ്‌ലാമിലെ വിശ്വാസശാസ്ത്രത്തിന്റെ നാൾവഴി/എട്ട്

**• എംഎ ജലീൽ സഖാഫി പുല്ലാര**

**ആ**റു വിശ്വാസകാര്യങ്ങൾ വിവരിച്ച പ്രസിദ്ധമായ ഹദീസിൽ അഞ്ചാമതായി എണ്ണിയത് അന്ത്യനാളിലുള്ള വിശ്വാസമാണ്. ഈ ലോകവും അതിലുള്ള സർവ്വ വസ്തുക്കളും നശിക്കുന്ന ഒരു ദിനമുണ്ടെന്നു വിശ്വസിക്കൽ ഓരോരുത്തർക്കും നിർബന്ധമാണ്. പ്രസ്തുത ദിനത്തിനാണ് 'യൗമുൽ ഖിയാമ' എന്നു പറയുന്നത്. ഒന്നാം ഊത്തു മുതൽ ഉള്ള അവസ്ഥക്കാണ് അന്ത്യനാൾ എന്നു പറയുന്നത്. അതിനുശേഷം പിന്നെ ദുൻയവിയായ ദിനങ്ങളില്ലല്ലോ.

മലക്ക് ഇസ്‌റാഫീൽ(അ) രണ്ടാം തവണ കാഹളത്തിൽ ഊതലോടുകൂടെ മരിച്ചവരെല്ലാം ജീവിക്കുന്നു. മനുഷ്യരും ജിന്നുമല്ലാത്തവരെല്ലാം അല്ലാഹു ഉദ്ദേശിച്ച ശിക്ഷ (ജീവികൾ തമ്മിലുള്ള പ്രതികാരമു

റ) കഴിഞ്ഞതിനുശേഷം മണ്ണായി മാറും. മനുഷ്യരും ജിന്നുകളും ദീർഘകാലം മഹ്ശറയിൽ നിൽക്കേണ്ടിവരും. അവരെ മലക്കുകൾ വലയം ചെയ്യും. മഹ്ശറയിലെ ഭീതിപ്പെടുത്തുന്ന അവസ്ഥകൾമൂലം അമ്പതിനായിരം വർഷത്തിന്റെ ദൈർഘ്യം കാഫിറുകൾക്കു അനുഭവപ്പെടും. ഒരു ഫർളു നിസ്കാരത്തിനേക്കാൾ കുറഞ്ഞ സമയമായിട്ടാണ് മഹ്ശറയിലെ സമയം മുഅ്മിനുകൾക്ക് അനുഭവപ്പെടുക.

മഹ്ശറ, സ്വിറാത്തുപാലം, വിചാരണ, സ്വർഗം, നരകം, മീസാൻ, ഹൗള്, ശഫാഅത്തു എന്നിവയെല്ലാം സത്യമാണെന്നു ഓരോർത്തരും വിശ്വസിക്കൽ നിർബന്ധമാണ്. രണ്ടാം ഊത്തോടുകൂടി ഖബ്റിൽ നിന്നു എഴുന്നേൽക്കുന്നത് പലവിധത്തിലാണ്. ചിലർ 'എന്റെ നഷ്ടമേ, ആരാണ് എന്നെ ഉറക്കിൽനിന്നുണർത്തിയത്?' എന്നു പറയും. മറ്റു ചിലർ 'എന്റെ നാശം, ഞാൻ അല്ലാഹുവിനു വീഴ്ച ചെയ്തവനാണല്ലോ' എന്നു പറയും. അത്തരക്കാരുടെ മുഖം കറുത്തിരിക്കും. ചിലർ തഹ്ലീൽ ചൊല്ലി അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടാണ് ഖബ്റിൽ നിന്നെഴുന്നേൽക്കുക. അത്തരക്കാരുടെ മുഖം വെട്ടിത്തിളങ്ങും. റഈസുൽ മുഫസ്സിരീൻ ഇബ്നു അബ്ബാസ്(റ) പ്രസ്താവിച്ചു: അഹ്ലുസ്സുന്നയുടെ മുഖം വെളുക്കുകയും അഹ്ലുൽ ബിദ്അത്തുകാരുടെ മുഖം കറുക്കുകയും ചെയ്യും.

കാലിൽ ചെരിപ്പില്ലാതെ, ചേലാകർമ്മം ചെയ്യപ്പെടതെ, വസ്ത്രം ധരിക്കാത്ത അവസ്ഥയിലായിരിക്കും മഹ്ശറയിൽ ഒരുമിച്ചുകൂടുക. എന്നാൽ ഇതു എല്ലാവരുടെയും അവസ്ഥയല്ല. ചിലർക്കു വസ്ത്രം ഉണ്ടാകും. അമ്പിയാക്കൾ അവരിൽ പ്രധാനികളാണ്. മഹ്ശറയിലെ ഭയപ്പെടുത്തുന്ന രംഗങ്ങളും സ്വയം ഭീതിയും മൂലം ഒരാളും മറ്റൊരാളുടെ നഗ്നതയിലേക്ക് നോക്കുകയില്ല; സ്വന്തം നഗ്നതയിലേക്കു പോലും.

മഹ്ശറയിൽ ചിലർ വാഹനപ്പുറത്തും ചിലർ സ്വന്തം കാലിലും നിൽക്കുന്നവരും ചിലർ മുഖം കുത്തി നിൽക്കുന്നവരുമായിരിക്കും. ഓരോർത്തരുടെയും പുണ്യകർമ്മത്തിന്റെ തോതനുസരിച്ച് സുഖവും തെറ്റിന്റെ കണക്കനുസരിച്ച് വിഷമവും ഉണ്ടാകും.

പലിശ തിന്നുന്നവരെ പന്നിയുടെ രൂപത്തിലും വ്യഭിചാരികളെ കുരങ്ങന്റെ രൂപത്തിലും വിധിയിൽ അക്രമം നടത്തുന്നവരെ കാഴ്ചയില്ലാത്ത അവസ്ഥയിലും മറ്റുള്ളവർ കാണാൻ വേണ്ടി ഇബാദത്ത് എടുക്കുന്നവരെ ചെവിപൊട്ടൻമാരാക്കിയും മഹ്ശറയിൽ ഒരുമിച്ചുകൂട്ടും. ഒരു വിഭാഗത്തിന്റെ നാവ് നെഞ്ചിലേക്ക് നീട്ടിയിട്ടുണ്ടാകും. അവരുടെ വായയിൽ നിന്നു ചലം സദാ ഒലിച്ചുകൊണ്ടിരിക്കുകയും ചെയ്യും. പ്രസംഗിക്കുകയും അത് ജീവിതത്തിൽ പകർത്താതിരിക്കുകയും ചെയ്യുന്ന പ്രഭാഷകൻമാരായിരിക്കും അവർ. അയൽവാസികളെ ബുദ്ധിമുട്ടാക്കുന്നവർ കൈകാൽ മുറിക്കപ്പെട്ടവരായ നിലയിലും ഒരുമിച്ചുകൂട്ടപ്പെടും.

ശക്തമായ ചൂടു കാരണം പലരും സ്വയം വിയർപ്പിൽ മുങ്ങും. ചിലർ ഞെരിയാണിവരെയും മറ്റു ചിലർ മുട്ടുവരെയും മറ്റു ചിലർ അര വരെയും വിയർപ്പിൽ അകപ്പെടും. അല്ലാഹു തെരഞ്ഞെടുത്ത ചിലർക്ക് അർശിന്റെ തണൽ ലഭിക്കും.

ഓരോ റസൂലിനും ഹൗള് ഉണ്ട്. അവർ ഉമ്മത്തികൾക്ക് വെള്ളം നൽകും. നബി(സ്വ)യുടെ ഹൗളാണ് ഏറ്റവും മഹത്വമായത്. മുഅ്മിനുകൾക്ക് മാത്രമേ ഹൗളിൽ നിന്നു വെള്ളം ലഭിക്കൂ.

മഹ്ശറയിൽ നിന്നു മടുത്ത ജനങ്ങൾ ആദം നബിയെ


നിങ്ങൾക്കൊരു ഗൃഹവൈദ്യൻ
സബ്സം
യൂനാനി പച്ച മരുന്ന്
തുള്ളി ഒന്ന് = ഫലം 10,
വില 15/-
- ജലദോഷം
- തലവേദന
- സന്ധിവേദന, പേശിവേദന
- ഗ്യാസ്ട്രബിൾ, വയറുവേദന
- ഭക്ഷ്യവിഷബാധ
- ഇഴജന്തുക്കളുടെ വിഷം
- പല്ലുവേദന
- മുറിവ്,
- ചതവ്,
- ഉളുക്ക്
- ചുണങ്ങ്




MFRS: HERMAS UNANI HERBAL PHARMACY
1st GMP Certified Unani Company in Kerala
Calicut - 673 602. Ph: 2296686
Marketed : Medical Agency, Calicut Unani
Kellai Road Calicut 2700640, 2304810
TRADE ENQUIRIES SOLICITED



ഐ.ടി.ഐ കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു. (2011 – 2012)

- ഡ്രാഫ്റ്റ്സ്മാൻ സിവിൽ with Auto CAD
  Qualification: SSLC
- മെക്കാനിക്ക് കമ്മ്യൂണിക്കേഷൻ & എക്യുപ്മെന്റ് മെയിന്റനൻസ് (MCEM)
  Syllabus: Computer Hardware & Networking, Mobilephone Technology. Applied Electronics,Satelite Communication - Dish & Cable Network
  Qualification: SSLC
- നെറ്റ് വർക്ക് ടെക്നീഷ്യൻ Syllabus: Computer Hardware & Networking)
  Qualification: +2 Pass A+ MCP & MCSA
- ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ
  (Health Education, Sanitary Engineering, Food & Nutrition, Communicable diseases)
  Qualification: +2 Science

NB: സീറ്റുകൾ പരിമിതം (പെൺകുട്ടികൾക്കും അപേക്ഷിക്കാം)

ELECTRO ITC
NCVT- Govt. of India
Near KC Movies, Pattambi Road, PERINTHALMANNA
Ph: 04933 225526, 324713. Mob: 9048776973, 9495530885

സമീപിപിച്ച് അല്ലാഹുവിനോട് വിചാരണ തുടങ്ങാൻ വേണ്ടി ആവശ്യപ്പെടണമെന്നു പറയും. ആദം(അ) കാരണം പറഞ്ഞു ഒഴിയും. തുടർന്ന് ജനങ്ങൾ, നൂഹ്, ഇബ്റാഹീം തുടങ്ങിയ ഓരോ മുർസലുകളെയും സമീപിച്ചു സഹായമഭ്യർത്ഥിക്കും. അവർ ഒഴിഞ്ഞുമാറുമ്പോൾ അവസാനം മുഹമ്മദ് നബി(സ്വ)യെ സമീപിപ്പിക്കും. അങ്ങനെ നബി(സ്വ) സുജൂദിൽ വീണ് ശഫാഅത്തു ചെയ്യുകയും അല്ലാഹു ശഫാഅത്തു സ്വീകരിക്കുകയും ചെയ്യും. ഈ ശഫാഅത്തിനാണ് 'ശഫാഅത്തുൽ കുബ്റാ' എന്നു പറയുന്നത്. ഈ ശഫാഅത്തിൽ സജ്ജനങ്ങളും അല്ലാത്തവരും പെടും. ഇതു നബി(സ്വ)ക്ക് മാത്രം അവകാശപ്പെട്ട ശഫാഅത്താണ്. തന്മൂലം അല്ലാഹു വിചാരണ ആരംഭിക്കുന്നതാണ്.

കുറഞ്ഞ സമയത്തിനുള്ളിൽ സർവ്വരെയും അല്ലാഹു വിചാരണ ചെയ്യും. ഓരോരുത്തരുടെയും നന്മ തിന്മകളെഴുതിയ ഗ്രന്ഥം അവർക്കു നൽകും. മുഅ്മിനുകൾക്ക് വലത് കൈയ്യിലും അല്ലാത്തവർക്ക് ഇടത് കൈയ്യിലും നൽകും. മനുഷ്യർ രഹസ്യവും പരസ്യവുമായി ചെയ്ത സർവ്വവും ഈ കിതാബിൽ രേഖപ്പെടുത്തിയിട്ടുണ്ടാകും.

കിതാബു വായിക്കാൻ ആവശ്യപ്പെട്ടാൽ അവന്റെ നാശവും ശിക്ഷയും ഉറപ്പാണ്. ചിലർക്കു വിചാരണ അല്ലാഹു എളുപ്പമാക്കും. അവരോടു അല്ലാഹു നന്മതിന്മകളെഴുതിയ കിതാബ് വായിപ്പിക്കില്ല. ഇതിനാണ് വിചാരണ എളുപ്പമാക്കുക എന്നു പറയുന്നത്. കിതാബും അതിലുള്ളതും അവർ കാണുന്നുണ്ടെങ്കിലും വായന ഒഴിവാകുന്നു. അത്രക്കാർ രക്ഷപ്പെടും. നന്മതിന്മകൾ തൂക്കപ്പെടുന്ന തുലാസാണ് മീസാൻ എന്ന പേരിൽ അറിയപ്പെടുന്നത്. നന്മ മുൻതൂക്കമുള്ളവൻ സ്വർഗത്തിലും അല്ലാത്തവർ നരകത്തിലുമാണ്.

വിചാരണയ്ക്കു ശേഷം സ്വിറാത്തുപാലം വിട്ടുകടന്നാൽ സ്വർഗത്തിൽ പ്രവേശിക്കാം. ചിലർ വളരെ പെട്ടെന്നും ചിലർ സാവകാശവുമാണ് പാലം കടക്കുക. കാഫിറുകൾ പാലം കടക്കുമ്പോൾ താഴെ നരകത്തിലേക്ക് വീഴും. ചില പാപികളായ മുഅ്മിനുകളും വീഴും. അവരെ അമ്പിയാക്കളുടെയോ ഔലിയാക്കളുടെയോ ശഫാഅത്ത് മൂലം സ്വർഗത്തിൽ പ്രവേശിപ്പിക്കും. ഒടുവിൽ മുഅ്മിനുകൾ എന്നെന്നും സ്വർഗത്തിലും കാഫിറുകൾ നരകത്തിലുമായിരിക്കും.

സ്വർഗം ഏഴെണ്ണമാണ്. ഫിർദൗസ്, മഅ്വാ, ഖുൽദ്, നഈം, അദ്ന്, സലാം, ജലാൽ എന്നിവയാണത്. ഈ ഏഴു നാമത്തിൽ സ്വർഗം അറിയപ്പെടുന്നു. സ്വർഗത്തിലെ അനുഗ്രഹങ്ങൾ എഴുതിയോ പറഞ്ഞോ തീർക്കാൻ സാധ്യമല്ല. സ്വർഗവാസികളുടെ ഏറ്റവും വലിയ അനുഭൂതി അല്ലാഹുവിനെ ദർശിക്കലാണ്.

മനുഷ്യരെ പോലെത്തന്നെ അല്ലാഹുവിന്റെ വിധിവിലക്കുകൾ ലംഘിച്ചതിന്റെ പേരിൽ ജിന്നുവർഗത്തിനും നരകശിക്ഷയുണ്ടെന്നു വിശുദ്ധ ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. അതേസമയം ജിന്നുവർഗത്തിലെ വിശ്വാസികളെയും സദ്കർമ്മികളെയും സ്വർഗത്തിൽ പ്രവേശിപ്പിക്കുമെന്ന് വിശുദ്ധ ഖുർആൻ സ്പഷ്ടമായി വ്യക്തമാക്കാത്തതുകൊണ്ട് ഇക്കാര്യത്തിൽ ഭിന്നാഭിപ്രായം ചിലരിൽ നിന്നുദ്ധരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ബഹുഭൂരിപക്ഷം ഇമാമുകളും മനുഷ്യരെ പോലെ ജിന്നുകൾക്കും സ്വർഗപ്രവേശവും സ്വർഗീയജീവിതവും നൽകപ്പെടുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. (തുഹ്ഫ 7/348, അൽബിദായത്തുവന്നിഹായ 1/73)

മനുഷ്യർക്കും ജിന്നുകൾക്കും പുറമെ പ്രസിദ്ധമായ പത്തു ജീവികളും സ്വർഗത്തിൽ പ്രവേശിക്കുന്നു. നബി(സ്വ)യുടെ ബുറാഖ്, ബൽഖീസ് രാജ്ഞിയുടെ മരക്കൊത്തി, സുലൈമാൻ നബിയുടെ ഉറുമ്പ്, ഇബ്റാഹീം നബി മലക്കുകളെ സൽക്കരിച്ച പശുക്കുട്ടി, ഇസ്മാഈൽ നബിയുടെ ആട്, ബനൂഇസ്റാഈലിലെ പശു, ഗുഹാനിവാസികളെ സ്നേഹിച്ച നായ, ഉസൈറി(റ)ന്റെ കഴുത, സ്വാലിഹ് നബിയുടെ ഒട്ടകം, യൂനുസ് നബിയുടെ മത്സ്യം എന്നിവയാണത്. (തഫ്സീറുസ്സ്വാവി 3/158)

സ്വർഗകൊട്ടാരത്തിനു എട്ടു വലിയ കവാടങ്ങളുണ്ട്. ബാബുശ്ശഹാദത്തെയ്നി, സ്വലാത്ത്, സിയാമ്, സകാത്ത്, ഹജ്ജ്, അംറും ബിൽമഅ്റൂഫ്, സ്വിലത്, ജിഹാദ് എന്നിവയാണത്.

നരകം ഏഴ് തട്ടുകളാണ്. ഏറ്റവും മുകളിലുള്ളത് 'ജഹന്നം' എന്ന പേരിൽ അറിയപ്പെടുന്നു. ദോഷികളായ മുഅ്മിനുകൾ ഇതിലാണ് പ്രവേശിക്കുക. അവരെ പിന്നീട് സ്വർഗത്തിൽ പ്രവേശിക്കലോടുകൂടെ ഈ തട്ട് പൊളിഞ്ഞു തരിപ്പണമാകും. ആറാം നില ജൂതന്മാരെ പ്രവേശിപ്പിക്കുന്നതാണ്. 'ലളാ' എന്നാണു പേര്. അഞ്ചാം നില 'ഹുത്വമ' നസ്വാറാക്കൾക്കുള്ളത്. പിന്നെ സഈർ യഹൂദികളിൽപ്പെട്ട സ്വാബിഈൻ എന്ന വിഭാഗത്തിനു. ശേഷം 'സഖർ' മജൂസികൾക്ക്. 'ജഹീം' ബിംബാരാധകൾക്ക്. ഏറ്റവും അടിയിലെ നില 'ഹാവിയ' മുനാഫിഖീങ്ങളുടെ പാർപ്പിടം. ഫിർഔൻ, ഖാറൂൻ, ഹാമാൻ എന്നിവരും ഈ അടിയിലെ തട്ടിലാണ് (നൂറുല്ലലാം, പേജ് 19)

-തുടരും


KGC എഞ്ചിനീയറിംഗ് അഡ്മിഷൻ
(NCVT (MES) Trade Testing Centre)
Two Years Courses
ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്
റെഫ്രിജറേഷൻ & A/c എഞ്ചിനീയറിംഗ്
ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്
(with Hardware & Mobile Phone)
One Year Courses
കമ്പ്യൂട്ടർ ഹാർഡ്‌വെയർ & നെറ്റ്‌വർക്കിംഗ്
ലാപ്ടോപ് ചിപ്പ്ലെവൽ സർവ്വീസിംഗ്
സിവിൽ with ഓട്ടോകാഡ്
A/c മെക്കാനിക്ക്
ഇലക്ട്രോണിക്സ് മെക്കാനിക്ക്
Short term Courses
മൊബൈൽ ഫോൺ ടെക്നോളജി
ബേസിക് ഇലക്ട്രിക്കൽ ട്രെയിനിംഗ്
MCP, MCSA, MCSE
Estd : 1990
CTI
Technical College
(Recognised Govt. of Kerala)
Calicut Road, Perinthalmanna
Help Line : 9388011342, 04933 220360

സ്മരണ

•കെപി ഹംസ മേലാറ്റൂർ

# കെഎം കുട്ടി ചോക്കാട്

**കെ**എം കുട്ടി എന്ന വലിയ മനുഷ്യന്റെ നിര്യാണത്തോടെ ചോക്കാടിനും മലയോര മേഖലക്കും നഷ്ടമായത് മത സാമൂഹിക രാഷ്ട്രീയ രംഗത്തെ ആചാര്യനെയാണ്. മതരംഗത്തും രാഷ്ട്രീയ രംഗത്തും ഒരേ സമയം ഏറ്റക്കുറച്ചിലില്ലാതെ പ്രവർത്തിച്ച അപൂർവ്വ വ്യക്തിത്വത്തിന് ഉടമയായിരുന്നു കെ.എം കുട്ടി.

മലയോര മേഖലയിൽ മദ്റസാ വിദ്യാഭ്യാസം ജനകീയവത്ക്കരിക്കുന്നതിലും മുസ്‌ലിം ലീഗിനെ കെട്ടിപ്പടുക്കുന്നതിലും നിസ്തുല സേവനം അനുഷ്ഠിച്ചിട്ടുണ്ട് അദ്ദേഹം. രാഷ്ട്രീയ സാമൂഹിക രംഗത്ത് പ്രവർത്തിക്കുന്നതോടൊപ്പം മദ്റസാധ്യാപന രംഗത്തും പ്രവർത്തിച്ചു വരികയായിരുന്നു. കാളികാവ് ഗ്രാമപഞ്ചായത്തിൽ 10 വർഷം പഞ്ചായത്ത് മെമ്പറായി സേവനം ചെയ്തു അദ്ദേഹം. ചോക്കാട് പഞ്ചായത്ത് സെക്രട്ടറി, എസ്‌വൈഎസ് ജില്ലാ കമ്മിറ്റിയംഗം, സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ ജില്ലാ കമ്മിറ്റിയംഗം, വണ്ടൂർ മണ്ഡലം മുസ്‌ലിംലീഗ് പ്രവർത്തക സമിതിയംഗം, നിലമ്പൂർ മണ്ഡലം എസ്‌വൈഎസ് സെക്രട്ടറി, ചോക്കാട് ഇസ്സത്തുൽ ഇസ്‌ലാം മദ്റസാ സ്വദർ മുഅല്ലിം, എസ്ടിയു പഞ്ചായത്ത് പ്രസിഡന്റ്, ദാറുന്നജാത്ത് ഇസ്‌ലാമിക് സെന്റർ പ്രവർത്തക സമിതിഅംഗം, ക്രസന്റ് സ്കൂൾ സ്ഥാപകൻ, ചോക്കാട് റെയ്ഞ്ച് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു.

1950 ഫെബ്രുവരി 15-ന് കുമ്മളി കുഞ്ഞലവിയുടെയും ഫാത്വിമയുടെയും മകനായി ജനിച്ച അദ്ദേഹം 2011 മെയ് 22 ഞായർ നമ്മോട് വിടപറഞ്ഞു. സേവനപാതയിൽ അദ്ദേഹം നാലു പതിറ്റാണ്ട് പൂർത്തിയാക്കി. പ്രാഥമിക വിദ്യാഭ്യാസം ചോക്കാട് ഇസ്സത്തുൽ ഇസ്‌ലാം മദ്റസയിലും ജിഎംയുപി സ്കൂളിലുമായിരുന്നു.

മദ്റസ അഞ്ചാം തരവും സ്കൂൾ ഏഴാം തരവും പഠിച്ചു. സാമ്പത്തിക പരാധീനത മൂലം പഠനം പൂർത്തിയാക്കാൻ സാധിച്ചില്ല. തുടർന്ന് ചോക്കാട്, മഞ്ചേരി, വാക്യാത്തൊടി തുടങ്ങിയ സ്ഥലങ്ങളിൽ കുഞ്ഞാൻ മുസ്‌ലിയാർ, തൊട്ടിയിൽ മൂസ മുസ്‌ലിയാർ, പള്ളിശ്ശേരി അലി ഹസൻ മുസ്‌ലിയാർ തുടങ്ങിയ പണ്ഡിതന്മാരുടെ കീഴിൽ ദർസ് പഠനം പൂർത്തിയാക്കി.



പഠനകാലത്ത് തന്നെ സമസ്തയിൽ ഉറച്ചുനിന്ന അദ്ദേഹം മത രാഷ്ട്രീയ രംഗത്തെ സജീവ പ്രവർത്തകൻ കൂടിയായിരുന്നു. അതുകൊണ്ടുതന്നെ ജനങ്ങൾ അദ്ദേഹത്തെ അംഗീകരിക്കുകയും നിരവധി പദവികൾക്ക് അദ്ദേഹം അർഹനായിത്തീരുകയും ചെയ്തു.

1969 മുതൽ മരണം വരെ ചോക്കാട് ഇസ്സത്തുൽ ഇസ്‌ലാം മദ്റസയിൽ പ്രധാനാധ്യാപകനായി സേവനം ചെയ്തു. അദ്ദേഹത്തിന് കൂടെ സഹാധ്യാപകനായും റെയ്ഞ്ച് ജോയന്റ് സെക്രട്ടറിയായും പ്രവർത്തിക്കാൻ ഭാഗ്യമുണ്ടായപ്പോൾ വലിയ മാതൃകയായും ഗുരുനാഥനുമായി എന്റെ മുന്നിൽ അദ്ദേഹമുണ്ടായിരുന്നു. എല്ലാ പ്രവർത്തനങ്ങൾക്കും വേണ്ട നിർദേശങ്ങൾ നൽകുകയും ഒരു രാഷ്ട്രീയ പ്രവർത്തകൻ എന്നതിനു പുറമേ സമസ്തയുടെയും എല്ലാ നിയമങ്ങളും നിർദ്ദേശങ്ങളും തന്റെ പ്രവർത്തനത്തിൽ അദ്ദേഹം പ്രാവർത്തികമാക്കുകയും ചെയ്തു. സമസ്തയുടെ പുരോഗതിക്കും ഉന്നമനത്തിനും വേണ്ടി ആഹോരാത്രം പരിശ്രമിക്കുകയും ഫയലുകളും രേഖകളുമെല്ലാം കൃത്യമായും ഭംഗിയായും കൈകാര്യം ചെയ്യുകയും ചെയ്തു. മത രാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കുമ്പോഴും 10 വർഷം പഞ്ചായത്ത് മെമ്പറായിട്ടു പോലും സ്വന്തമായി ഒരു വീട് നിർമിക്കാൻ സാധിച്ചില്ല. ആ ആഗ്രഹം പൂവണിയിച്ചത് എസ്‌വൈഎസ് മലപ്പുറം ജില്ലാ കമ്മിറ്റിയാണ്. ഒരു ലക്ഷം രൂപ അനുവദിച്ച് 2001-ൽ വീട് നിർമിച്ചു കൊടുത്തു.

സ്വന്തം വാർഡിലും പഞ്ചായത്തിലും ഒരുപാട് വികസനങ്ങൾ അദ്ദേഹം കൊണ്ടുവന്നു. അതു തന്നെയായിരിക്കും മരണാനന്തരം ആ പ്രദേശത്തെ അമ്പരപ്പിക്കും വിധം ജനങ്ങൾ മയ്യിത്ത് നിസ്ക്കാരത്തിലും തുടർന്ന് നടന്ന അനുസ്മരണ യോഗങ്ങളിലും പങ്കെടുത്തത്.

ജാതിമത ഭേദമന്യേ എല്ലാവരോടും ഒരുപോലെ പെരുമാറിയിരുന്നു. അദ്ദേഹത്തിന്റെ സൗമ്യമായ പെരുമാറ്റം സഹാധ്യാപകരെയും സഹ പ്രവർത്തകരെയും ആരെയും നോവിക്കുകയോ നിരാശപ്പെടുത്തുകയോ ചെയ്തിരുന്നില്ല. അനാരോഗ്യം വകവെക്കാതെ എല്ലാ കാര്യങ്ങളിലും അദ്ദേഹം മുൻപന്തിയിലുണ്ടായിരുന്നു.

അദ്ദേഹത്തിന്റെ പ്രസംഗത്തിൽ എല്ലാവരും ഓർക്കുന്ന ഒരു വാക്കുണ്ടായിരുന്നു. 'ഈ രാജ്യത്ത് ഈ രാജ്യത്ത്' എന്ന വാക്ക്. അതു ഇടക്കിടെ ഒരൊഴുക്കായി പ്രസംഗത്തിൽ കയറിവരും.

കെഎം കുട്ടിക്ക് മൈമൂന എന്ന ഭാര്യയും ഹബീബ്, സ്വലാഹുദ്ദീൻ, മുഈനുദ്ദീൻ, ശഹീദ, സലീമ, ഇഹ്സാൻ, നൂറുദ്ദീൻ, അമാനുല്ല, അസ്ഹറുദ്ദീൻ, മുർശിദ, ബുഹൈസ, മുഈനത്ത് എന്നീ 12 മക്കളുമുണ്ട്. പ്രവർത്തന മേഖലയിൽ നാലു പതിറ്റാണ്ട് പൂർത്തിയാക്കിയ അദ്ദേഹത്തിന് രണ്ടു മാസത്തെ ഗൾഫ് സന്ദർശനം കൊണ്ട് മാത്രമാണ് സമസ്തയുടെ അവാർഡ് നഷ്ടമായത്. എങ്കിലും അതൊന്നും ആഗ്രഹിക്കാതെ മരണം വരെയും ദീനീരംഗത്ത് തിളങ്ങിനിന്ന കെ.എം കുട്ടി സാഹിബിനു നാഥൻ മഗ്ഫിറത്തും മർഹമത്തും നൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

# വിദ്യാഭ്യാസ പ്രവർത്തകർ കർമ്മനിരതരാവണം ഹൈദരലി ശിഹാബ് തങ്ങൾ

**ചേളാരി:** തലമുറകളെ നേർവഴിയിലൂടെ നയിക്കാൻ പ്രാപ്തരായവരെ സൃഷ്ടിക്കുന്നതും മാനവ സമൂഹത്തിന്റെ സകല വ്യവഹാരങ്ങളും സത്യസന്ധമായി കൈകാര്യം ചെയ്യുന്നവരെ സൃഷ്ടിക്കുന്നതും അധ്യാപകരാണ്.

അധ്യാപകനായിട്ടാണ് ഞാൻ നിയമിതനായതെന്ന മുഹമ്മദ് നബി(സ)യുടെ പ്രഖ്യാപനം നവോത്ഥാന പ്രവർത്തനങ്ങൾക്ക് നായകരാവാൻ അധ്യാപകനോളം കഴിയുന്നവനില്ലെന്ന പ്രഖ്യാപനവും കൂടിയാണെന്ന് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ, പാണക്കാട് പ്രസ്താവിച്ചു. സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡ് ജനറൽബോഡി ചേളാരി സമസ്താലയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വിദ്യാഭ്യാസ ബോർഡ് പ്രസിഡന്റ് ടി.കെ.എം ബാവ മുസ്‌ലിയാർ അധ്യക്ഷതവഹിച്ചു. പ്രൊഫ. കെ. ആലിക്കുട്ടി മുസ്‌ലിയാർ സ്വാഗതം പറഞ്ഞു. ചെറുശ്ശേരി സൈനുദ്ദീൻ മുസ്‌ലിയാർ, പി.കെ.പി അബ്ദുസ്സലാം മുസ്‌ലിയാർ പ്രസംഗിച്ചു. മാനേജർ പിണങ്ങോട് അബൂബക്കർ വരവ്-ചെലവ് കണക്കും ബജറ്റും വായിച്ചു. കൊട്ടപ്പുറം അബ്ദുല്ല മാസ്റ്റർ അക്കാദമിക് ചർച്ച അവതരിപ്പിച്ചു.



*സുന്നി ബാലവേദി വിദ്യാഭ്യാസ ക്യാമ്പയിൻ സംസ്ഥാനതല ഉദ്ഘാടനം പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ നിർവഹിക്കുന്നു*



*എസ്.വൈ.എസ്. പാലക്കാട് ജില്ലാ പ്രസിഡന്റ് ഇമ്പിച്ചിക്കോയ തങ്ങൾ, ജനറൽ സെക്രട്ടറി ടികെ മുഹമ്മദ്കുട്ടി ഫൈസി, ട്രഷർ വീരാൻ ഹാജി*

# എസ്.വൈ.എസ് ആലപ്പുഴ ജില്ലാ ഭാരവാഹികൾ

**ആലപ്പുഴ:** ജില്ലാ എസ്.വൈ.എസ്. ഭാരവാഹികളെ തെരഞ്ഞെടുത്തു. കെ.എസ്. ശാഫി മുസ്‌ലിയാർ (പ്രസിഡണ്ട്), അബ്ദുൽ വാഹിദ് മാസ്റ്റർ കായംകുളം, നിസാമുദ്ദീൻ ഫൈസി ഹരിപ്പാട്, എ. സൈനുൽ ആബിദീൻ ആലപ്പുഴ, ബശീർ അഹമ്മദ് ഹാജി മണ്ണഞ്ചേരി, അഹമ്മദ്കുട്ടി അഡൂർ (വൈ.പ്രസിഡണ്ടുമാർ), നിസാർ പറമ്പൻ (ജന.സെക്രട്ടറി), ബി.എ.ഖാദിർ മുസ്‌ലിയാർ കായംകുളം, ശറഫുദ്ദീൻ ഹരിപ്പാട്, യു. അശ്റഫ് അമ്പലപ്പുഴ, ഇ.കെ. അബ്ദുറഹിമാൻ ഹാജി ആലപ്പുഴ, അബ്ദുൽ ജലീൽ അരൂർ, എ.നിശാദ് അമ്പലപ്പുഴ (സെക്രട്ടറിമാർ), എ.എ.വാഹിദ് കായംകുളം (ട്രഷറർ), ഒ. സൈദ് മുഹമ്മദ് മാസ്റ്റർ അമ്പലപ്പുഴ, ശാജഹാൻ മണ്ണഞ്ചേരി, എ. ഇർശാദ് കായംകുളം, അബ്ദുൽ ലത്തീഫ് ഹരിപ്പാട് (ഓർഗനൈസിങ് സെക്രട്ടറിമാർ).

കെ.എസ്. ശാഫി മുസ്‌ലിയാർ അധ്യക്ഷത വഹിച്ചു. അഹ്മദുൽ ഖാസിമി ഉദ്ഘാടനം ചെയ്തു. റിട്ടേണിങ് ഓഫീസർ ടി.കെ.മുഹമ്മദ് കുട്ടി ഫൈസി പട്ടാമ്പി തെരഞ്ഞെടുപ്പ് നിയന്ത്രിച്ചു.

ഒ. സൈദ്മുഹമ്മദ് മാസ്റ്റർ സ്വാഗതവും നിസാർ പറമ്പൻ നന്ദിയും പറഞ്ഞു.

# പ്രചരണ കാമ്പയിൻ ഉദ്ഘാടനം ചെയ്തു

**കുവൈത്ത് സിറ്റി:** കുവൈത്ത് ഇസ്‌ലാമിക് സെന്റർ സെൻട്രൽ കമ്മിറ്റിയുടെ ദ്വൈമാസ പ്രസിദ്ധീകരണ പ്രചരണ കാമ്പയിൻ എസ്‌വൈഎസ് കോഴിക്കോട് ജില്ലാ പ്രസിഡന്റ് അശ്റഫ് ബാഖവി, സയ്യിദ് ശാഹുൽ ഹമീദിൽ നിന്നും അപേക്ഷ വാങ്ങി ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് സിദ്ദീഖ് ഫൈസി അധ്യക്ഷതതവഹിച്ചു. ശംസുദ്ദീൻ ഫൈസി, അലിക്കുട്ടി ഹാജി, മുഹമ്മദലി പുതുപ്പറമ്പ്, മൻസൂർ ഫൈസി പ്രസംഗിച്ചു.

രണ്ടു മാസം നീണ്ടുനിൽക്കുന്ന പ്രചരണകാമ്പയിൻ കാലയളവിൽ സുന്നി അഫ്കാർ, സത്യധാര, സന്തുഷ്ട കുടുംബം, കുരുന്നുകൾ എന്നിവ നാട്ടിലും കുവൈത്തിലും പ്രത്യേക ഇളവുകളോടെ വരിക്കാരാവാനുള്ള അവസരമുണ്ടാകും.

ഫലപ്രദമായ ചികിത്സ



സ്ത്രീപുരുഷൻമാർ പുറത്തുപറയാൻ മടിക്കുന്ന രഹസ്യ രോഗങ്ങൾ, ലൈംഗിക ക്ഷീണം, ബലക്കുറവ്, വലിപ്പക്കുറവ്, ശീഘ്രസ്ഖലനം, സന്താനമില്ലായ്മ (വന്ധ്യത), സ്ത്രീകളുടെ വെള്ളപോക്ക്, മെലിച്ചിൽ, സ്തനരോഗങ്ങൾ, മൂത്രാശയ രോഗങ്ങൾ, മൂലക്കുരു, വെള്ളപ്പാണ്ട്, സോറിയാസിസ് എന്നിവയ്ക്ക് ഫലപ്രദമായ യൂനാനി ചികിത്സ. 35 വർഷത്തെചികിത്സാ പരിജ്ഞാനമുള്ള **ഹക്കീം കെ.ഇ. ഇബ്രാഹിമി**നെ നേരിൽ കാണുക. വിദേശത്തുള്ളവർ രോഗവിവരം കത്ത് മുഖേനഅറിയിക്കുക. പ്രവർത്തനം ബുധൻ, വ്യാഴം, വെള്ളി മാത്രം.

**അൽ - അമീൻ** കാട്ടുങ്ങൽ കോംപ്ലക്സ്, ജുമാമസ്ജിദിന് മുൻവശം, ഊട്ടി റോഡ്, പെരിന്തൽമണ്ണ. Ph: 04933 227984, 9847103628

ശനി മുതൽ ചൊവ്വ വരെ എറണാകുളം P.N.V.M ഹോസ്പിറ്റലിൽ രോഗികളെ പരിശോധിക്കുന്നു. Ph: 0484 2396393

വിചാരപഥം

• പിണങ്ങോട്

# കമ്മലും വാർത്ത

വാർത്തകൾക്ക് പഞ്ഞമില്ലാത്തത് മാധ്യമങ്ങൾക്ക് ഭാഗ്യമായി. ഒരു നിലക്ക് മാധ്യമങ്ങൾ വാർത്തകൾ സൃഷ്ടിക്കുകയാണല്ലോ. മാധ്യമ സിൻഡിക്കേറ്റിനെ കുറിച്ച് ഭയന്നു വിറച്ചു പ്രസ്താവനകളിറക്കിയത് ചില്ലറക്കാരനല്ല, സംസ്ഥാനത്തെ ഒന്നാം കക്ഷിയായ സി.പി.എമ്മിന്റെ ഒന്നാമനായ ജനറൽ സെക്രട്ടറി തന്നെയാണ്.

വാർത്തകളിലും ഉണ്ട് ചില മറിമായങ്ങളും നഗൂഢതകളും. കുപ്രസിദ്ധ സെർബ് ക്രിസ്ത്യൻ തീവ്രവാദി റത്കോ മ്ലോഡിക് എന്ന ബോസ്നിയൻ മുൻ ജനറൽ അറസ്റ്റ് ചെയ്യപ്പെട്ട വാർത്തക്ക് മലയാള മനോരമ നൽകിയത് രണ്ട് കോളം തലക്കെട്ട്. തലവാചകം ഇങ്ങനെ: യുദ്ധക്കുറ്റവാളി ജനറൽ അറസ്റ്റിൽ. 1992-95ന്നിടയിൽ കുട്ടികളും സ്ത്രീകളും ഉൾപ്പെടെ എണ്ണായിരത്തോളം മുസ്‌ലിംകളെ കൂട്ടക്കൊല നടത്തിയ ഈ ക്രൈസ്തവ വർഗീയഭ്രാന്തനെന്ന പിശാചിനെ പരമാവധി സംരക്ഷിക്കാൻ മാപ്പിള മനോരമക്ക് താൽപര്യമുള്ളതുപോലെ?! തൊട്ടടുത്ത ദിവസം മാമൻ മാപ്പിള മനോരമ 'ലഷ്കറെ ത്വയിബ ഏറ്റവും അപകടകാരി' എന്ന വാർത്ത കൊടുത്തത് മൂന്നുകോളം തലക്കെട്ടിൽ കനപ്പിച്ചായിരുന്നു. ഇത് ചെറു ഉദാഹരണം മാത്രം. സ്ഥിരമായി വാർത്തയിൽ വാലിട്ടെഴുതാനും വാചകങ്ങളിൽ വിഷം ചാലിപ്പിക്കാനും വേണ്ടതെല്ലാം ഒപ്പിച്ചെഴുതാനും പത്രമാധ്യമങ്ങൾ കാണിക്കുന്ന കൗശലം കൗതുകം മാത്രമല്ല, കല്ലുവച്ച കണക്കെടുപ്പിന്റെ കണക്ക് പുസ്തകത്തിന്റെ അടിസ്ഥാനത്തിലാണ്.

തമിഴകം, ഒരുപാടൊരുപാട് കഥകൾ പറഞ്ഞുതരുന്ന നാട്. കട്ടുബൊമ്മൻ വീര പാണ്ഡ്യൻ മുതൽ അണ്ണാദുരൈ വരെ തമിഴർക്ക് ദൈവതുല്യരാണ്. കാമരാജ് നടാറെന്ന നല്ല മനുഷ്യന് കിട്ടാതെ പോയ അംഗീകാരം സിനിമാ സ്റ്റണ്ടുവഴി എം.ജി രാമചന്ദ്രന് നേടാനായി.

സംശുദ്ധ രാഷ്ട്രീയത്തിന്റെ ഒന്നാംതരം പ്രതീകമായിരുന്നു കാമരാജ് നടാർ. താൻ മുഖ്യമന്ത്രിയായിരുന്നിട്ടും അമ്പത് മീറ്റർ വ്യവസ്ഥ ലംഘിച്ച് വാട്ടർ ടാപ്പ് വീട്ടിന്നടുത്തിടാതെ നിയമം പാലിച്ച് ടാപ്പ് സ്ഥാപിച്ച നീതിമാനായ ഭരണാധികാരി. വെള്ളമെടുക്കാൻ അമ്പത് മീറ്റർ തായ് (അമ്മ) നടക്കുന്നതാണ് അനീതിയെക്കാൾ നീതിയെന്ന് വിശ്വസിച്ച വിശുദ്ധ രാഷ്ട്രീയക്കാരൻ.

പക്ഷേ, തമിഴകം അതൊന്നും കാര്യമാക്കിയില്ല. ദ്രാവിഡ സംസ്കൃതിയിൽ നേരിന് വലിയ വിലയും നിലയും ഉണ്ടെങ്കിലും നേരുകേടാരാധിക്കാനാണ് അധിക തമിഴരും പിൽകാലങ്ങളിൽ മത്സരിച്ചത്. ജയലളിതയെന്ന സുന്ദരിയെ മരം ചുറ്റി പ്രേമിച്ച് എം.എൻ നമ്പ്യാരെന്ന വില്ലനെ അവിശ്വസനീയമായ വിധം ഇടിച്ചു നിരത്തി വെള്ളിത്തിരയിൽ നിറഞ്ഞാടിയ എം.ജി.ആർ വിശുദ്ധനായി. യഥാർത്ഥ വിശുദ്ധ ജീവിതം നയിച്ചവരെ മറന്നു വിശുദ്ധി അഭിനയിച്ചവരെ പുണർന്നു ദ്രാവിഡർ എന്ന് ചുരുക്കം.

അങ്ങനെയാണ് എം.ജി.ആർ മുഖ്യമന്ത്രിയാവുന്നത്. അദ്ദേഹത്തിന്റെ മരണാനന്തരം ഒന്നിച്ചഭിനയിച്ച ജയലളിതയും മുഖ്യമന്ത്രിയായി എന്ന വാർത്ത വാളയാർ ചുരത്തിനപ്പുറത്ത് നിന്ന് നാം കേൾക്കേണ്ടിവന്നു. അവർക്ക് വേണ്ടി തീ കൊളുത്തി മരിച്ചവർ, ചെറുവിരൽ ഛേദിച്ചവർ. ഇയ്യിടെ ഒരു മന്ത്രി ജയലളിതയെ ബഹുമാനിച്ചു ബഹുമാനിച്ചു ചെരിപ്പുപേക്ഷിച്ചുവത്രെ! ഇപ്പോൾ മന്ത്രി നഗ്നപാദയായാണ് നടപ്പ്.

പല പൊതുപരിപാടികളിലും ഒരു കസേരയേ സ്റ്റേജിൽ വെയ്ക്കൂ. അത് അമ്മക്കുള്ളതാണ്. മറ്റുള്ളവരൊക്കെ നിന്നു കൊള്ളണം. ചിലർ കാൽതൊട്ട് വന്ദിക്കണം. വേറെ ചിലർ മുട്ടോളം കുനിഞ്ഞു തൊഴുതു നിൽക്കണം. അങ്ങനെ നീളുന്ന വാർത്തകളിൽ സ്ഥാനം പിടിക്കുന്ന പെരുമകൾ.

1997-ൽ ചില കേസുകളിൽ പെട്ട് ജയലളിതയുടെ സ്വർണാഭരണങ്ങൾ പോലീസ് കൊണ്ടുപോയിരുന്നു. അതിനുശേഷം ജയലളിത സ്വർണാഭരണം അണിഞ്ഞിരുന്നില്ലത്രെ! പതിനാല് വർഷങ്ങൾക്ക് ശേഷം അവർ വീണ്ടും കമ്മലണിഞ്ഞ വാർത്ത ചൂടോടെ മാധ്യമങ്ങൾ ചിത്രസഹിതം പുറത്തുകൊണ്ടുവന്നു. താനിനിയും സ്വർണമണിഞ്ഞില്ലെങ്കിൽ അണ്ണാ ഡിഎംകെ പ്രവർത്തകർ ജീവാഹുതി ചെയ്യുമെന്നറിയിച്ചതിനാലാണ് സ്വർണമണിയുന്നതെന്ന് ജയലളിത ഒരു മടിയും വിമ്മിട്ടവും കൂടാതെ ശുദ്ധ തമിഴിൽ പത്രക്കാരോട് പറയുകയും ചെയ്തു.

തൊട്ടയൽപക്കത്തെ ഈ പൂജ ചെറിയ അളവിൽ കേരനാട്ടിലും വളരുന്നുണ്ട്. പി.ബിയിൽ കൊള്ളില്ലെന്ന് പി.ബിക്കാർ ഒന്നടങ്കം തലങ്ങും വിലങ്ങും ചർച്ചചെയ്തു. എ.കെ.ജി ഭവനിൽ നിന്നിറക്കിവിട്ട വി.എസ് അച്യുതാനന്ദനെങ്ങനെ മത്സരിച്ചു മുഖ്യന്ത്രിയായി, പ്രതിപക്ഷ നേതാവായി? ഉത്തരം വ്യക്തം: തമിഴരുടെ കൊച്ചനിയൻമാരായി മലയാളി മാറുകയാണ്. മലയാളികൾ തമിഴരെ 'അണ്ണാച്ചികൾ' (ജ്യേഷ്ഠൻമാർ) എന്നാണല്ലോ വിളിച്ചുവരുന്നത്. ഏതൊന്നിനും ചില അടിസ്ഥാനം ഉണ്ടാവണം. ഒന്നിനും സനദാവശ്യമില്ലെന്ന തിയറി കാന്തപുരത്തിന്റേതാണ്. ഒരാൾ കീഴ്പ്പെടുന്നത്, അനുസരിക്കുന്നത്, അംഗീകരിക്കുന്നത്, ആദരിക്കുന്നത് ഇതെല്ലാം ഓരോ മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാവണം. യാതൊരു സനദും ഇല്ലാതെ എന്തും വിശ്വസിക്കാമെന്നാവരുത്.

പൗരാണിക അറബികളിൽ ഇങ്ങനെയുള്ള പൂജകൾ ഉണ്ടായിരുന്നു. അവർ മനുഷ്യദൈവങ്ങളെ സൃഷ്ടിച്ചു. രാജാക്കളെ പൂജിച്ചു. അവർക്ക് സുജൂദ് ചെയ്തു. കാട്ടാറുകളും നദികളും എത്രയോ ഒഴുകി. സമൂഹം ഒരുപാട് അറിവുകൾ നേടി. നാഗരികതകൾ മാറി. പക്ഷേ മനുഷ്യമനസ്സ് അടിമത്വത്തിൽ നിന്ന് മോചിതമായില്ല.

എന്താണ് സ്വാതന്ത്ര്യം എന്നറിഞ്ഞില്ല. എന്താണ് വ്യക്തിത്വം എന്ന് മനസ്സിലാക്കിയില്ല. ഒരു രൂപക്ക് അരിയും ഒരു സ്വർണത്താലിയും ഗ്രൈനറും കിട്ടിയപ്പോൾ ജയലളിത സംപൂജ്യയായി. റമളാൻ മാസത്തിൽ ഒരു കൂട്ട് തുണിയും ഈത്തപ്പഴപ്പൊതിയും ചില്ലറ കാശും കൊടുത്തപ്പോൾ സുന്നത്ത് ജമാഅത്ത് അറബിക്കടലിലെറിഞ്ഞു കാരന്തൂരിൽ അഭയം തേടിയവരും തമിഴകത്തെ അണ്ണാച്ചികളുടെ നിലവാരത്തിലെത്തുന്നുണ്ട്. അല്ലാഹു ആദമിന്റെ സന്തതികളെ ബഹുമാനിച്ചിരിക്കുന്നു എന്നാണ് ഖുർആൻ ഭാഷ. ബുദ്ധി, വിവേകം, വ്യക്തിത്വം തുടങ്ങിയ മഹത്വവും അറിവ്, ചിന്ത തുടങ്ങിയ കാര്യങ്ങളും മനുഷ്യരുടെ സവിശേഷതയാണ്. ഇതൊന്നുമില്ലാത്തവർ പോഴന്മാരായി വാഴട്ടെ എന്നല്ലാതെ എന്തു പറയാൻ.